“ഗുരുനാഥൻ അനുബന്ധം”



സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. ടി.

ഇദ്ദേഹം സമർത്ഥനായ ഒരദ്ധ്യാപകനും, ഒരു നല്ല എഴുത്തുകാരനും ആണ്. കുറെകാലം ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന ഇദ്ദേഹം ഇപ്പോൾ അടുത്തൂൺപററി വിശ്രമിക്കുന്നു.

# ഗുരുനാഥൻ.

| പുസ്തകം 10 | 1106 തുലാം | ലക്കം 3 |
|---|---|---|

## പാശ്ചാത്യദേശത്തിലെ വിദ്യാഭ്യാസം.

ഒരു പരിഷ്കൃതസമുദായത്തിന്റെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ട വിവിധവിഷയങ്ങളിൽ പ്രധാനമായിട്ടുള്ളതു് വിദ്യാഭ്യാസമാണെന്നു് സർവ്വവിദിതമാണല്ലോ. സമുദായത്തിന്റെ അഭിവൃദ്ധിക്കും ശാശ്വതമായ നിലനില്പിന്നും ധർമ്മാനുഷ്ഠാനത്തിന്നും ഉപയുക്തമായ വിദ്യാഭ്യാസപദ്ധതി ഏതോ അതാണു് ഓരോ സമുദായവും അംഗീകരിക്കേണ്ടതു്. യൂറോപ്പിലെ പരിഷ്കൃതരാജ്യങ്ങൾ സന്ദർശിക്കുന്ന ഏതൊരാൾക്കും അവിടെ ആ രാജ്യങ്ങളുടെ പ്രത്യേകസ്വഭാവങ്ങളോടുകൂടിയ വിദ്യാഭ്യാസസമ്പ്രദായങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതായി കാണാവുന്നതാണു്. ഇംഗ്ലണ്ടു്, ഫ്രാൻസ്, ജർമ്മനി എന്നീ യൂറോപ്പിലെ പ്രധാനരാജ്യങ്ങൾ അവിടെ വിദ്യാഭ്യാസപദ്ധതികൾ രൂപവൽക്കരിച്ചിരിക്കുന്നതു് അതാതു രാജ്യത്തിന്റെ പ്രത്യേകതയെ സംരക്ഷിക്കുന്നതിന്നനുയോജ്യമായ വിധത്തിലാകുന്നു. ഒരു രാജ്യവും വേറൊന്നിന്റെ വിദ്യാഭ്യാസസമ്പ്രദായത്തെ പൂർണ്ണമായി അനുകരിക്കുന്നില്ല. ഓരോ രാജ്യത്തിന്റേയും വിദ്യാഭ്യാസസമ്പ്രദായങ്ങൾ പരസ്പരം വിഭിന്നങ്ങളാണെങ്കിലും പൊതുവെ സാദൃശ്യം വഹിക്കുന്ന ചില സംഗതികളും അവിടെ സ്പഷ്ടമായിക്കാണുന്നുണ്ടു്. ഭരണകൂടത്തിലും ജനങ്ങളിലും വലിയ ഉത്തരവാദിത്വബോധവും ധർമ്മതല്പരതയും ശുഷ്കാന്തിയും പ്രതിഫലിച്ചുകാണുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾകൊണ്ടുള്ള പ്രയോജനം ഓരോ രാജ്യത്തിലെയും എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിവരുന്നു. ബധിരൻ, കുരുടൻ, മൂകൻ മുതലായവർക്കുകൂടി വിദ്യാഭ്യാസം നൽകുന്നതിന് വേണ്ട വ്യവസ്ഥകൾ ചെയ്യുന്നു. വിദ്യാഭ്യാസം ചെയ്യുന്നതിന് സൌകര്യം ലഭിക്കാതിരുന്ന പ്രായമായ സ്ത്രീപുരുഷന്മാർക്ക് അതിനു വേണ്ട സൌകര്യമുണ്ടാക്കിക്കൊടുക്കുന്നു. ചുരുക്കിപ്പറയുക[illegible]ൽ ഓരോ രാജ്യവും അതിലെ എല്ലാ പ്രജകൾക്കും വിദ്യാഭ്യാസം [illegible]ർത്തെ ലാക്കാക്കി പ്രവർത്തിക്കുന്നു. യൂറോപ്പിലെ വി[illegible] വിജനപ്രദേശങ്ങളിലല്ല സ്ഥിതിചെയ്യുന്നതു്. ജന[illegible] നഗരങ്ങളിലാണു്. ജീവിതത്തെ അടിസ്ഥാനമാക്കിയാണു് വി[illegible]സപദ്ധതികൾ

MUL 069343

നിർമ്മിച്ചിട്ടുള്ളത്. ധനികരേയും നിർദ്ധനരേയും ബുദ്ധിശക്തിപരവും ഭൌതികവുമായ ധനസമ്പാദനത്തിലേക്കുള്ള മാർഗ്ഗത്തെ വിദ്യാഭ്യാസം ചൂണ്ടിക്കാണിക്കുന്നു. പ്രാഥമികം, മദ്ധ്യമം, ഉൽകൃഷ്ടം, സാങ്കേതികം, വ്യാവസായികം മുതലായ വിദ്യാഭ്യാസത്തിൻെറ വിവിധശാഖകൾ തമ്മിൽ പരസ്പരസംഘടനയുണ്ട്. ഒരു വിദേശഭാഷമൂലം അഭ്യസനം നൾകുന്ന ഒരു വിദ്യാഭ്യാസപദ്ധതിയും യൂറോപ്പിലില്ല. എന്നാൽ വിദേശഭാഷകൾ പഠിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിക്കുന്നുമുണ്ട്. അദ്ധ്യാപകന്മാരും പരിശോധനാധികാരികളും നിഷ്കളങ്കമായി പ്രവർത്തിക്കുന്നവരും ചിന്താശീലന്മാരും ആണ്. വിദ്യാഭ്യാസത്തിനായി എത്രയും വലുതായ ഒരു തുകയാണ് ചിലവാക്കുന്നത്. ഒരു വ്യക്തിയെ സാമാന്യമായ രീതിയിൽ കാലയാപനം ചെയ്യുന്നതിനു മാത്രമല്ല, ജീവിതത്തിലെ വലിയ ആനന്ദം അനുഭവിക്കുന്നതിനുകൂടി വിദ്യാഭ്യാസം സഹായിക്കുന്നുണ്ട്. പഴയ അദ്ധ്യയനരീതികളെ ഉപേക്ഷിച്ചു നല്ലതെന്നും എളുപ്പമെന്നും തോന്നുന്ന പുതിയ പുതിയ രീതികളെ അവർ സ്വീകരിക്കുന്നു. ഇവയാണ് യൂറോപ്പിലെ വിവിധരാജ്യങ്ങളിലെ വിഭിന്നവിദ്യാഭ്യാസപദ്ധതികളിൽ കാണുന്ന ചില തത്വങ്ങൾ. ഏതു രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ സാമാന്യവിദ്യാഭ്യാസം പ്രചരിച്ചിട്ടുണ്ടോ ആ രാജ്യം സൌഭാഗ്യവതിയാണെന്നുള്ളതിനു സംശയമില്ല. പല വിപത്തുകളിൽനിന്നും ഉള്ള ഏകരക്ഷാമാർഗ്ഗം അതുതന്നെയാണ്.

പാശ്ചാത്യദേശങ്ങളിലെ വിദ്യാഭ്യാസത്തിൽ കാണുന്ന ഈ ഗുണങ്ങളെ ഇൻഡ്യയിലെ വിദ്യാഭ്യാസവുമായി ഒന്നു താരതമ്യപ്പെടുത്തി നോക്കാം. വിദ്യാഭ്യാസം ഈ രാജ്യത്തിലെ ഭരണകൂടത്തിൻെറ ഏററവും പ്രധാനമായ വിഷയമല്ല. ഈ വിഷയത്തെപ്പററി അധികംപേരും ശരിയായൊ, ഗാഢമായൊ, ദൃഢമായൊ ചിന്തിക്കുന്നില്ല. ചിലക്കു അതു വിനോദം, വേറെ ചിലക്കു നേരംപോക്ക്, മററു ചിലക്കു വാദവിഷയം. അതിനെ ഒരു ജീവിതവിഷയമായി വിചിന്തനംചെയ്യുന്നവർ അധികംപേരില്ല. കാർഷികവിദ്യാഭ്യാസം സാങ്കേതികവിദ്യാഭ്യാസം, വ്യവസായവിദ്യാഭ്യാസം, പ്രായമായവരുടെ വിദ്യാഭ്യാസം മുതലായ ശബ്ദങ്ങൾ പ്രസംഗങ്ങളിലും ലേഖനങ്ങളിലും ഉള്ളതല്ലാതെ പ്രവൃത്തിപരിധിയിൽ എത്തിയിട്ടില്ല. ഇൻഡ്യയിൽ ജീവിതവും വിദ്യാഭ്യാസവുമായി സംബന്ധമില്ല. രണ്ടും പരസ്പരവിരുദ്ധങ്ങളായിക്കാണുന്നു. അതുപോലെതന്നെ വിദ്യാഭ്യാസത്തിൻെറ വിവിധശാഖകൾതമ്മിലും പരസ്പരബന്ധമില്ല. എല്ലാ ദേശക്കാരും കാലാനുസരണമായി അഭിവൃദ്ധിപ്രാപിച്ചുവരുന്നു. എന്നാൽ ഇൻഡ്യയിൽ സമയംമാത്രം മുന്നോട്ടു പോകുന്നു. ഇൻഡ്യയിലേപ്പോലെ ജീവശ്ശക്തിയെ വൃഥാ വ്യയം ചെയ്യുന്ന ഒരു വിദ്യാഭ്യാസരീതി വേറെ എങ്ങും കാണുകയില്ല. ഈ വിദ്യാ

ഭ്യാസംകൊണ്ടു പ്രത്യക്ഷമായിക്കാണുന്ന ഏകഫലം അതു സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിലുള്ള വലിയ തൊഴിലില്ലായ്മയാണ്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്ക് ശരിയായി ചിന്തിക്കുവാനുള്ള ശക്തിയില്ല, ആരോഗ്യമില്ല. വിദ്യാശാലകളിൽനിന്നും ലഭിക്കുന്ന അറിവ് അവയെ ഉപേക്ഷിക്കുന്നതോടുകൂടി വിസ്മൃതമായിത്തീരുന്നു. വിദ്യാഭ്യാസവിഷയത്തിൽ ഭരണാധികാരികൾ ചിലവാക്കുന്ന പണം എത്രയും നിസ്സാരമായ ഒന്നാകുന്നു.

മഹാകവി രവീന്ദ്രനാഥടാഗോർ പറയുന്നതു നോക്കുക. "മനുഷ്യലോകത്തിന്റെ സകലവിധസങ്കടങ്ങൾക്കുമുള്ള പരിഹാരം—വിഷമസ്ഥിതികളെ പാടെ അകററുവാനുള്ള മാർഗ്ഗം-വിദ്യാഭ്യാസംകൊണ്ടു കണ്ടെത്താമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു കവിയെന്ന നിലയിൽ ഞാനെന്റെ തൊഴിൽ ചെയ്തുപോരുന്നതിനു പുറമെ, എന്നാലാവുംവിധം എന്റെ നാട്ടുകാർക്ക് വിദ്യാദാനം ചെയ്യുവാനുള്ള ബാദ്ധ്യതയും ഞാൻ കയ്യേററിട്ടുണ്ട്. എന്റെ രാജ്യം അനുഭവിക്കുന്ന കഷ്ടതകൾ ഒന്നൊഴിയാതെ മുഴുവനും ജനങ്ങളുടെ പരിപൂർണ്ണമായ വിദ്യാവിഹീനത നിമിത്തമാണുണ്ടായതെന്ന് എനിക്കറിയാം. ദാരിദ്ര്യം, മഹാരോഗങ്ങൾ, സാമുദായികകലഹങ്ങൾ, തൊഴിൽകാര്യങ്ങളിലുള്ള വിമുഖത, ഇവയൊക്കെയാണ് ഞങ്ങളുടെ ജീവിതമാർഗ്ഗം ഇടുങ്ങിയതും ആപൽക്കരവുമാക്കിത്തീർക്കുന്നത്. പക്ഷെ ഇതെല്ലാം വിദ്യാഭ്യാസത്തിന്റെ അഭാവനിമിത്തമുണ്ടായിട്ടുള്ള ശൃംഖലങ്ങളാണ്." ഇതിൽനിന്നും ഇൻഡ്യയിൽ ഇന്നു ലഭിക്കുന്ന വിദ്യാഭ്യാസം എത്ര അനാശാസ്യമായ ഒന്നാണെന്നു വ്യക്തമാകുന്നുണ്ടല്ലോ. എങ്കിലും ഇന്ന് വിദ്യാഭ്യാസവിഷയത്തിൽ ഒരു വലിയ പരിവർത്തനം കണ്ടുതുടങ്ങിയിരിക്കുന്നു. മാതൃഭാഷ മുഖാന്തിരം വിദ്യ അഭ്യസിക്കണമെന്നുള്ള മുറവിളിക്കു നാൾക്കുനാൾ ശക്തി കൂടിവരുന്നു. എന്നാൽ അദ്ധ്യാപകന്മാർ വിദേശഭാഷാമങ്കയെ കൈവിടുന്നതിൽ വൈമനസ്യമാണ് ഇപ്പോഴും കാണിക്കുന്നത്.

# വിഹായസ്സവിഹാരം

(എം. രാജരാജവർമ്മതമ്പുരാൻ എം. ഏ., ബി. എൽ)

(നാലാം അദ്ധ്യായം)

വായുവിനു ചൂടും തണുപ്പുമുണ്ടെന്ന് അറിയാത്തവരില്ല. സ്നേഹിതന്മാരെയൊ അയൽക്കാരെയൊ കണ്ടുമുട്ടുമ്പോൾ കുശലം പറയുന്നതുതന്നെ വായുവിന്റെ ശീതോഷ്ണസ്ഥിതിയെപ്പററിയല്ലേ.? ഇന്നെത്ര ഉഷ്ണമായിരി

ക്കുന്നു; അല്ലെങ്കിൽ കുളിരായിരിക്കുന്നു' എന്നാണു സംഭാഷണത്തിൻെറ മുഖവുര. ഈ ചൂടും തണുപ്പുമുണ്ടാകുന്നതിനുള്ള കാരണങ്ങളെയാണ് ഈ അദ്ധ്യായത്തിൽ നാം മനസ്സിലാക്കാൻ തുനിയുന്നത്. അതത്ര എളുപ്പമായുള്ള സംഗതിയല്ലെന്നു ക്ഷണം ബോധപ്പെടും.

ഒന്നാമത്, ചൂടെന്നുവച്ചാൽ എന്താണ്? അതു ഒരു ചലനവിശേഷമാണ്. ഒരു പദാർത്ഥത്തിൻെറ കണങ്ങൾ (Molecules) ചലിക്കുമ്പോൾ ആ ശക്തി അടുത്തുള്ള കണങ്ങളിൽ സംക്രമിപ്പിച്ച് അവയേയും ചലിപ്പിക്കുന്നു. അടുപ്പിൽ വെള്ളം ചൂടുപിടിക്കുമ്പോൾ അതു പ്രത്യക്ഷമായി കാണാം. അടിയിൽ തട്ടുന്ന ചൂട് എല്ലായിടത്തും പരക്കുന്നുണ്ടല്ലൊ. ഇതിനാണു വിസർജനം (Radiation) എന്നു പറയാറുള്ളത്. ഒരു പദാർത്ഥത്തിൻെറ ശീതോഷ്ണസ്ഥിതി (Temperatare) ചുററുമുള്ള പദാർത്ഥങ്ങളുടെ ചലനജന്യമായ ഊഷ്മാവിനെ സ്വീകരിക്കുന്നതിനും വിസർജിക്കുന്നതിനും (അതായതു മററുപദാർത്ഥങ്ങളിൽ സംക്രമിപ്പിക്കുന്നതിനും)ഉള്ള പ്രവണതയ്ക്ക് അനുസരണമായിരിക്കും. ചൂടു സംക്രമിക്കുന്നത് വീചിന്യായമനുസരിച്ചാകുന്നു; എന്നു വച്ചാൽ, അമ്പെയ്യുംപോലെ നേരേയല്ല, അലകൾ പോലെ പൊങ്ങിയും താണുമായി പാഞ്ഞാകുന്നു (Wave theory)

സൂര്യനാണ് നമുക്കു ചൂടുനല്കുന്നതെന്നാക്കുമറിയാം. സൂര്യരശ്മികൾ ഭൂമിയിൽ തട്ടിയില്ലെങ്കിൽ പിന്നത്തെ കഥ പറയാനില്ല. അതിരിക്കട്ടെ. സൂര്യരശ്മികൾ ഭൂമിയിൽ വന്നു ചേരുന്ന കഥയൊന്നു മനസ്സിലാക്കാനുണ്ട്. കമ്പിയില്ലാത്തപാലിനെപ്പററി (Wireless) കേട്ടിട്ടില്ലാത്തവർ ഇന്നു ചുരുങ്ങും. ശീമയിൽ പറയുന്ന വർത്തമാനങ്ങളും പാടുന്ന പാട്ടുകളും നമ്മുടെ മുറിയിലിരുന്നു കേൾക്കാനുള്ള 'വൈർലസ്' സൂത്രം പട്ടണങ്ങളിൽ ധാരാളമായിട്ടുണ്ട്. ഈ നാദം അന്തരിക്ഷത്തിൽകൂടി പ്രസരിക്കുന്നതു രണ്ടുവിധമാണ്; ദീർഘവീചികളായും (Long waves) ഹ്രസ്വവീചികളായും (Short-waves.) അപ്രകാരംതന്നെയാണു ഉഷ്ണവീചികളുടെ വിസർജനവും. ദീർഘവീചികൾക്ക് ഊഷ്മാവു കുറവും, ഹ്രസ്വവീചികൾക്കു കൂടുതലുമാണ്. കത്തിക്കാളുന്ന തീജ്വാല ഹ്രസ്വവീചികളും മന്ദോഷ്ണസാധനങ്ങൾ ദീർഘവീചികളുമാകുന്നു. ഹ്രസ്വവീചികൾക്കു ഉൾപൂകാനുള്ള ശക്തി (Penetration) കൂടുതലും ദീർഘവീചികൾക്കു കുറവുമാണ്.

വായുമണ്ഡലം സൂര്യരശ്മികളുടെ ഊഷ്മാവിനെ വിസർജിക്കു(radiate) മാത്രമല്ല ഗ്രസിക്കയും (Absorb) ചെയ്യുന്നു. എന്നാൽ ഗ്രാസത്തിലധികം വിസർജനമാണ് അതിൻെറ പ്രകൃതി. സൂര്യനിൽനിന്നു പുറപ്പെടുന്ന രശ്മികളുടെ ചൂടു മുഴുക്കെ ഭൂതലത്തിൽ തട്ടുന്നില്ല. ഏതാനും വായുമണ്ഡലം ഗ്രസിക്കുന്നു. ഭൂമിയിൽ വന്നുചേരുന്ന ചൂടും തിരിയെ വായുമണ്ഡലത്തിലേക്കു വിസർജിതമാകുന്നുണ്ട്. പക്ഷെ, രണ്ടിനും ഊഷ്മാവിനു വ്യത്യാസ

മുണ്ട്. സൂൎയ്യരശ്മികളെക്കാൾ തുലോം കുറഞ്ഞിരിക്കുന്ന ഭൂവിസൃഷ്ടമായ ചൂട്. അതിൻെറ വീചികൾ ദീർഘങ്ങളെന്ന അതുകൊണ്ടൂഹിക്കാം. ദീർഘവീചികളായി വരുന്ന ഉഷ്മാവിനെ വായു-വിശിഷ്യ ആവിയുള്ള വായു-ക്ഷണേന ഗ്രസിക്കുന്നു. ഇപ്രകാരം വായു ചൂടിനെ ഗ്രസിക്കനിമിത്തമത്രെ ഭൂതലം ജീവികൾക്കു വാസയോഗ്യമായിരിക്കുന്നതു്. മേലോട്ടു പൊങ്ങുന്തോറും വായുവിന്റെ ഗ്രാസശക്തി കുറവാണ്. അടിത്തട്ടിലുള്ള വായുവിന്റെ വിസർജനശക്തിയെക്കാൾ രണ്ടിരട്ടിക്കു മേൽ (വ $\frac{3}{10}$) ഗ്രാസശക്തിയുണ്ട്. അപ്രകാരമല്ലാതിരുന്നെങ്കിൽ ശൂന്യസ്ഥാനത്തുനിന്ന ൧൩൨ ഡിഗ്രി കുറവായ ശീതംകൊണ്ടു നാം വിറച്ചുപോകുമായിരുന്നു. ചന്ദ്രമണ്ഡലത്തിലെ വായുവിന്നുള്ള ശീതോഷ്ണമാനം ഇതാണ്. അതിനാലാകുന്നു അവിടം ജീവസന്ധാരണയോഗ്യമല്ലാത്തതു്. എന്നൊരുകാലം സൂൎയ്യൻ ഉഷ്ണരശ്മികളെ പ്രസരിപ്പിക്കാതെ വരുന്നോ അന്നു ഭൂമിയിലെ തണുപ്പു ശൂന്യത്തിനു കീഴിൽ ൩൩൨ ഡിഗ്രിയായിരിക്കുമെന്നു കണക്കാക്കാം. അതു പക്ഷേ നമ്മുടെ കാലത്തു് അസംഭാവ്യമാണെന്നു സമാധാനപ്പെടാം

മുഖ്യമായി നാം ധരിക്കേണ്ടതു മറെറാന്നുമല്ല; സൂൎയ്യരശ്മികൾ അന്തരിക്ഷത്തിൽക്കൂടി കടന്നുവരുമ്പോൾ ഗ്രസിക്കുന്നതു മാത്രമല്ല, അവ ഭൂതലത്തിൽ തട്ടിയതിൽപിന്നീടു അവിടെനിന്നു ഉൽഗമിക്കുന്ന ഉഷ്മാവിനെക്കൂടി ഗ്രസിച്ചിട്ടാണ് വായുമണ്ഡലത്തിൽകാണുന്ന ശീതോഷ്ണാവസ്ഥ എന്നാകുന്നു. അതിനാൽ ശീതോഷ്ണസ്ഥിതി വിസർജനഫലമാണെന്നു ചുരുക്കി പറയാം.


സൂൎയ്യനാണ് ഉഷ്ണബീജമെന്നും വിസർജനഫലമാണു ശീതോഷ്ണസ്ഥിതിയെന്നും വന്നാൽപ്പാൾ സൂൎയ്യരശ്മികളുടെ വിസർജനരീതിയെ മനസ്സിലാക്കിയാലല്ലാതെ വായുമണ്ഡലത്തിലെ ശീതോഷ്ണഗണനം അസാദ്ധ്യമാണെന്നു സിദ്ധമായല്ലൊ.

എല്ലാ പദാൎത്ഥങ്ങളും ഉഷ്ണത്തെ വിസർജിക്കുന്നുണ്ടെന്നും താരതമ്യം മാത്രമെയുള്ളു എന്നും ശാസ്ത്രസിദ്ധാന്തമാകുന്നു. സൂൎയ്യരശ്മികളാണ് മുഖ്യമായി നമുക്കു ചൂടു നൽകുന്നതു്. സൂൎയ്യഗോളത്തിൽ നിന്നു പ്രസരിക്കുന്ന രശ്മികളിൽ ഏറിയഭാഗം ശൂന്യാകാശത്തിൽ (Space) ലയിച്ചുപോകുന്നു. ശേഷമുള്ളവയിൽ ദീർഘവീചികളായവയെ വായു ഗ്രസിക്കുന്നു. ഹ്രസ്വവീചികളായ ഉഷ്ണരശ്മികൾ വായുമണ്ഡലം ഭേദിച്ചു ഭൂതലത്തിൽ പതിക്കുന്നു. വായുമണ്ഡലത്തിനുള്ള കണങ്ങളും ധൂളിയും ചിന്നിപ്പോകുന്ന രശ്മികളുടെ ചൂടിനെ പല വഴിയിലൂടെ തിരികെ ഭൂമിയിലേക്കു കൊണ്ടുവരുന്നു. വെയിൽകൊണ്ടു കാഞ്ഞ ഭൂമിയിൽ നിന്നുയരുന്ന ഉഷ്ണം വായുമണ്ഡലത്തിനു കിട്ടുന്നു. ഇങ്ങനെ ശൂന്യാകാശത്തിൽ ഏതുവഴിയെ പോയാലും ഉഷ്മാവു് ഒടുവിൽ വായുവിന്നുതന്നെയാണു ലഭിക്കുന്നതു്.

പ്രതിഫലനശക്തിയേറിയവയാണു മേഘങ്ങൾ. അവയ്ക്കുള്ള വെള്ളനിറം അതുകൊണ്ടാണ്. അദൃശ്യങ്ങളായ ഉഷ്ണരശ്മികളേയും (Heat rays) ദൃശ്യങ്ങളായ തേജോരശ്മികളേയും (Light rays) മേഘങ്ങൾ പ്രതിഫലിപ്പിക്കുന്നു. പ്രതിഫലിതരശ്മികളിൽ ഒരംശം മാത്രമേ ഭൂമിക്കു കിട്ടുന്നുള്ളു. ശേഷമെല്ലാം ശൂന്യാകാശത്തിൽ ലയിച്ചുപോകുന്നു. ഇങ്ങനെ കടന്നുപറവുന്ന രശ്മികൾക്കുള്ള ശനിദശ പിന്നെയുമുണ്ട്. ഭൂമിയും രശ്മികളെ പ്രതിഫലിപ്പിക്കുന്നു. വെള്ളമണൽ, പാറക്കെട്ടുകൾ, മഞ്ഞുറഞ്ഞ തറകൾ, ജലാശയങ്ങൾ, സമുദ്രം എന്നീ വകകളെല്ലാം ഏറെക്കറെ പ്രതിഫലനശക്തിയുള്ളവയാണ്. ഭൂമിയുടെ പ്രതിഫലനത്താൽ വിസർജിതമാകുന്ന ചൂടിൽ അഞ്ചിലൊരു ഭാഗം ശൂന്യാകാശത്തിൽ ലയിച്ചുപോകുന്നു. ശിഷ്ടമുള്ളതു വായുവിന് കിട്ടുന്നു. ഭൂമിയിൽ പതിക്കുന്ന സൂര്യരശ്മികളുടെ ചൂടേതാനും ജലത്തെ ആവിയാക്കുന്ന പ്രവൃത്തിയിൽ പോകുന്നുണ്ടെങ്കിലും, ആ ചൂട് ആവിയുടെ ഘനീഭാവത്തിൽ വായുവിൽതന്നെ വിസർജിതമാകുന്നു. കിട്ടുന്ന ചൂടെല്ലാം തടുത്തുനിർത്താനുള്ള ശക്തി വായുവിനു സിദ്ധിക്കുന്നതു് ആവികൊണ്ടാകുന്നു. ആവിയവനിക നീങ്ങി വായു ശുദ്ധമായിരുന്നെങ്കിൽ ചൂടെല്ലാം ശൂന്യാകാശത്തിൽ ലയിച്ചുപോകുമായിരുന്നു.

ഭൂമിയുടെ തറയോടടുത്തിരിക്കുന്ന വായുവിന്റെ ഊഷ്മാവാണു നമുക്കു പ്രധാനം. ഭൂമിയെ സ്പർശിക്കുന്ന സൂര്യകിരണങ്ങളുടെ ചൂടാണ് അതിനു നിദാനം. ഈ ചൂടിനു രണ്ടു സംഗതികൾകൊണ്ടു കൂടുതൽകുറവു വരാം. (ക) സൂര്യരശ്മി ഭൂമിയിൽ വീഴുന്നവാക്ക്; ശാസ്ത്രരീത്യാ പറയുന്നതായാൽ ആകാശത്തിൽ സൂര്യൻ നിൽക്കുന്ന സ്ഥാനത്തിനും രശ്മികൾ പതിക്കുന്ന സ്ഥാനത്തിനും തമ്മിൽ ഒരു ഋജുരേഖ വരച്ചാൽ ആ രേഖയും തറനിരപ്പിനുള്ള രേഖയും തമ്മിൽ കൂട്ടിമുട്ടുന്ന കോണത്തിന്റെ കൂടുതൽകുറവ്; (Angle of incidence;) (ഖ) സൂര്യരശ്മി ഭൂമിയിൽ സ്പർശിക്കാൻ അന്തരീക്ഷത്തിൽ കൂടി കടന്നുവരാനുള്ള ദൂരം.


താഴെ വിവരിച്ചിരിക്കുന്ന പടം നോക്കുക:—




മധ്യരേഖാപ്രദേശങ്ങളിൽ വിഷുവൽകാലങ്ങളിൽ മധ്യാഹ്നത്തിൽ സൂ

ൎയ്യൻ നേരെ തലയ്ക്കുമീതെ വരുമ്പോൾ പടത്തിൽ 'ക ഖ' എന്ന അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലത്താണ രശ്മികൾ പതിക്കുന്നത്. ദക്ഷിണായനം വരുമ്പോൾ സൂൎയ്യൻ തെക്കുമാറി മദ്ധ്യാഹ്നമാകുമ്പോൾ നില്ക്കുന്നു. അപ്പോൾ രശ്മികൾ പതിക്കുന്നതു 'ഖ ഗ' എന്ന് അടയാളപ്പെടുത്തിയ സ്ഥലത്താകുന്നു. 'ക ഖ'യെക്കാൾ 'ഖ ഗ'യ്ക്കു എത്രകൂടുതൽ സ്ഥലമുണ്ടെന്നു കാണുക. അല്പസ്ഥലത്തു പരക്കുന്ന ചൂടു കൂടുതൽ സ്ഥലത്തു പരക്കുമ്പോൾ ഊഷ്മാവു കുറയുമെന്ന് പറയേണ്ടതില്ലല്ലൊ. അയനവ്യത്യാസംകൊണ്ടു വരുന്ന പോലെതന്നെ ദിനംപ്രതി ഉദയാസ്തമനവേളകളിൽ മദ്ധ്യാഹ്നത്തെക്കാൾ ചൂടു കുറയുന്നു. മററുള്ള ഋതുക്കളിലെക്കാൾ വേനൽക്കാലത്തു ഉഷ്ണം കൂടുന്നതിനും മദ്ധ്യരേഖയിൽനിന്നു അകലുന്തോറും ഉഷ്ണംകുറയുന്നതിനും ഈവിധംതന്നെ യുക്തിയുണ്ടെന്ന് ധരിക്കേണ്ടതാകുന്നു. അക്ഷാംശവ്യത്യാസമനുസരിച്ചു (Latitude) ദിനരാത്രികൾക്ക് കൂടുതൽകുറവുണ്ടെന്നുള്ള സംഗതി വിസ്മരിച്ചുകൂടാ. ഉത്തരായണത്തിൽ വടക്കെ ധ്രുവത്തിലേക്കും ദക്ഷിണായനത്തിൽ തെക്കെ ധ്രുവത്തിലേക്കും അടുക്കുന്തോറും പകൽ കൂടുകയും രാത്രി കുറയുകയും ചെയ്യുന്നു. അതുകൊണ്ടു ഉഷ്ണം കണക്കുകൂട്ടുന്ന സംഗതിയിൽ ഭൂമിക്കും സൂൎയ്യനും തമ്മിലുള്ള നിലയും പകലിന്റെ കൂടുതൽകുറവും രണ്ടും നോക്കണം. തന്മൂലം ഭൂമിയിൽ ആണ്ടടക്കം ശരാശരി ഊഷ്മാവു കൂടുതലുണ്ടായിരിക്കുന്നതു മദ്ധ്യരേഖാപ്രദേശത്തല്ല, ആ രേഖയിൽനിന്നു ൨൫ ഡിഗ്രി അകലെയുള്ള ദിക്കുകളിലാകുന്നു. വേനൽക്കാലത്തു ഭൂമദ്ധ്യരേഖയോടു തുലോം അടുത്തിരിക്കുന്ന കന്യാകുമാരിയിലുള്ളതിനേക്കാൾ ചൂടുകൂടുതൽ ഉത്തരഇൻഡ്യയിലാണ്. ഉത്തരായണത്തിന്റെ ഒടുവിലാകുമ്പോൾ ഉത്തരധ്രുവപ്രദേശത്തു ചൂടു കൂടുതലുണ്ട്. എങ്കിലും മഞ്ഞുരുക്കുന്നതിൽ വിനിയുക്തമാകകൊണ്ട് അതത്ര വെളിപ്പെടുകയില്ല.

ചൂടിന്റെ താരതമ്യത്തിനു രണ്ടാമത്തെ കാരണം അന്തരിക്ഷത്തിൽ എത്രദൂരം സൂൎയ്യരശ്മികൾ കടന്നുവേണം വരാനെന്നുള്ളതാണല്ലൊ. സൂൎയ്യന്റെ നിലകൊണ്ട് അതിനും വരുന്നുണ്ട് വ്യത്യാസം. ഭൂമി ഗോളമാണെന്ന് ഓൎമ്മിക്കണം; പരന്നല്ല. മദ്ധ്യാഹ്നത്തിലുള്ളതിനേക്കാൾ അതിനു മുമ്പും പിമ്പുമുള്ള വേളകളിൽ സൂൎയ്യരശ്മികൾ കൂടുതൽ ദൂരം കടന്നുവേണം ഭൂമിയെ സ്പൎശിക്കാൻ.



മേൽകാണിച്ചിട്ടിരിക്കുന്ന പടത്തിൽ എ. ഡി. യും സി. ഡി. യും ബി. ഡി. യും രേഖകൾ തമ്മിലുള്ള നീളത്തിൻെറ വ്യത്യാസം ഈ സംഗതിയെ കുറിക്കുന്നു. ഉദയത്തിലും അസ്തമയത്തിലും വെയിലിന്നു ചൂടില്ലാത്തതിന്നു കാരണം രശ്മികൾ അത്യധികം ദൂരം കടന്നുവരണമെന്നുള്ളതുകൊണ്ടാകുന്നു. വിസർജനമാനയന്ത്രം (Actinometer) കൊണ്ടു അളന്നു തിട്ടപ്പെടുത്തിനോക്കിയതിൽ മധ്യാഹ്നത്തിൽ, അതായതു്, ൯൦ ഡിഗ്രി ഉച്ചത്തിൽ സൂൎയ്യൻ സ്ഥിതിചെയ്യുമ്പോൾ, ഉള്ളതിൽ നൂററിന്നു ൭൫ ഭാഗവും, ൫൦ ഡിഗ്രി സൂൎയ്യൻ ഉയൎന്നിരിക്കുമ്പോൾ നൂററിന്നു ൫൩ ഭാഗവും, ൫൦ ഡിഗ്രി പൊങ്ങിയിരിക്കുമ്പോൾ നൂററിന്നു ൩൪ ഭാഗവും ചൂടു ഭൂമിക്കു കിട്ടുന്നുണ്ടെന്നു് കണക്കു കണ്ടിരിക്കുന്നു. അതിൻവണ്ണംതന്നെ വെളിച്ചവും ഉദയാസ്തമയ സന്ധ്യകളിൽ നട്ടുച്ചയ്ക്കുള്ളതിൻെറ $\frac{1}{1345}$ ഭാഗം മാത്രമേ ഉണ്ടായിരിക്കുന്നുള്ളു.

# ഒരു വിദ്യാൎത്ഥികൌൺസ്സിൽ.

(എം. രാമവൎമ്മതമ്പാൻ ബി. എ; എൽ ടി.)

ഞാൻ തിരുവനന്തപുരം ട്രയിനിംഗ് കാളേജിൽ വൈസ് പ്രിൻസിപ്പാലായിരുന്ന കാലത്തു മോഡൽ സ്കൂൾഭരണം എൻെറ അധീനത്തിലായിരുന്നു. സ്കൂൾഭരണവിഷയത്തിൽ കുറെ ചുമതല, കുട്ടികൾക്കു കൊടുത്തു പരീക്ഷിച്ചാൽ എന്താ എന്നു് എനിക്കു തോന്നി. അമേരിക്കയിൽ ഈ നയം പരീക്ഷിച്ചു വിജയം നേടിയതായി ചില പുസ്തകങ്ങളിൽ വായിച്ച ഓൎമ്മയും എനിക്കുണ്ടായിരുന്നു. പ്രിൻസിപ്പാലായ ഡാക്ടർ ക്ലാൿസായ്പിനോടു ഞാൻ എൻെറ അഭിപ്രായം പറഞ്ഞു. വിദ്യാഭ്യാസപരമായി പല നൂതനപരീക്ഷണങ്ങളും നടത്താൻ സൌകൎയ്യമുള്ള ഒരു സ്ഥാപനമായിരിക്കണം ട്രയിനിംഗ് കാളേജ് എന്നു് അഭിപ്രായമുണ്ടായിരുന്ന ആ മഹാൻ എൻെറ അഭിപ്രായത്തോടുകൂടി യോജിച്ചു. അത്യാവശ്യം ചില ഭരണചട്ടങ്ങളുണ്ടാക്കി ഞങ്ങൾ രണ്ടുപേരുംകൂടി മൂന്നാംഫാറംമുതൽ ആറാംഫാറംവരെ ഓരോ ക്ലാസിലുംചെന്നു കൌൺസിലിൻെറ ഉദ്ദേശവും ഗൌരവവും കുട്ടികളെ പറഞ്ഞു മനസ്സിലാക്കി. അവരുടെ ക്ലാസുകളിൽ നിന്നും അവൎക്കു വിശ്വാസമുള്ളവരായും അവർ അനുസരിക്കാൻ തയ്യാറുള്ളവരായും രണ്ടുപേരെ തിരഞ്ഞെടുക്കാൻ പറഞ്ഞു. ബാലട്ടു് രീതി പ്രകാരമാ

ണ തിരഞ്ഞെടുത്തത്. നാലു ഫ്ാറത്തിലുംകൂടി എട്ടു ഡിവിഷനുണ്ടായിരുന്നു. എന്നു പ്രതിനിധികളെ തിരഞ്ഞെടുത്തു. പ്രതിനിധികളോട് അപ്പോൾ അവർ ഏല്പ്പെടാൻ പോകുന്ന കാര്യത്തിൻെറ ഗൌരവം ഓത്ത് അതു നിവ്ഹിക്കാൻ പൂണ്ണവിശ്വാസം തങ്ങൾക്കില്ലെങ്കിൽ പിൻവലിയാൻ വിരോധമില്ലെന്നും പറഞ്ഞു. ഒന്നൊ രണ്ടൊ പേർ പിൻവലിഞ്ഞു. അവക്കു പകരം വേറെ ആളുകളേയും തിരഞ്ഞെടുത്തു.

കൌൺസിലിൻെറ പ്രഥമയോഗം നിശ്ചയിച്ചു. സകല പെരുമാററത്തിലും, അവരെ സ്കൂൾകുട്ടികൾ എന്ന നിലയിൽ വിചാരിക്കാതെ സ്കൂൾഭരണകമ്മിററിയുടെ അംഗങ്ങളായി ബഹുമാനിച്ചാണ് നടപടി തുടങ്ങിയത്. രണ്ടു മേശകൾ ചേത്തിട്ടു ചുററും കസേരകളും അഗ്രാസനക്ക് ഒരു വലിയ കസേരയും ഇട്ടു. പ്രിൻസിപ്പാളും ഞാനും പിന്നിൽ അപ്രധാനങ്ങളായ രണ്ടു കസേരകളിൽ ഇരുന്നു. കൌൺസിലിൻെറ ഉദ്ദേശത്തേയും കൌൺസിലിനു സാധിക്കാവുന്ന സംഗതികളേയും പററി വിശദമായി ഒന്നുരണ്ടു വാക്കു സംസാരിച്ചശേഷം ഞങ്ങൾ രണ്ടുപേരും ഹാൾവിട്ടു പോയി. അവക്കു വേണ്ട റിക്കാർട്ടുബുക്കുകളും അവ സൂക്ഷിക്കാൻ മേശയും ആവശ്യമുള്ള നോട്ടീസുകൾ ഇടാൻ ഒരു ചില്ലുപതിച്ച നോട്ടീസുബോർഡും കൊടുത്തു. അവരിൽ ഓരോരുത്തക്കും ഓരോ ബാഡ്ജും ഒരാഴ്ചക്കകം നൽകി.

ഒരു മാസത്തിനകം സ്കൂൾ അസെംബ്ളി നടത്തേണ്ട ഭാരം അവരെ ഏല്പിച്ചു. അസെംബ്ളി ഏററവും സ്തുത്യർഹമായ വിധത്തിലായിരുന്നു അവർ നടത്തിയിരുന്നത്. കൌൺസിൽഭരണത്തിൻെറ യഥാത്ഥമായ നിലയും ഫലവും കാണിക്കാനായി ഞാൻ അക്കാലത്ത് അവിടെ നടന്ന ഒന്നുരണ്ടു സംഭവങ്ങളെ ഇവിടെ വിവരിക്കട്ടെ.

ഒരുദിവസം കൌൺസിലിലെ അംഗമായ ഒരു കുട്ടി ക്ലാസ്സിൽവെച്ച് എന്തൊ തെററുകാണിച്ചു. അവനെ ഉടനെ എനിക്കു ശിക്ഷിക്കാമായിരുന്നു. അതല്ല ഞാൻ ചെയ്തതു്. കൌൺസിൽസിക്രട്ടറിക്ക് ഇങ്ങിനെ കൌൺസിൽ അംഗമായ ഒരു കുട്ടി ഡിസിപ്ലിനു വിരോധമായി ഒരു കുററം ചെയ്തിരിക്കുന്നു എന്നും അതിനെപ്പററി കൌൺസിൽ എന്തുചെയ്യാനുദ്ദേശിക്കുന്നു എന്നറിഞ്ഞാൽ കൊള്ളാമെന്നും ഒരു എഴുത്തെഴുതി മുറക്കു കൂട്ടിലിട്ട് പ്രാങ്കുചെയ്തു ശിപായിവശം കൌൺസിൽസിക്രട്ടറി അവർകൾക്ക് അയച്ചു. ഉടനെ കൌൺസിൽ നോട്ടീസുബോർഡിന്മേൽ ഒരു നോട്ടീസു കണ്ടു. 'ഒരു അടിയന്തിരകാര്യം ആലോചിക്കാൻ ഇന്നു നാലുമണിക്കുശേഷം കൌൺസിലിൻെറ ഒരസാധാരണയോഗം കൂടുന്നതാണെന്നും സകല മെമ്പ്രന്മാരും ഹാജരുണ്ടായിരിക്കണം എന്നുമായിരുന്നു' നോട്ടീസ്.

പിറെറദിവസം സിക്രട്ടറിയുടെ ഒരു കവർ എനിക്കു കിട്ടി. അ

തിൽ വിവരിച്ചിരുന്നതു് ഇപ്രകാരമായിരുന്നു. 'സാർ അയച്ച കത്തുകിട്ടി. അടിയന്തിരയോഗം കൂടി. തെററുചെയ്ത കുട്ടി കുററം സമ്മതിച്ചു. അയാൾ സാർ നിശ്ചയിക്കുന്നശിക്ഷ സ്വീകരിക്കണമെന്ന് കൌൺസിൽ തീരുമാനിച്ചു. അയാൾ സമ്മതിക്കയും ചെയ്തിട്ടുണ്ട്. അയാളെ ശിക്ഷിച്ചോ എന്നുള്ള വിവരം ദയവായി അറിയിക്കാനപേക്ഷ. എന്തെന്നാൽ അയാൾ ശിക്ഷ അനുഭവിച്ചതിനു ശേഷമല്ലാതെ കൌൺസിലിൽ ഹാജരാകാൻ അനുവദിക്കാൻ പാടില്ല'. എന്തുമാത്രം സന്തോഷവും അഭിമാനവും പ്രതീക്ഷയും എനിക്ക് അതു വായിച്ചപ്പോൾ തോന്നി എന്നു കുട്ടികളെസസ്നേഹം വിശ്വസിച്ചു ശീലമുള്ള അദ്ധ്യാപകന്മാർ ഊഹിച്ചറിയട്ടെ. ഈ കൌൺസിലിനു നല്ല ഭാവിയുണ്ടെന്ന് എനിക്കുബോദ്ധ്യമായി.

ഏതാനുംദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു കൌൺസിൽമെമ്പർ പരീക്ഷയിൽ കണ്ടെഴുതി. വിവരം കൌൺസിൽസിക്രട്ടറിയെ ഞാൻ ധരിപ്പിച്ചു. ഈ കുററം കോഡുപ്രകാരം കഠിനശിക്ഷക്ക് അർഹമാണെന്നും ഞാൻ അറിയിച്ചു.

ഉടനെ അടിയന്തരമീററിംഗിനു നോട്ടീസുകണ്ടു. അന്നു വൈകുന്നേരം യോഗം കൂടി ആലോചന നടന്നു. അട്ടത്തദിവസം കൌൺസിലിൽ നിന്നും കവറും കിട്ടി.

അതിൽ പറഞ്ഞിരുന്നതു് ഇപ്രകാരമായിരുന്നു. 'സാർ അയച്ച കത്തനുസരിച്ചു അടിയന്തരയോഗം കൂടി. കുട്ടിയെ വിസ്തരിച്ചു. കുട്ടി കുററം സമ്മതിച്ചു മാപ്പിനപേക്ഷിച്ചു. ഈ കുട്ടിയുടെ പൂർവ്വചരിത്രം അന്വേഷിച്ചതിൽ എല്ലാ ക്ലാസുകളിലും ഉയന്ന നിലയിൽ ജയിച്ചു നല്ല നടത്തക്കാരനായി വന്നിട്ടുള്ള ഒരു കുട്ടിയാണ് ഇയ്യാൾ എന്നറിയുന്നു, ഈ കുററം ഇയ്യാൾ ചെയ്തല്ലൊ എന്നുവച്ചു അയാളും കൌൺസിൽ മുഴവനും വ്യസനിക്കുന്നു. ഇയാൾക്കു നിവൃത്തിയുള്ള പക്ഷം മാപ്പുകൊടുക്കാനപേക്ഷ. സാർ അവർകൾ നിശ്ചയിക്കുന്ന ശിക്ഷ ഇയ്യാൾ സ്വീകരിക്കും. ശിക്ഷിക്കുന്ന വിവരം അറിയിക്കാനപേക്ഷ. ഏതായാലും ഇങ്ങിനെ ഗൌരവതരമായ കുററം ചെയ്ത കുട്ടിയെ കൌൺസിലിൽ വച്ചുകൊണ്ടിരിക്കുന്നതു് കൌൺസിലിൻെറ അന്തസ്സിനും ഗൌരവത്തിനും പോരാത്തതാകയാൽ ആ കുട്ടിയെ കൌൺസിലിൽനിന്നും പിരിച്ചുവിടാനും ഈ കൌൺസിൽ നിർബന്ധിതമായിത്തീർന്നിരിക്കുന്നതിൽ വ്യസനിക്കുന്നു."

എന്നു മറുപടി. ഇത്രമാത്രം ചുമതലാബോധത്തെ അദ്ധ്യാപകലോകം നശിപ്പിച്ചു കളയുകയല്ലെ ചെയ്യുന്നതു്. ചുമതലയോടുകൂടി പെരുമാറാൻ കുട്ടികൾക്കു അവസരം കൊടുത്താൽ അവർ അദ്ധ്യാപകന്മാരുടെ അത്യാശയേയും അതിക്രമിച്ച ഫലം കാണിക്കും.

ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. ഒന്നുരണ്ടുമാസം കഴിഞ്ഞപ്പോൾ സിക്രട്ടറിയുടെ വേറെ ഒരെഴുത്തു കിട്ടി. അതിൽ പറഞ്ഞിരുന്നതു മൂന്നാംഫ്ാറത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് കൌൺസിലിൻെറ ഗൌരവം പരിപാലിക്കാൻ സാധിക്കുന്നതല്ല എന്നും മേലാൽ ആ ഫ്ാറത്തിൽനിന്നും അംഗങ്ങളെ തിരഞ്ഞെടുക്കാതിരുന്നാൽ നന്നായിരിക്കുമെന്നുമായിരുന്നു.

ഒരു ദിവസം ഞാൻ ക്ലാൿസായ്പിനെ കണ്ടു കൌൺസിലിൻെറ പ്രവൃത്തികളെപ്പററി സംസാരിച്ചു. അദ്ദേഹത്തിനും എനിക്കുതോന്നിയിരുന്നതുപോലെ സന്തോഷവും അഭിമാനവും തോന്നി.

ആ ആണ്ടിൽ സെയിൻറു് നിഹാൾസിംഗ് മോഡൽസ്കൂൾ സന്ദൎശിക്കയുണ്ടായി. കൌൺസിലിനെപ്പററി അദ്ദേഹം വളരെ അഭിനന്ദിച്ചു പ്രസ്താവിച്ചു.

വൎഷാവസാനമായി. ഡാക്ടർ ക്ലാൿ കൌൺസിൽകാൎക്ക് അദ്ദേഹത്തിൻെറ ബംഗ്ലാവിൽവച്ചു് ഒരു ചായസൽക്കാരം നൽകി. ഞങ്ങളുടെ എല്ലാവരുടേയും ഒരു ഗ്രൂപ് ഫോട്ടൊ എടുക്കുകയും ചെയ്തു. പലമാതിരി വിനോദസഹിതം ഞങ്ങൾ ഒരു സായാഹ്നം സായ്പിൻെറ ബംഗ്ലാവിൽ കഴിച്ചുകൂട്ടി.

അടുത്ത ആണ്ടിൽ കൌൺസിലിനു പ്രത്യേകം ഒരു മുറിയും വായിക്കാൻ മാസികകളും പത്രങ്ങളും നല്കണമെന്നും സ്കൂൾതോട്ടത്തിൻെറ മേലന്വേഷണം കൂടി അവൎക്ക് വിട്ടുകൊടുക്കണമെന്നും ഉറച്ചു് ഞങ്ങൾ പിരിഞ്ഞു.

നിർഭാഗ്യവശാൽ എനിക്കു പെൻഷ്യൻ പററി പിരിയേണ്ട കാലമായിരുന്നു. ഞാൻപിരിഞ്ഞു. അടുത്തവൎഷം ഞാൻ തിരുവനന്തപുരത്തു പോയിരുന്നപ്പോൾ ആദ്യമായി സായ്പവർകളോടു ചോദിച്ചതു് കൌൺസിൽ എങ്ങിനെ വൎത്തിക്കുന്നു എന്നായിരുന്നു. കണ്ണുനീരോടുകൂടി അദ്ദേഹം പറഞ്ഞതു് "അതിൻെറ കഥകഴിഞ്ഞു, നിങ്ങളുടെ ശുശ്രൂഷ കുറെക്കാലംകൂടി അതിനു കിട്ടിയിരുന്നു എങ്കിൽ അതു വളരെക്കാലം നല്ലകാൎയ്യം ചെയ്യുമായിരുന്നു. അതിനു ഭാഗ്യം കൌൺസിലിനു ലഭിച്ചില്ല. കഷ്ടം." എന്നായിരുന്നു.

അല്ലയോ അദ്ധ്യാപകന്മാരെ, സ്കൂളുകളിൽ വരുന്ന കുട്ടികളിൽ എത്രമാത്രം മഹത്തരങ്ങളായ ശക്തികളാണ് ലയിച്ചുകിടക്കുന്നതു്?. അവയെ ഒന്നു പ്രചോദിപ്പിക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ നിങ്ങൾ എന്നും ലോകത്തിൻെറ നിൎവ്യാജമായ കൃതജ്ഞതക്കു പാത്രമാകും. നിങ്ങൾ വഹിക്കുന്ന അറിവു് സംഗ്രഹിക്കാനുള്ള മൺഭരണികളല്ല കുട്ടികൾ. നിങ്ങൾക്കു അന്ധകാരമയമായ ലോകത്തിനു വെളിച്ചം ഉണ്ടാക്കാൻ ഉരച്ചുനോക്കാനു

ള്ള തീപ്പെട്ടിക്കോലുകളാണവർ. ദേവാലയങ്ങളിൽ ഭക്തിയില്ലാതെ പോയാലും തരക്കേടില്ല. വിദ്യാലയങ്ങളിലെ ക്ലാസുകളിൽ അതിഭക്തിയോടു കൂടാതെ പ്രവേശിക്കുന്ന വാദ്ധ്യാന്മാർ തങ്ങൾക്കും തങ്ങളെ അഭിമുഖീകരിക്കുന്ന ദിവ്യചൈതന്യങ്ങൾക്കും ലോകത്തിനും നന്മവരുത്താനുള്ള അവസരം പാഴാക്കി കളയുന്നവരാകും. അതു വരുത്തരുതെ. ഭാഗ്യവശാൽ ലഭിക്കുന്ന സുവർണ്ണാവസരം പാഴാക്കുന്ന നിർഭാഗ്യം നിങ്ങളെ തീണ്ടാതെ കാക്കണെ.

## പൌരന്മാരെ സൃഷ്ടിക്കുന്നതിനുള്ള വിദ്യാഭ്യാസം

ഇതു് ലോകപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒരു വിദ്യാഭ്യാസപ്രവത്തകനായ പ്രൊഫ് സർ ഏർണസ്റ്റ് വുഡ് 'സ്കോളർ' വിശേഷാൽപ്രതിയിൽ എഴുതിയിട്ടുള്ള ഒരു ലേഖനമാണ്. ഇദ്ദേഹം നമ്മുടെ മാതൃഭൂമിക്കുവേണ്ടി മഹൽസേവനം ചെയ്യുന്ന ഒരു മഹാനാണ്. കുപ്രസിദ്ധമായ 'ഭാരതമാതാ' എന്ന ഗ്രന്ഥത്തെ ഖണ്ഡിച്ച് ഒരു വിശിഷ്ടഗ്രന്ഥവും ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.

ഈ പ്രധാനവിഷയത്തെപ്പററിയുള്ള വിചിന്തനത്തിൽ രണ്ടു പ്രമാണങ്ങൾ നിങ്ങളുടെ ശ്രദ്ധാപൂർവ്വമായ ആലോചനക്കു വിഷയീഭവിക്കണമെന്നു വിചാരിക്കുന്നു. ഒന്നാമത്തേതു്, "ഒരു മനുഷ്യൻ തനിക്കുവേണ്ടി കഴിയുംവിധം ഏററവും ഉത്തമമായിട്ടുള്ളതു പ്രവത്തിക്കണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ, മററുള്ളവക്കും അയാൾ കഴിയുംവിധം ഏററവും ഉത്തമമായിട്ടുള്ളതു് പ്രവത്തിക്കണം" എന്നുള്ളതാണ്. അതായതു സേവനമാണ് പരിപൂർണ്ണതക്കും സൌഖ്യത്തിനുമുള്ള മാർഗ്ഗം എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഇതിനെ സംബന്ധിച്ച് രണ്ടു ഉദാഹരണങ്ങൾകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. എല്ലാ അദ്ധ്യാപകന്മാക്കും തനിച്ചിരുന്ന് പഠിക്കുന്നതിനേക്കാൾ കൂടുതൽ മററുള്ളവരെ പഠിപ്പിച്ച് പഠിക്കാം എന്ന് അറിയാം. ജ്ഞാനദാനത്തെ സംബന്ധിച്ച എന്തോ ഒന്ന് അദ്ധ്യാപനത്തിലും സേവ

നത്തിലും അന്തർഭവിച്ചിട്ടുണ്ട്. ആ ജ്ഞാനത്തെ മനസ്സിന് അത്യന്താപേക്ഷിതമാക്കുന്നു. വലിയ സങ്കടമുള്ളപ്പോൾ പരസേവനവും പരചിന്തയുമാണ് അതിനെ അകററുന്നത്. കഴിഞ്ഞ മഹായുദ്ധത്തിൽ ഭർത്താക്കന്മാരും, സഹോദരന്മാരും, പുത്രന്മാരും നഷ്ടപ്പെട്ട അനവധി യൂറോപ്യൻ സ്ത്രീകൾ മററുള്ളവരുടെ ഗുണത്തിനുവേണ്ടി ആസ്പത്രികളിലും മററു സ്ഥാപനങ്ങളിലും പ്രവർത്തിച്ചു സംതൃപ്തകളായിത്തീരുന്നുണ്ട്. ഓരോ പൌരനും അയാളുടെ അത്യുത്തമമായ അഭിവൃദ്ധിയും സൌഖ്യവും എവിടെയാണ് സ്ഥിതിചെയ്യുന്നതെന്ന്—തൻെറ സഹോദരങ്ങളെ സേവിക്കുന്നതിലാണെന്ന്—അറിയുന്നതു് ഒരു പ്രധാനകാര്യമാണ്. നമ്മുടെ പാഠശാലകളും, കലാശാലകളും, സർവകലാശാലകളും യുവജനങ്ങളുടെ മനസ്സിനേയും വികാരങ്ങളേയും ഈ പ്രധാനതത്വത്തിലെക്കു നയിക്കേണ്ടതാണ്.

എൻെറ രണ്ടാമത്തെ പ്രമാണം, "ഒരു സമുദായമൊ രാജ്യമൊ അതിനുവേണ്ടി കഴിയുംവിധം ഉത്തമമായിട്ടുള്ളതു ചെയ്യണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ, ഓരോ പൌരനു വേണ്ടിയും കഴിയുംവിധം ഉത്തമമായിട്ടുള്ളതു് പ്രവർത്തിക്കണമെന്നുള്ളതാണ്." രാജ്യം വ്യക്തിക്കുവേണ്ടിയാണ് നിലനില്ക്കുന്നതെന്നുള്ള ഈ ബോധം എത്രയും പ്രധാനമായിട്ടുള്ളതാകുന്നു. തൻകാര്യം നോക്കുന്നതും അവരുടെ സൌകര്യത്തിനുവേണ്ടി നിയമം ഉണ്ടാക്കുന്നതുമായ ചില ഗവമ്മെൻറുകളുണ്ട്. ഒരു ദേശക്കാരെ എളുപ്പത്തിൽ ഭരിക്കുന്നതിനായി അവ മൃഗീയശക്തിയും അജ്ഞതയും ഉപയോഗിക്കുകയും, ശക്തന്മാരായ വ്യക്തികളെ മട്ടിക്കയും ചെയ്യുന്നു. എന്നാൽ അജ്ഞരും ഭീരുക്കളുമായ പൌരന്മാരാണ് ഒരു സമുദായത്തിൻെറ വലിയ ആപത്ത് എന്നും, സ്വാതന്ത്ര്യത്തിനും സദ്ബുദ്ധിക്കും നിയമത്തിൻേറയും സമാധാനത്തിൻേറയും വില അറിയുന്നവരും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ സാമർത്ഥ്യവും സമ്മതവുമുള്ളവരായ മഹാപുരുഷന്മാരെ വളത്തുവാൻ സാധിക്കുമെന്നും നമുക്ക് നിശ്ചയമായും അറിയാം. മററെ നയം ഭീരുക്കളായ പൌരന്മാരെയും അക്രമികളായ രഷ്ട്രീയപ്രവർത്തകന്മാരെയും ഉണ്ടാക്കയെ ഉള്ളു. രണ്ടും രാഷ്ട്രത്തിൻെറ ശത്രുവായ സ്വാർത്ഥതക്ക് ഉദാഹരണങ്ങളാണ്. "ഒരു ദേശത്തിൻെറ ചരിത്രം ചുരുക്കം ചില വ്യക്തികളുടെ ജീവചരിത്രംകൊണ്ടു നിർമ്മിക്കാ"മെന്നുള്ള മഹദ്വചനം നമുക്ക് പരിചിതമാണല്ലൊ. നമ്മുടെ പാഠശാലകളിൽ നാം വ്യക്തിത്വത്തേയും സ്വഭാവത്തേയും നന്മ ജയിക്കുമെന്നുള്ള ധൈര്യത്തേയും വിശ്വാസത്തെയും പ്രോത്സാഹിപ്പിക്കണം. രാജ്യതന്ത്രത്തിലും ശാസ്ത്രത്തിലും, തത്വശാസ്ത്രത്തിലും വ്യവസായത്തിലും, കലയിലും നമ്മുടെ അടുത്ത മഹാന്മാർ എവിടെ ഉണ്ടാകുമെന്നു നമുക്ക് ഒരിക്കലുമറിഞ്ഞുകൂട. രാജ്യത്തിൽ എത്രപേരുണ്ടാകുമെന്നും നമുക്കറിഞ്ഞുകൂട. എന്നാൽ മട്ടനനിയമങ്ങളും വിദ്യാലയ

ങ്ങളിലെ കർമ്മവും സങ്കല്പിതവുമായ പരിശീലനവും, അതിബുദ്ധിയുടെ വളർച്ചക്കും പ്രകടനത്തിനുമുള്ള സൌകര്യക്കുറവും, രാജ്യത്തിനും പരിഷ്കാരത്തിനും അപരിഹാര്യമായ നഷ്ടമാകത്തക്കവണ്ണം അവരെ മുളയിൽവച്ചു തന്നെ നുള്ളികളയുമെന്ന് നമുക്കറിയാം.

കഴിഞ്ഞ രണ്ടു ജനപരമ്പരകളിലായി ജീവിതത്തിലെ വിവിധതൊഴിലുകൾ നിശ്ചയിക്കുന്നതിന് പാഠശാലകൾ സഹായമായിത്തീരുന്നുണ്ട്. മുമ്പെ എല്ലാവക്കും കുറച്ചു സാമാന്യവിദ്യാഭ്യാസം ലഭിച്ചിരുന്നു. ഒരുവന് ഒരു വിദ്യാലയത്തിൽനിന്നും പുറത്തുചാടിയാൽ അല്പം പ്രാരംഭപരിശീലനത്തോടുകൂടി ഒരു ഡാക്ടരൊ, വക്കീലൊ, അധ്യാപകനൊ, എഞ്ചിനീയരൊ ആകാം. എന്നാൽ കാലാന്തരത്തിൽ ഈ തൊഴിലുകൾ വിഷമതരമായിത്തീന്നുകൊണ്ട് അധികം പരിശീലനം ആവശ്യമായിത്തീന്നു. അവരുടെ പാഠവിഷയങ്ങളും വിദ്യാലയങ്ങളിലെ പാഠപദ്ധതികളിൽ ഉൾപ്പെടുത്തി. അനന്തരം വാണിജ്യം, കൃഷി, ഗൃഹഭരണം, എന്നിവയും ആ മാർഗ്ഗത്തെ പിൻതുടരുകയും ഇന്ന് അവയെ സംസ്കാരപരവും വിദ്യാഭ്യാസപരവുമായ വിഷയങ്ങളായി പരിഗണിക്കുകയും ചെയ്തുവരുന്നു. മുമ്പെ, അവ അപരിഷ്കൃതജീവിതപ്രകടനങ്ങളായിട്ടു ഗണിക്കുകയും ശരീരത്തിന്റെ ആവശ്യങ്ങൾ മനുഷ്യരിൽ അവ നിർബന്ധിതമാക്കി എന്നു വിശ്വസിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഈ ആധുനികകാലത്ത്, ഉദ്യോഗമല്ലാതെ നാമെല്ലാവരും ഉൾപ്പെട്ടിട്ടുള്ള ഒരു തൊഴിലുണ്ട്. അതു അതിപ്രധാനമായിട്ടുള്ളതാണ്. അതിന് ഓരോ വസ്തുക്കളുടെ ജ്ഞാനം മാത്രം പോരാ, മനുഷ്യരെപ്പററിയുള്ള അറിവും ആവശ്യമാണ്. അതു പൌരത്വം എന്ന തൊഴിലാണ്. അതു വിദ്യാലയത്തിലെ പാഠപദ്ധതിയിൽ ബഹുമാന്യവും അതിപ്രധാനവുമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്.

വിദ്യാർത്ഥികളെ പൌരജീവിതത്തിന് സജ്ജരാക്കുമ്പോൾ മൂന്നു സംഗതികൾ നാം ഓമ്മിക്കേണ്ടിയിരിക്കുന്നു. (ക) ഓരോ പൌരനും എന്തിനെങ്കിലും കൊള്ളാവുന്നവനായിരിക്കണം. ഒരു ജോലിയെങ്കിലും നല്ലവണ്ണം ചെയ്യുവാൻ അയാൾ പ്രാപ്തനായിരിക്കണം. അതായതു അയാൾക്ക് യോജിച്ച ഒരു തൊഴിലിനു സന്നദ്ധനായിരിക്കണം. (ഖ) ശരിയായ വികാരങ്ങളെ വികസിപ്പിച്ച് ആയാളിൽ സമുദായബോധം ഉണ്ടാക്കണം. (ഗ) ആരോഗ്യസംബന്ധമായ പ്രകൃതിനിയമങ്ങളെ അനുസരിക്കുന്ന ഒരു ശുചിത്വമുള്ള മനുഷ്യനായിരിക്കുവാൻ അയാളെ പരിശീലിപ്പിക്കണം.

പുരാതനഹൈന്ദവകാലത്തു മഹാനിയമജ്ഞനായ മനു തൊഴിലുകളെ വിഭജിച്ചിട്ടുള്ളതു് ഇന്നും നിലനില്ക്കുന്നുണ്ട്. അതു നമ്മുടെ ചിന്തയെ നയിക്കുന്നതിനു സഹായിക്കുകയും ചെയ്യും. പൌരന്മാർ നാലുവിധ

ത്തിലുണ്ട്. (ഫ) ഉല്പാദകന്മാർ (വ) വിതരണം ചെയ്യുന്നവർ (സ) സംരക്ഷകന്മാർ (ര) അദ്ധ്യാപകന്മാർ. ആദ്യത്തെ ഭാഗത്തിൽ ഓരോ തരത്തിലുള്ള എല്ലാ കൈത്തൊഴിലുകാരും ഉൾപ്പെടുന്നു. മററു മൂന്നു മാർഗ്ഗങ്ങളിൽ വാസനയില്ലാത്ത വിദ്യാർത്ഥികളെ കൈകൊണ്ടു പലവിധത്തിലുള്ള തൊഴിലുകൾ ചെയ്യുവാൻ പരിശീലിപ്പിക്കുകയാണ് നമ്മുടെ ഉദ്ദേശം. എന്നാൽ സമുദായത്തിലെ വിദഗ്ദ്ധന്മാരല്ലാത്ത വേലക്കാരുടെ എണ്ണം കുറയും. വിദഗ്ദ്ധന്മാരായ വേലക്കാർ കാലത്തിന്റെ മാററമനുസരിച്ചും ആവശ്യമുള്ള ഘട്ടങ്ങളിലും അവരുടെ വേല മാററുന്നതിന് പ്രാപ്തിയുള്ളവരും ആയിരിക്കും. മററു മാർഗ്ഗങ്ങളിൽ സാമർത്ഥ്യമില്ലാത്ത എല്ലാ വിദ്യാർത്ഥികളും ഈ വിഭാഗത്തിൽ പെട്ടവരാണെന്ന് ധരിക്കണം. മാനസികമായി അവർക്ക് നൾകുന്ന പരിശീലനം എഴുത്തിലും, വായനയിലും, കണക്കിലും, പൌരബോധത്തിലും പ്രാപ്തിയുണ്ടാകുക എന്നുള്ളതിനെ ലാക്കാക്കിയായിരിക്കണം. പല വിഷയങ്ങളെപ്പററി അറിവു സമ്പാദിക്കുകയല്ല.

രണ്ടാമത്തെ വിഭാഗത്തിൽ, കൃഷി, വ്യവസായം, സാമാനവില്പന മുതലായവ സംബന്ധിച്ച വിവിധതൊഴിലുകൾ ഉൾപ്പെടുന്നു. സാഹിത്യപരമൊ ശാസ്ത്രപരമൊ ആയ വാസന കൂടാതെ സൃഷ്ടിപരമായ സാമർത്ഥ്യമുള്ള പല വിദ്യാർത്ഥികളുമുണ്ട്. അവരെ ഈ തൊഴിലുകളിൽ പ്രവേശിക്കുന്നതിനു തയാറാക്കാവുന്നതാണ്. കുട്ടികളെ നല്ലപോലെ അറിയാവുന്ന അദ്ധ്യാപകന്മാർക്ക് അവരെ എളുപ്പത്തിൽ തിരഞ്ഞെടുക്കുവാനും, ഏതുതരത്തിലുള്ള ഉന്നതവിദ്യാഭ്യാസമാണ് സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പററി ഉപദേശം നൾകുവാനും, അവർ സ്വീകരിക്കുവാനാഗ്രഹിക്കുന്ന വാണിജ്യജീവിതത്തേയൊ മററൊ പററി അറിവു നൽകുവാനും കഴിയുന്നതാണ്.

മൂന്നാമത്തെ കൂട്ടത്തിൽ പെടുന്ന രക്ഷാകർത്താക്കന്മാർ പൌരന്മാരെയും നിയമത്തേയും സംരക്ഷിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരാകുന്നു. കരസൈന്യം, കടൽസൈന്യം, പോലീസ്, നീതിന്യായം ഇവ ഇതിൽ ഉൾപ്പെട്ടതാണ്. നാലാമത്തെ ഭാഗത്തിൽ അദ്ധ്യാപകന്മാരടങ്ങിയിരുന്നു. സത്യം, ജ്ഞാനം, ശാസ്ത്രം, കല, നിയമം, തത്വശാസ്ത്രം, മതം, മുതലായവയെപ്പററി അന്വേഷിക്കുന്നവരും അവ പ്രചരിപ്പിക്കുന്നവരുമായ എല്ലാവരും ഈ ഇനത്തിൽ ഉൾപ്പെടുന്നു. ഈ നാലു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിൽക്കൂടി ഉത്തമമായ പൌരജീവിതം നയിക്കുന്നതിന് ഓരോ വിദ്യാർത്ഥിക്കും മദ്ധ്യമമൊ, ഉത്തമമൊ ആയ വിദ്യാഭ്യാസം ആവശ്യമാണ്.

വികാരങ്ങളുടെ വളർച്ചയാണ് ഇവയിൽ ഏററവും പ്രധാനമായിട്ടുള്ളതു്. സാധാരണയായി മാനസികവും കായികവുമായ പരിശീലനത്തിലാണ് നാം അധികം ശ്രദ്ധപതിപ്പിച്ചു കാണുന്നതു്. വികാരങ്ങളെ അവഗണിക്കയൊ, തെററായ വഴികളിലേക്ക് അവയെ നയിക്കയൊ ചെ

യ്യുന്നു. എന്നാൽ ഒരു സംഗതി നാം സ്പഷ്ടമായി ധരിക്കണം. പത്തോ പതിനഞ്ചോ സംവത്സരത്തെ വിദ്യാർത്ഥിജീവിതത്തിനിടയിൽ വളരുന്ന വികാരങ്ങളും ആദർശങ്ങളും മിക്കവരുടെ കാര്യത്തിലും അവരുടെ അനന്തര കാലത്തെ ജീവിതവൃത്തികളെ ഭരിക്കുന്നതാണ്.

പള്ളിക്കൂടത്തിലെ 'ഭയം' എന്ന വികാരത്തെപ്പററി ആലോചിക്കുക. ചിലപ്പോൾ വടിയേയൊ, മററുതരത്തിലുള്ള ശിക്ഷയേയൊ ഭയപ്പെടുന്നു. ഈ മൃഗീയാവസ്ഥയിൽനിന്നും ഉയൎന്ന വിദ്യാലയങ്ങളിൽ പോലും കഠിനവാക്കുകൾ, ആക്ഷേപം, പരീക്ഷാഫലങ്ങൾ മുതലായവ സംബന്ധിച്ച ഭയം നിലനിന്നു കാണുന്നുണ്ട്. മിക്ക കുട്ടികൾക്കും ലോകം അവൎക്കു സ്വാഗതമരുളുന്നില്ലെന്നും, അവരുടെ രാജ്യത്തിനു് അവരെ ആവശ്യമില്ലെന്നും തോന്നിപ്പോകുന്നു. "ബുദ്ധിമുട്ടി പഠിക്കുക. ജ്ഞാനം രസമുള്ളതായിട്ടൊ, ഉപയോഗപ്രദമായിട്ടൊ അല്ല. പരീക്ഷയിൽ ജയിക്കണം; അല്ലെങ്കിൽ ജീവിതം സങ്കടകരമാകും എന്നാൽ നിങ്ങൾ ജയിക്കയാണെങ്കിൽ സുഖവും, ബഹുമാനവും, രക്ഷയുമുണ്ടാകും" എന്നു് അവരുടെ മാതാപിതാക്കന്മാരും ഗുരുജനങ്ങളും അവരോടു് പറയുന്നതുപോലെ അവർ കേൾക്കുന്നു.

ഇതു് ഭയംകൊണ്ടുള്ള പ്രയോഗമാണ്. കുട്ടി ഭയത്തോടുകൂടി അനേകവൎഷം വേലചെയ്യുന്നതിനു് പ്രേരിതനാകുന്നു. പരീക്ഷകളിൽ ജയിച്ചതിനുശേഷം അയാൾ ഏതുതരത്തിലുള്ള പൌരനാകും?. ഒരുവൻ ധനവാനാണെങ്കിൽ പൊതുക്ഷേമത്തേക്കാൾ തന്റെ സുഖത്തേയും രക്ഷയേയും നോക്കുകയും അധികാരത്തിനൊ പേരിനൊ ധനലാഭത്തിനൊ വേണ്ടി ഉദ്യോഗം അന്വേഷിക്കയും ചെയ്യും. തന്റെ നിലയേയും ധനത്തേയും രക്ഷിക്കുവാൻ വേണ്ടി പൊതുക്ഷേമത്തിനു വിരുദ്ധമായി രഹസ്യമായി പ്രവൎത്തിക്കുകയും ചെയ്യും. അയാളെ കുററപ്പെടുത്തരുതു്. വിദ്യാഭ്യാസത്തിന്റെ കുററമാണു അയാളിൽ ചീത്തവികാരങ്ങളായ സ്വാൎത്ഥതയും ദുരാഭിമാനവും ഭയവും വളൎത്തിയതു്. അയാൾ നിൎദ്ധനനാണെങ്കിൽ, തന്റെ അല്പസമ്പാദ്യത്തെ സൂക്ഷിക്കുകയും, തെററായ അധികാരത്തെ വണങ്ങുകയും, അഭിവൃദ്ധിയേയും വ്യവസായശീലത്തേയും ഭയപ്പെടുകയും ചെയ്യും.

നാം വിദ്യാലയത്തിൽ ഉപയോഗപ്രദമായ വികാരാന്തരീക്ഷത്തെ ഉണ്ടാക്കണം. അദ്ധ്യാപനത്തെ ഇഷ്ടപ്പെടുന്നവരും മനുഷ്യവൎഗ്ഗത്തിന്റെ ക്ഷേമത്തിൽ ആകാംക്ഷയുള്ളവരും തന്റെ ചൊടി വിദ്യാൎത്ഥികളിൽ ഉണ്ടാക്കുകയും ഉൽകൃഷ്ടാദർശങ്ങൾ നൽകുകയും ചെയ്യുന്നവരുമായ അദ്ധ്യാപകന്മാരെ നാം നിയമിക്കണം. അവർ വിദ്യാൎത്ഥികളെ മനുഷ്യവൎഗ്ഗത്തിന്റെ ചരിത്രം പഠിപ്പിക്കുകയും, ഭൂതകാലത്തിലെ പ്രവൃത്തിയിൽ നിന്നും അവൎക്കു സിദ്ധിക്കുന്ന ഗുണങ്ങൾ മനസ്സിലാക്കുകയും, വൎത്തമാനകാലത്തി

ത്തിലെയും ഭാവികാലത്തിലേയും മനുഷ്യവർഗ്ഗവുമായുള്ള അവരുടെ ബന്ധത്തെ ബോദ്ധ്യമാക്കുകയും ചെയ്യണം. അവർ ഇങ്ങനെ പറയും. "ഇപ്പോൾ വേലചെയ്യുക. ലോകത്തിന് നല്ല മനുഷ്യരെ ആവശ്യമുണ്ട്. എന്തെങ്കിലും പ്രവൃത്തി നല്ലവണ്ണം ചെയ്യുവാൻ കഴിയുന്ന ആൾക്ക് അവിടെ ബഹുമാന്യമായ സ്ഥാനം എല്ലായ്പോഴുമുണ്ട്."

ശക്തിമത്തും നല്ലതുമായ വികാരങ്ങളെ ഉണർത്തുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം യോഗ്യമായ ദേശാഭിമാനത്തെ പഠിപ്പിക്കുകയാകുന്നു. ഞാൻ ജോലിചെയ്തിരുന്ന ചില പാഠശാലകളിലും കലാശാലകളിലും ഞങ്ങൾ "ദേശാഭിമാനക്ലാസ്സ്" ഏർപ്പെടുത്തിയിരുന്നു. അത് ആഴ്ചയിലൊരിക്കൽ ൪൫ മിനിട്ടുനേരമുണ്ടായിരുന്ന ആ ക്ലാസ്സിൽ എല്ലാ അദ്ധ്യാപകാദ്ധ്യേതാക്കളും സന്നിഹിതരായിരുന്നു. പ്രസംഗമണ്ഡപത്തിൽ ഇൻഡ്യയിലെ ഇന്നത്തെയൊ ഭൂതകാലത്തിലെയൊ ഒരു മഹാന്റെ പടം വയ്ക്കുക പതിവായിരുന്നു. ആ പടത്തെ ഒരു മാല അണിയിക്കുകയും ചെയ്യും. ഞങ്ങൾ എല്ലാവരും മാതൃഭൂമിയുടെ സൌന്ദര്യത്തേയും ഐശ്വര്യത്തേയും കീർത്തനം ചെയ്യുന്ന ഒരു ദേശാഭിമാനഗാനത്തോടുകൂടി സമ്മേളനം ആരംഭിക്ക പതിവായിരുന്നു. അനന്തരം ഒരു അദ്ധ്യാപകനൊ വിദ്യാർത്ഥിയൊ ആ മഹാന്റെ ജീവിതത്തേയും പ്രവൃത്തിയേയുംകുറിച്ച് രാജ്യത്തിനും സഹോദരങ്ങൾക്കും ഉണ്ടായിട്ടുള്ള ഗുണഗണങ്ങളേപ്പററിയും അര മണിക്കൂർനേരം പ്രസംഗിക്കും. ഇങ്ങനെ ഒരു കൊല്ലത്തിൽ മുപ്പതിൽ കൂടുതൽ മഹാന്മാരെ വിദ്യാർത്ഥികളുമായി പരിചയപ്പെടുത്തുവാൻ ഞങ്ങൾക്കു സാധിക്കും. അവർ ഭടന്മാരൊ, രാജ്യഭരണധുരന്ധരന്മാരൊ, കവികളൊ, ശാസ്ത്രജ്ഞന്മാരൊ, കലാനിപുണന്മാരൊ മററൊ ആയിരിക്കും. ഇൻഡ്യയിലുള്ള എല്ലാ വിദ്യാലയങ്ങളും ഈ സമ്പ്രദായം സ്വീകരിക്കാതിരിക്കുന്നതിന് ഒരു ന്യായവും കാണുന്നില്ല. വിദ്യാലയത്തിൽ ഇങ്ങനെയുള്ള വികാരങ്ങൾകൊണ്ട് നമുക്ക് ഒരു ദേശത്തെ വേഗത്തിൽ മഹത്തും വിശുദ്ധവുമാക്കി, വിപത്തുകളൊന്നും കൂടാതെ ലോകത്തിലെ ദേശങ്ങളുടെ ഇടയിൽ അന്തസ്സും ബഹുമാനവും പ്രതാപവുമുള്ളതാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്.

## * ലോകത്തിലെ മഹാബുദ്ധിമാൻ.

പ്രൊഫസ്സർ ആൽബർട്ട് എയിൻസ്റ്റീൻ.

സാബന്ധികത്വവാദം

(പി. ദാമോദരൻപിള്ള ബി. എ.)

പ്രൊഫസ്സർ സി. വി. രാമന് ഈയിടെ നോബൽസമ്മാനം ലഭി

* മലയാളരാജ്യം.

ച്ചുവെന്നും, അദ്ദേഹം അതു വാങ്ങാൻ യൂറോപ്പിലേക്കു പോകുന്നുവെന്നും വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. ൻ൰൦൦൦ രൂപാ വിലവരുന്ന ഈ സമ്മാനം നൽകുന്നതു് സാഹിത്യം, ശാസ്ത്രം മുതലായ വിഷയങ്ങളിൽ ലോകോത്തരവൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്നവർക്കാകുന്നു. യൂറോപ്പിന്റെ വടക്കുവശത്തു കിടക്കുന്ന സ്കാൻഡിനേവിയൻ ഉപദ്വീപിൽ ഉൾപ്പെട്ട സ്വീഡൻ എന്ന രാജ്യത്തിലെ ഗവർമ്മെണ്ടാണ് ഈ സമ്മാനം നിശ്ചയിച്ചിട്ടുള്ളതു്. പ്രൊഫ്സർ സി. വി. രാമൻ സ്വീഡനിലേക്കാണ് പോകാൻ ഭാവിക്കുന്നതും.

ഈ നോബൽസമ്മാനം ലഭിച്ചിട്ടുള്ള ഭാരതീയർ ഡാക്ടർ രവീന്ദ്രനാഥടാഗോറും, പ്രൊഫ്സർ സി. വി. രാമനുമാകുന്നു. മഹാകവിടാഗോറിനു സാഹിത്യത്തിനും, സി. വി. രാമനു ശാസ്ത്രത്തിന്റെ (സയൻസിന്റെ) ഒരംശമായ ഫിസിക്സിനുമാണ് ഈ സമ്മാനം ലഭിച്ചിട്ടുള്ളതു്. ഇതിനു മുൻപു ഫിസിക്സിനു നോബൽസമ്മാനം വാങ്ങിയ ഒരു അത്ഭുതമനുഷ്യനാണു പ്രൊഫ്സർ ആൽബർട്ടു എയിൻസ്റ്റീൻ.

ഇദ്ദേഹത്തിന്റെ ബുദ്ധിവൈഭവം ആലോചിച്ചാൽ ഇത്തരം മൂന്നുനാലു നോബൽസമ്മാനത്തിന് അർഹനാണെന്ന് ബോധപ്പെടും. എയിൻസ്റ്റീന്റെ 'സാബന്ധികത്വവാദം' ലോകത്തെ ആശ്ചര്യപരവശമാക്കിത്തീർത്തു. സാംബന്ധികത്വവാദം അഥവാ Theory of Relativity എന്നതു് ഒരു വാചകത്തിൽ പറയുമ്പോൾ എല്ലാവൎക്കും മനസ്സിലാകുന്നതാണെന്നു തോന്നും. പക്ഷേ ലോകത്തെ മഹാഗണിതശാസ്ത്രജ്ഞന്മാരിൽ (Matheniaticians) അരഡസൻപേൎക്കുതന്നെയും ഇതുവരെ ഈ വാദത്തിന്റെ സമൎത്ഥനം ശരിയായി മനസ്സിലായിട്ടില്ലത്രെ. എയിൻസ്റ്റീൻ തന്റെ ഇരുപത്തേഴാമത്തെ വയസ്സിൽ സാംബന്ധികത്വവാദം പ്രഖ്യാപനംചെയ്തു. അന്നത്തെ കേംബ്രിഡ്ജ് സൎവ്വകലാശാലയിലെ ഫിസിക്സ് പ്രൊഫസരായിരുന്ന മഹാന് ഈ വാദം മനസ്സിലാക്കാൻ ഒരാഴ്ച മുഴുവൻ അതികഠിനമായി ബുദ്ധിമുട്ടേണ്ടിവന്നു.

എയിൻസ്റ്റീന്റെ നോട്ടുപുസ്തകത്തിലെ വശങ്ങളിൽകൂടി അക്കങ്ങളാകുന്ന സൈന്യങ്ങൾ കടന്നുപൊയ്ക്കൊണ്ടേയിരിക്കുന്നു എന്നാണ് 'സയൻസ് ആൻറ് ഇൻവെൻഷൻ' എന്ന അമേരിക്കൻ മാസിക ഒരിക്കൽ പറഞ്ഞതു്. മുന്നൂറും നാന്നൂറും വശങ്ങളുള്ള നോട്ടുബുക്കുകൾ ഓരോരു കണക്കിന്റെ അവസാനത്തിൽ അക്കങ്ങളും അടയാളങ്ങളുംകൊണ്ടു നിറഞ്ഞിരിക്കും.

സാംബന്ധികത്വവാദം എളുപ്പത്തിൽ മനസ്സിലാക്കാൻ എയിൻസ്റ്റീൻ പ്രയോഗിച്ച വിദ്യതന്നെ ഇവിടെ വിവരിക്കാം. എയിൻസ്റ്റീന്റെ ഇപ്പോഴത്തെ പത്നിക്കു കണക്കു എന്നുവച്ചാൽ ചക്കോ ചുണ്ണാമ്പോ എന്നു നിശ്ചയമില്ല. ഇദ്ദേഹത്തിന്റെ സിക്രട്ടറി ഒരു സ്ത്രീതന്നെയാണ്. അ

വരും കണക്കിനോട് മൂന്നാംനാളല്ലെങ്കിലും പൊരുത്തമുള്ളവരല്ലത്രെ. എയിൻസ്റ്റീൻ ഒരിക്കൽ ഈ സ്ത്രീയോട് സംബന്ധികത്വത്തെക്കുറിച്ചു പ്രസംഗിക്കാൻ തുടങ്ങി. രാമായണം മുഴുവൻ കേട്ടിട്ടു സീത ആരെന്നു ചോദിക്കുന്നതുപോലെ "സാംബന്ധികത്വം എന്നു പറഞ്ഞാൽ എന്താണെന്നു മനസ്സിലാക്കണം?" എന്ന് അവർ അക്ഷമയോടെ അമർഷവതിയായി. എയിൻസ്റ്റീൻ ഇതിനു നൽകിയ മറുപടി രസാവഹവും "അവഗാഹിനി"യും ആണെന്നു പറയാം. അദ്ദേഹം പറഞ്ഞു:— "ഒരു യുവാവു ഒരു സുന്ദരിയോട് ഒരു മണിക്കൂർ സല്ലപിച്ചാലും ഒരു മിനിട്ടുനേരമെ ആയുള്ളു എന്ന് അവക്കു രണ്ടുപേക്കും തോന്നിയേക്കാം. നേരെമറിച്ച് ഒരു വിരഹിണിക്കു കാമുകന്റെ ഒരു നിമിഷത്തെ വേർപാടിൽ ഒരു മണിക്കൂർ വിരഹം അനുഭവിച്ചെന്നും തോന്നാം. ഇതാണു സാംബന്ധികത്വം."

ഇവിടെ മണിക്കൂറും, മിനിട്ടും എപ്പോഴും ഒരുപോലെയിരിക്കുന്നുണ്ടെങ്കിലും പ്രത്യേകസന്ദർഭങ്ങളോട് അവ സംബന്ധിക്കുമ്പോൾ അവയുടെ പ്രതീതിക്കു വ്യത്യാസം വരുന്നു. വേറൊരു തരത്തിൽ പറയുകയാണെങ്കിൽ സമയത്തിന്റെ ഹ്രസ്വവികാസങ്ങൾ അവനവനെ സംബന്ധിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാം. ഒരാളിന്റെ ഒരു നിമിഷം മറ്റൊരാളിന് ഒരു മണിക്കൂറൊ ഒരു ദിവസമൊ ആയിരിക്കാം. ഒരാളിന്റെ ഒരു ദിവസം മറ്റൊരാളിന്റെ ഒരു മണിക്കൂറും ആകാം. ഇങ്ങിനെ പ്രത്യേകസന്ദർഭങ്ങളെ അനുസരിച്ച് അഥവാ സംബന്ധിച്ചുമാത്രം കാലം അഥവാ സമയം ഇരിക്കുന്നു എന്നതിനെ പ്രതിപാദിക്കുന്ന ഈ വാദത്തിന് സാംബന്ധികത്വവാദമെന്ന് പേരു കൊടുത്തിരിക്കുന്നു.

ഒരാൾ കുളിക്കുന്ന തൊട്ടിയിൽ നിറച്ചിരുന്ന വെള്ളത്തിലിറങ്ങി മുങ്ങിയെന്നും, അതുവഴി അയാൾ വേറൊരു ലോകത്തു ചെന്നു കല്യാണംകഴിച്ചു ഭാര്യാപുത്രാദികളുമായി വളരെനാൾ സൈ്വരമായി ജീവിച്ചു എന്നും, പിന്നീട് എന്തോ ജാലവിദ്യയാൽ തിരികെ മുങ്ങിയ തൊട്ടിയിൽതന്നെ പൊങ്ങി എന്നും മററും ഹ്യൂം (Hume) ഒരു കഥ പറയുന്നുണ്ട്. ഒന്നു മുങ്ങി പൊങ്ങുന്നതിന് കണ്ണടച്ചു തുറക്കുന്ന സമയം മതിയല്ലൊ. ആ സമയത്തിനകം അയാൾ മറെറാരു ലോകത്ത് എത്രയോ നാൾ കഴിച്ചുകൂട്ടിയിട്ടു തിരികെ പൊങ്ങിയപ്പോൾ തൊട്ടിക്കു ചുററിനും നിന്നിരുന്നവർ അവിടെ ത്തന്നെ നില്ക്കുന്നു. ഒന്നു മുങ്ങി അപ്പോൾതന്നെ പൊങ്ങുകയും ചെയ്തു എന്ന് അവർ പറഞ്ഞപ്പോൾ മുങ്ങിയ വിദ്വാൻ അന്യലോകത്തു കഴിച്ചുകൂട്ടിയ അനേകനാൾ, തൊട്ടിക്കു ചുററിനും നിന്നവക്ക് ഒരു നിമിഷം മാത്രമായിരുന്നു എന്ന് വിശ്വസിക്കുവാൻ മടിക്കും. നാം സ്വപ്നത്തിൽ പലപ്പോഴും മൂന്നുനാലു ദിവസങ്ങൾ കഴിഞ്ഞതായി സ്വയം അനുഭവപ്പെട്ടതാറുണ്ട്. ഉറങ്ങാൻ തുടങ്ങിയിട്ട് എത്ര ദിവസമായി എന്നുള്ള ചിന്തയോടെ

സ്വപ്നത്തിൽനിന്നും ഉണൎന്നു നോക്കുമ്പോൾ നാം അരമണിക്കൂർ മാത്രമെ ഉറങ്ങിയുള്ളു എന്നു് നാഴികമണി ഘോഷിക്കുന്നതുകേട്ടു് അത്ഭുതപ്പെടുന്നു. സ്വപ്നത്തിലെ മൂന്നുനാലു ദിവസങ്ങൾ ജാഗ്രത്തിലെ അര മണിക്കൂറായി ത്തീരുന്നു. ഇതാണു പ്രത്യേകസന്ദർഭങ്ങളെ സംബന്ധിക്കുന്ന സാംബന്ധികത്വം.

ഈ വാദം കാലത്തെ മാത്രമല്ല, സ്ഥലത്തേയും ബാധിക്കുന്നതാകുന്നു. ഒരാൾ ൧ മണിക്കൂർകൊണ്ടു് ൨൦ മൈൽ നടക്കുന്നു. മറെറാരാൾ കാറിൽ ൧ മണിക്കൂർ സഞ്ചരിക്കുന്നു. ൧ മണിക്കൂർ കൊണ്ടു നടക്കുന്നവൻ ൨൦ മൈൽ ദൂരം പോകുമെങ്കിൽ കാർ അത്രയും സമയംകൊണ്ടു ൧൦൦ മൈൽ പോയേക്കും. ഒരാളിന്റെ ൧൦൦ മൈൽ മറേറയാളിന്റെ ൨൦ മൈലാണ്. അതായതു് ഒരാളിന്റെ മൈലിനു് എട്ടു ഫർല്ലാംഗ് നീളമുണ്ടെങ്കിൽ മറെറയാളിന്റെ മൈലിനു ൪൦ ഫർലാംഗ് നീളമുണ്ടു്. ഇങ്ങിനെ സ്ഥലകാലങ്ങളെ ഒരുപോലെ ബാധിക്കുന്നതാണു് സാംബന്ധികത്വവാദം.

ഇതിൽനിന്നും എയിൻസ്റ്റീന്റെ നിഗമനം (Conclusion) സ്ഥലകാലങ്ങൾക്കു പ്രത്യേകസത്തയില്ല എന്നാണ്. അവ വസ്തു (Matter) വിന്റെ രണ്ടു ഗുണങ്ങൾ മാത്രമാണ്.

ആദ്യമായി കാലം ഇല്ലെന്നുപറയുന്നതിനെ അദ്ദേഹം എങ്ങിനെ സ്ഥാപിക്കുന്നു എന്നു നോക്കാം. ഒരു മണിക്കൂർ എന്നു പറയുന്നതു് ൬൦ മിനിട്ടാണെന്നു ലോകമെല്ലാം സമ്മതിക്കുന്നു. ഇതിനുപകരം ഒരു മണിക്കൂറിനെ ൧൦൦ മിനിട്ടാക്കി ലോകസമ്മതവും സമ്പാദിച്ചാൽ ഇന്നത്തെ മണിക്കൂറുകളുടെ കഥയെന്താണ്? അവ ഇല്ലാതെയാകും. ഇതിൽനിന്നും അർത്ഥമാക്കേണ്ടതു എന്താണ്? മനുഷ്യൻതന്നെ മണിക്കൂറിനേയും മിനിട്ടിനേയും മററും സൃഷ്ടിച്ചിരിക്കുന്നു എന്നല്ലെ? ഇനി മറെറാരു കാര്യം നോക്കാം. നാം ഇന്നു മണിക്കൂറിനെ അളക്കുന്നതു് എങ്ങിനെയാണ്? ഒരു നാഴികമണിയുടെ അഥവാ ഘടികാരത്തിന്റെ ഒരു സൂചി ഒരിടത്തുനിന്നും ൬൦ മിനിട്ടുകൊണ്ടു് ഇഴഞ്ഞു മറെറാരിടത്തുചെന്നു് നില്ക്കുമ്പോൾ ഒരു മണിക്കൂറായി എന്നു നാം പറയുന്നു. സൂചി ഒന്നു് എന്നുള്ള അക്കത്തിൽനിന്നും നീങ്ങി രണ്ടു് എന്നുള്ള അക്കത്തിലെത്തുന്നു. ഇവിടെ ഒരു സംഗതി പ്രത്യേകം സൂക്ഷിക്കാനുണ്ടു്. സൂചി ഒന്നു് എന്ന അക്കത്തിൽ നില്ക്കുക എന്നതു് ഒരു സംഭവം. പിന്നീടു് അതു രണ്ടു് എന്ന അക്കത്തിൽ വന്നുചേരുക എന്നതു മറെറാരു സംഭവം. ഇങ്ങിനെ രണ്ടു സംഭവങ്ങൾ നടന്നതിനിടക്കു് കുറെ സമയം ഉണ്ടെന്നു നമുക്കു തോന്നുന്നു. അതിനെ ഒരു മണിക്കൂറെന്നു പേരിടുകയും ചെയ്യുന്നു. മണിക്കൂറിനെപ്പററിയുള്ള പ്രതീതിക്കു നിദാനം ആ രണ്ടു സംഭവങ്ങളാണു് എന്നു ഇതിനാൽ സിദ്ധിക്കുന്നുണ്ടു്. ആ രണ്ടു സംഭവങ്ങളും നടന്നുവയില്ല എന്നു സങ്കല്പിക്കുക. പിന്നെ

ങ്ങിനെയാണു നാം സമയം അറിയുന്നത്? അപ്പോൾ നിങ്ങളുടെ ഉത്തരം സൂൎയ്യചന്ദ്രന്മാരും നക്ഷത്രങ്ങളും ഉദിക്കുന്നതും അസ്തമിക്കുന്നതുംകൊണ്ടു സമയം അറിയാമെന്നായിരിക്കും. ഇവിടെയും രണ്ടു സംഭവങ്ങളെ ഒഴിച്ചുകളവാൻ നിങ്ങൾക്കു സാധിക്കയില്ല. ഉദിക്കുക എന്നും അസ്തമിക്കുക എന്നും രണ്ടു സംഭവങ്ങൾ പിന്നെയും ശേഷിക്കുന്നു. അവ രണ്ടും നടക്കുന്നേയില്ല എന്നു സങ്കല്പിക്കുക. പിന്നത്തെ കഥയെന്ത്? സൂൎയ്യചന്ദ്രന്മാരും ഭൂമിയും ഇല്ലെങ്കിലും സൃഷ്ടിസംഹാരങ്ങൾക്ക് മദ്ധ്യേ പിന്നെയും സമയമുണ്ടെന്നു തോന്നുന്നു. സൃഷ്ടിയും സംഹാരവും, പ്രപഞ്ചം തന്നെയും ഇല്ലെങ്കിൽ പിന്നെങ്ങിനെയാണ് സമയം നിൎണ്ണയിക്കുന്നത്? ഇതുകൊണ്ട് അൎത്ഥമാക്കേണ്ടതു്, ഘടികാരത്തിന്റെ സൂചി, സൂൎയ്യചന്ദ്രാദികൾ മുതലായ വസ്തുക്കളെ ആശ്രയിച്ചിരിക്കുന്നതാണ് സമയം എന്നാകുന്നു. സമയം എന്നതു് വസ്തുവിന്റെ ഒരു ഗുണമാകുന്നു.

ഇനി സ്ഥലം എന്നതു് വസ്തുവിന്റെ മറെറാരു ഗുണമാകുന്നു എന്നുള്ളതിനെ പരിശോധിക്കാം. നമ്മുടെ മുറിയിലെ മേശ കസേര എന്നിവകൾക്കു മദ്ധ്യേ സ്ഥലം അഥവാ ആകാശം ഉണ്ടെന്നു തോന്നാറുണ്ടല്ലൊ. ആ സ്ഥലത്തിനെ അളക്കുന്ന അളവുകോൽ, സ്കെയിലൊ, ഫുട്ടുരൂളൊ എന്തെങ്കിലുമാകട്ടെ; അതിനു പന്ത്രണ്ട് ഇഞ്ചു നീളം വേണമെന്നു ലോകം ഒരു കണക്കുവച്ചിരിക്കുന്നു. ഇരുപതിനാലംഗുലത്തിനെ ഒരു അടിയായി ഗണിച്ചാലെന്ത്? ഇതും മനുഷ്യന്റെ സൃഷ്ടിതന്നെയാണല്ലൊ. നമ്മുടെ ഒരു മൈൽ ഒരു എറുമ്പിനു് ഒരു മൈൽ തന്നെയാണോ? അങ്ങിനെയാണെങ്കിൽ ചിരട്ടയിൽ വെള്ളം അതിനു സമുദ്രമാകുമോ? ഇതിൽ നിന്നും ഊഹിക്കേണ്ടതു് സ്ഥലവിസ്തൃതിയും അതാതു് ഉപാധികളെ സംബന്ധിച്ചിരിക്കുന്നു എന്നല്ലേ? ഇവിടെയും സാംബന്ധികത്വം തന്നെ കാണുന്നു.

ഇതിനെ എയിൻസ്റ്റീൻ എങ്ങിനെ സമൎത്ഥിക്കുന്നു? രണ്ടു വസ്തുക്കൾക്കു മദ്ധ്യേ സ്ഥലം ഉണ്ടെന്നു തോന്നുന്നു. രണ്ടു പട്ടണങ്ങളുടെ മദ്ധ്യേ സ്ഥലം കാണപ്പെടുന്നു. ഭൂമിയുടേയും ചന്ദ്രന്റേയും മദ്ധ്യേ കുറെ സ്ഥലം ഉണ്ട്. നക്ഷത്രങ്ങളുടെ മദ്ധ്യേ വളരെ സ്ഥലം ഉണ്ടായിരിക്കും. ഇങ്ങിനെ നോക്കിയാൽ രണ്ടോ അതിൽ കൂടുതലൊ ആയ വസ്തുക്കളില്ലാതെ സ്ഥലം ഇല്ലെന്നു വരുന്നതാണ്. സ്ഥലം മനുഷ്യന്റെ മറെറാരു സൃഷ്ടിയാകുന്നു എന്നും, അതിന് കേവലസത്തയില്ലെന്നുമാണ് എയിൻസ്റ്റീൻ പഠിപ്പിക്കുന്നതു്. ഒരു രാത്രികൊണ്ട് ഈ പ്രപഞ്ചം മുഴുവനും, ഒരു ചെറുനാരങ്ങയുടെ വലിപ്പത്തിൽ ചുരുങ്ങിപ്പോകുന്നു എന്ന് വിചാരിക്കുക. നേരംവെളുത്തു് ഉണൎന്നുനോക്കുമ്പോൾ നാം ഈ മഹത്തായ മാററം അറിയുമോ? ഇല്ല. നമ്മുടെ സൂൎയ്യൻ അപ്പോഴും ഒൻപതുകോടി മൈൽ ദൂരെയായിരിക്കും. നമ്മുടെ മൈൽ അന്നും എട്ടു ഫർലാംഗു തന്നെ ആയിരിക്കും. നമ്മുടെ

ഫുട്ടറുൾ അപ്പോഴും ഒരടിയായിരിക്കും. പിന്നെന്താണു വ്യത്യാസം.? ഇപ്പോഴത്തെ ഒൻപതുകോടി മൈലിൻേറയൊ വെറും ഒരു മൈലിൻേറയൊ, ഫുട്ടറൂളിൻേറയൊ, നമ്മുടെ തന്നെയൊ വലിപ്പം ഒരു ചെറുനാരങ്ങയുടെ അകത്തു് അടങ്ങത്തക്കവണ്ണം ചുരുങ്ങിപ്പോകുന്നു. ആകസ്മികമായി എല്ലാംകൂടി ഒരുമിച്ച് ഒരേ സമത്തു ചുരുങ്ങിയാൽ നാം അതു് അറിയുന്നതെങ്ങിനെ.? നേരെ മറിച്ച് പ്രപഞ്ചം ചുരുങ്ങിക്കൊണ്ടും അതേസമയത്തു നാം ചുരുങ്ങാതെയും ഇരുന്നാൽ മാത്രമെ അപ്പൊഴുണ്ടാകുന്ന വ്യത്യാസം നാം അറിയുകയുള്ളൂ. ഇതും സ്ഥലവിസ്തൃതിയുടെ സാംബന്ധികത്വത്തെ തെളിയിക്കുന്നു. യാതൊരു വസ്തുവും ഇല്ലെങ്കിൽ സ്ഥലം അറിയാൻ ഒക്കുകയുമില്ല. ഇങ്ങിനെ ചിന്തിക്കുമ്പോൾ ഏതെങ്കിലും വസ്തുവിനോടു കൂട്ടിച്ചേർത്തു മാത്രമെ നമുക്കു സ്ഥലത്തെപ്പററി ഒരു ബോധം രൂപീകരിക്കാൻ സാധിക്കുന്നുള്ളൂ എന്നു കാണാം. വസ്തുവില്ലെങ്കിൽ സ്ഥലകാലങ്ങളുമില്ല. ഇതാണു എയിൻസ്റ്റീൻേറ സംബന്ധികത്വവാദത്തിൻേറ ഏതാണ്ടൊരു അവ്യക്തവും, വിദൂരവും ആയ സാമാന്യരൂപം. ഈ വാദം മററു ചിലരുടെ ഗവേഷണങ്ങൾക്കുശേഷം ശരിയാണെന്നു തെളിഞ്ഞിട്ടുണ്ട്. എങ്കിലും എയിൻസ്റ്റീൻ കണ്ടുപിടിച്ച രീതിയിൽ പ്രസ്തുതവാദത്തെ മനസ്സിലാക്കിയിട്ടുള്ളവർ ഈ ലോകത്തു് നാലോ അഞ്ചോ പേർ മാത്രമേയുള്ളൂ.

ഇനി അദ്ദേഹത്തിൻേറ മറെറാരു മഹാഅപദാനംകൂടി നോക്കാം. സർ ഐസക്ക് ന്യൂട്ടൺ കേന്ദ്രാകർഷണം (Gravitation) കണ്ടുപിടിച്ചു എന്നു പറയുന്നു. ഇതിൻപ്രകാരം പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളും അതാതിൻേറ കേന്ദ്രത്തിലേക്കു മററുവസ്തുക്കളെ എപ്പോഴും ആകർഷിച്ചുകൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സൂര്യൻേറ ചുററും ഗ്രഹങ്ങൾ കറങ്ങിക്കൊണ്ടിരിക്കുന്നതു് ഈ ആകർഷണംകൊണ്ടാണെന്നാണല്ലൊ ന്യൂട്ടൺ പറയുന്നതു്.

എയിൻസ്റ്റീൻ ആകർഷണത്തെപ്പററി പറയുന്നതു് ഇപ്രകാരം ആകുന്നു. ആപ്പിൾപഴം വീണതു ഭൂമി പഴത്തെ ആകർഷിച്ചതുകൊണ്ടല്ല. ഭൂമിയുടെ ചുററിനും ഉള്ള ആകാശം വൃത്താകൃതിയാണ്. ആ വൃത്തത്തിനകത്തുനിന്നും അപ്പിൾപഴത്തിനു വെളിയിൽപോകാൻ സാധിക്കുകയില്ല. (ഏതു ഗോളത്തിൻേറയും ചുററിനുമുള്ള ആകാശം വൃത്താകൃതിയായി ഗോളത്തെ ആവരണംചെയ്യുന്നു എന്നാണ് എയിൻസ്റ്റീൻ പറയുന്നതു്) ഇതിനെ ഉദാഹരിക്കാം. തറ പിഞ്ഞാണിപോലെ കുഴിഞ്ഞിരിക്കുന്ന ഒരു മുറി സങ്കല്പിക്കുക. നല്ലവണ്ണം കുഴിഞ്ഞിരിക്കുന്ന മദ്ധ്യത്തിൽ എന്തെങ്കിലും ഒരു അടയാളം ഇടുക. ആ മുറിയുടെ ഏതൊരു മൂലയിലെങ്കിലും ഒരു ഗോലി വെയ്ക്കുന്ന പക്ഷം തറ നടുവിലേക്കു കുഴിഞ്ഞിരിക്കുന്നതിനാൽ ഗോലി ആ കുഴിയിലുള്ള അടയാളത്തിലേക്കു ഓടുന്നതു് കാണാം. ഇതു

കൊണ്ട് ആ അടയാളം ഗോലിയെ ആകർഷിക്കുന്നു എന്നു പറയാമെങ്കിൽ മാത്രമെ ഭൂമി ആപ്പിൾപഴത്തിനെ ആകർഷിച്ചു എന്ന് പറയാൻ പാടുള്ളൂ.

ഏതു ഗോളത്തിന്റെയും ചുററിനുമുള്ള ആകാശം വൃത്താകൃതിയാണെന്നുള്ളതിനു നടത്തിയിരിക്കുന്ന പരീക്ഷകൾ ഇവിടെ വിവരിക്കണമെങ്കിൽ അവയുടെ പടംകൂടി ആവശ്യമാണ്. പടമില്ലാതെ വർത്തമാനം മാത്രംകൊണ്ടു ഫലമില്ലാത്തതിനാൽ അതിനേപ്പററി കൂടുതലായി ഇവിടെ യൊന്നും പറയുന്നില്ല.

വൃത്താകൃതിയായ ഒരു പാത്രത്തിൽ കുറെ വെള്ളമെടുത്ത് ഒരു കമ്പുകൊണ്ട് ആ വെള്ളത്തെ ചുഴററുകയാണെങ്കിൽ അതു പാത്രത്തിനകത്ത് കറങ്ങിക്കൊണ്ടിരിക്കുമല്ലൊ. അതിന്റെ നടുവിൽ ഒരു ചുഴിയും ഉണ്ടായിരിക്കും. കിടേശികൊണ്ടുള്ള ചെറിയ ഗോളങ്ങൾ ഇങ്ങിനെ കറങ്ങിക്കൊണ്ടിരിക്കുന്ന വെള്ളത്തിലിട്ടാൽ ആ ചുഴിക്കു ചുററിനും അവ പ്രദക്ഷിണം ചെയ്യുന്നതു കാണാം. സൂര്യന്റെ ചുററിനും മററു ഗോളങ്ങൾ വിട്ടുപൊകാതെ ഭ്രമണം ചെയ്യുന്നതിനു കാരണം പാത്രത്തിലെ വെള്ളമെന്നപോലെ സൂര്യനെ ചുററിയിരിക്കുന്ന ആകാശവും വൃത്താകൃതിയെ അവലംബിച്ചിരിക്കുന്നതാകുന്നു എന്നാതെ എയിൻസ്റ്റീൻ പറയുന്നത്. പോരെങ്കിൽ, ന്യൂട്ടന്റെ കേന്ദ്രാകർഷണവാദപ്രകാരം ബുധന്റെ (Mercury) അണ്ഡാകൃതിയിലുള്ള ഭ്രമണത്തിനു യാതൊരു സമാധാനവും ഇതുവരെ കണ്ടുപിടിച്ചിട്ടില്ലായിരുന്നു. എന്നാൽ എയിൻസ്റ്റീന്റെ മുൻചൊന്ന വാദപ്രകാരം നോക്കുമ്പോൾ അതിനു സമാധാനവും വ്യക്തമായിക്കഴിഞ്ഞിരിക്കുന്നതിനാൽ ന്യൂട്ടന്റെ വാദത്തെ പിൻതള്ളിക്കളയാനാണ് എളുപ്പം.

ഇനിയും ഇദ്ദേഹത്തിന്റെ അത്യത്ഭുതകരമായ പല കണ്ടുപിടിത്തങ്ങളും ഉണ്ട്. അവ ചതുർത്ഥപരിമാണം (Fourth Dimension) ഋജുരേഖ അസംഭാവ്യമാണെന്നുള്ള സിദ്ധാന്തം, യൂക്ലീഡിന്റെ അബദ്ധം മുതലായവയാണ്. ഓർമ്മയിൽനിന്നും വിട്ടുപോയ ചില പ്രധാനസംഗതികളെ വിവരിക്കാൻ സാധിക്കുന്നില്ല. ഇവയിൽ ഋജുരേഖ അസംഭാവ്യമാണെന്നുള്ളതും, യൂക്ലീഡിന്റെ അബദ്ധവും, ആകാശം വൃത്താകൃതിയാണെന്നുള്ള സിദ്ധാന്തത്തെ ഉപജീവിക്കുന്നതാകുന്നു. ഇംഗ്ലീഷിൽ ഈതർ (Ether) എന്നു പറയപ്പെടുന്ന വസ്തു ഇല്ലെന്നാണ് എയിൻസ്റ്റീൻ പറയുന്നത്. ഇക്കാര്യത്തിൽ ഇദ്ദേഹത്തെ പിൻതാങ്ങാൻ മററു ശാസ്ത്രജ്ഞന്മാരും ഇല്ലാതില്ല.

സയൻസ് ആയന്റ് ഇൻവെഷൻ എന്ന മാസികയിൽ ഒരിക്കൽ എയിൻസ്റ്റീനെപ്പററി വായിച്ചതു വളരെ നേരംപോക്കായിരുന്നു. ആ ലേഖനത്തിന്റെ ആരംഭത്തിൽ "ഹിന്ദുസ്ഥാനത്തിലെ ആറു കുരുടന്മാർ ആ

നയെ കാണാൻ പോയി" എന്നു തുടങ്ങുന്ന ഇംഗ്ലീഷുകവിതയായിരുന്നു. ഇതുവരെയുള്ള ശാസ്ത്രജ്ഞന്മാരെല്ലാം കുരുടന്മാരായിരുന്നെന്നും, അവരെല്ലാം ശാസ്ത്രീയപര്യവേക്ഷണം നടത്തിയതു് ഗജാന്ധന്യായമനുസരിച്ചാണെന്നും എയിൻസ്റ്റീൻ തുറന്ന കണ്ണോടുകൂടി പ്രപഞ്ചത്തെ കാണുന്നു എന്നും മററുമായിരുന്നു ആ ലേഖനസാരം. അദ്ദേഹം പ്രപഞ്ചത്തെ ഒരു വശത്തു നിന്നു തപ്പിത്തടഞ്ഞു നോക്കുകയല്ല ചെയ്യുന്നതു് എന്നും പ്രാപഞ്ചികനിയമങ്ങളുടെ ഒരു സമഗ്രവീക്ഷണമാണു് അദ്ദേഹത്തിനുള്ളതെന്നുമാകുന്നു വായനക്കാർ ഇവിടെ മനസ്സിലാക്കാനുള്ളതു്.

എയിൻസ്റ്റീൻ ഒരു ജർമ്മൻകാരനാണു്. അത്യുഗ്രമായ ദാരിദ്ര്യം ബാല്യകാലത്തെ ഗ്രസിച്ചിരുന്നു. ജർമ്മനിയുടെ തലസ്ഥാനമായ ബർലിൻ നഗരത്തിലാണു് അദ്ദേഹം താമസിക്കുന്നതു്. മദ്ധ്യവയസ്സു കഴിഞ്ഞിട്ടുണ്ടു്. സാധാരണ ആളുകളിൽനിന്നും വ്യത്യസ്തമാക്കുന്ന വിശേഷവിധികളൊന്നും അദ്ദേഹത്തിൽ കാണാനില്ല. പൊക്കം സാധാരണയിൽ കൂടുതലില്ല. പക്ഷേ ലലാടപ്രദേശം അത്യുന്നതവും വിസ്തൃതവുമാണു്. കണ്ണുകൾ അത്യുജ്ജ്വലവുമായിരിക്കുന്നു. അധികം ബലിഷ്ഠമായ ശരീരമല്ല. ഏതുസമയവും കണക്കുചെയ്തുകൊണ്ടിരിക്കുന്നതിൽ ലീനനായിപ്പോകാറുണ്ടു്. ഭാര്യ കതകുതുറന്നു വല്ലതും കൊടുത്താൽ മാത്രമേ അദ്ദേഹം ആഹാരം കഴിക്കാറുള്ളു. ഭാര്യയുടെ കൃത്യബോധം അനുകരണാർഹമാണത്രെ. അനേകനൂററാണ്ടുകളായി ആരും കണ്ടുപിടിക്കാത്ത പലതിനെയുംപററി ആലോചിച്ചുകൊണ്ടിരിക്കുമ്പോഴും ഭാര്യയുടെ തോളിലായിരിക്കും എയിൻസ്റ്റീൻ തന്റെ ശാരീരികവിശ്രമം അനുഭവിക്കുന്നതു്. ഭർത്താവിന്റെ ഏതു നിസ്സാരമായ സുഖത്തിനും ആ സ്ത്രീതന്നെയാണു് ഉത്തരവാദി.

എയിൻസ്റ്റീൻ ആദ്യം വിവാഹംചെയ്തതു് ഒരു ഒന്നാംതരം ഗണിതശാസ്ത്രജ്ഞയെ ആയിരുന്നു. അവരിൽ അദ്ദേഹത്തിനു് രണ്ടു കുട്ടികളുണ്ടായി. എയിൻസ്റ്റീന്റെ ഇപ്പോഴത്തെ ഭാര്യ അദ്ദേഹത്തിന്റെ ബാല്യസഖിയായിരുന്നു. അവരുടെ ഭർത്താവു മരിച്ചപ്പോൾ അദ്ദേഹം ഗണിതശാസ്ത്രജ്ഞയെ ഉപേക്ഷിച്ചു വിധവയെ വിവാഹം ചെയ്തു.

എയിൻസ്ററീനു് വളരെ ധനമില്ലെങ്കിലും പണത്തിനു അത്യാശയില്ല. ലോകത്തിന്റെ ഹസ്തതാഡനവും, തമ്പേറടിയും അദ്ദേഹം ഗണിച്ചിട്ടേയില്ല. കണക്കിനോടു വാത്സല്യം കഴിഞ്ഞാൽപിന്നെ അദ്ദേഹത്തിനു് ഇഷ്ടമുള്ളതു് ഒരു ചെറിയ വീണയോടാണു്. അഹങ്കാരം എന്നുള്ളതു് എയിൻസ്റ്റീനെ തീണ്ടിയിട്ടുപോലുമില്ല. ലോകത്തിലെ ഏററവും ബുദ്ധിമാനായ മനുഷ്യനാണെന്നോ ൯൯൦൦൦ രൂപാ സമ്മാനം വാങ്ങിയവനാണെന്നോ അദ്ദേഹം അഭിമാനിക്കുന്നില്ല. അദ്ദേഹത്തിന്റെ മുറിയും സ്വന്തം വേഷങ്ങളും ആഡംബരത്തിൽനിന്നും ബഹുദൂരം ഒഴിഞ്ഞിട്ടുള്ളവയാ

കുന്നു. ലോകത്തിൽ ഇന്നുവരെ ജീവിച്ചിട്ടുള്ള ചരിത്രപുരുഷന്മാരാരും ബുദ്ധിശക്തിയിൽ എയിൻസ്റ്റീനെ അതിശയിക്കുന്നില്ല. പുരാണപുരുഷന്മാരേയൊ ശങ്കരാചാര്യരേയൊ, നാം ഇവിടെ എയിൻസ്റ്റീനോടു താരതമ്യപ്പെടുത്തണമെന്നില്ലല്ലൊ. എത്രയോ കാലമായി ലോകം ആരാധിച്ചുവന്ന ന്യൂട്ടനേയും യൂക്ലിഡിനേയും എയിൻസ്റ്ററീൻ പിന്നണിയിൽ തള്ളിക്കഴിഞ്ഞു. ഈ മഹാന്റെ കണ്ടുപിടിത്തങ്ങളൊന്നും ആപ്പിൾപ്പഴം വീണതുകൊണ്ടൊ, വെള്ളംതിളപ്പിച്ചപ്പോൾ കാപ്പിപാത്രത്തിന്റെ അടപ്പു തുടിച്ചതുകൊണ്ടൊ ഉണ്ടായ അവിചാരിതസംഭവങ്ങളല്ല. സ്ഥലവും കാലവും നാമമാത്രങ്ങളാണെന്നു പറയുന്ന ഇദ്ദേഹം, ഈശ്വരൻ സ്ഥലകാലങ്ങൾക്കതീതനാണെന്നു വിശ്വസിക്കുന്ന ഭാരതീയനെ എത്രമാത്രം സഹായിക്കുന്നു എന്നുള്ളതു് ആലോചനാർഹമാണ്. ഭൂമി ഒരു ഗോളമാണെന്നും, അതു സൂര്യനെ ചുററുന്നു എന്നുംമററും കണ്ടുപിടിച്ചിട്ടു് ദശമാമത്തെ വയസ്സിൽ മൃതിയടഞ്ഞ ആര്യഭട്ടനേയും എയിൻസ്ററീനോടൊപ്പം ഈ ലേഖകൻ ഓക്കാതിരിക്കുന്നില്ല.

# അദ്ധ്യാപകന്മാരുടെ പ്രാവിഡണ്ടഫണ്ട്.

(എസ്സ്. നീലകണ്ഠയ്യർ സിക്രട്ടറി, അദ്ധ്യാപകയോഗം, മുഞ്ചിറ.)

തിരുവിതാംകൂർ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ചുരുങ്ങിയ ശമ്പളം നിമിത്തം അവക്കും കുടുംബങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന അളവററ ദാരിദ്ര്യദുഃഖം അനിവ്വചനീയമാണെന്നുള്ളതു് സവ്വവിദിതവും അനുഭവൈകവേദ്യവുമാണല്ലൊ. ലോകം മുന്നോട്ടു ഗമിക്കുന്തോറും പണത്തിന്റെ ആവശ്യവും വദ്ധിച്ചുതന്നെ വരുന്നു. മററു യാതൊരു വഴിക്കും ധനാജ്ജനത്തിന് അവരുടെ ചുമതലയേറിയ ജോലിനിമിത്തം കൃത്യബാധ്യഞരായ അവക്ക് നിവൃത്തിയില്ല. അല്പശമ്പളക്കാരാണെങ്കിലും അവക്കും മററുമനുഷ്യരോടൊപ്പം ആവശ്യങ്ങൾ ഉണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു. പെൻഷൻപററുന്നതുവരെ ഈ സാധുക്കൾ കിട്ടുന്ന ശമ്പളംകൊണ്ട് ഒരു വിധം അദ്ധപട്ടിണിയായിട്ടാണു കഴിയുന്നതു്. പെൻഷൻ പററി പിരിയുമ്പോഴാണ് അവരുടെ കഷ്ടകാലത്തിന്റെ മൂദ്ധന്യദശയാരംഭിക്കുന്നതു്. എന്തെന്നാൽ അദ്ധപട്ടിണിയാൽ കഴിഞ്ഞതിനാലും വിദ്യാത്ഥികളുടെ ഉ

ല്ക്കർഷത്തിലുള്ള അത്യാശയാൽ ക്രമാതീതമായി ചെയ്തിട്ടുള്ള പ്രവൃത്തിബാഹുല്യത്താലും പെൻഷന് ശേഷംകാലം ശരീരശക്തി ക്ഷയിച്ച് പ്രവൃത്തിശക്തി ക്ഷയിച്ചവരായിത്തീരുന്നു. വരവ് ചുരുങ്ങിയും പ്രവൃത്തിശക്തി നശിച്ചും ഇരിക്കുന്ന ഈ ഘട്ടത്തിൽ ചിലവു കൂടുതലുമാണ്.

മുൻരീതിയിലാണ് ചിലവെന്നിരുന്നാലും വരവ് പകുതിയായതിനാൽ ഭക്ഷണംപോലും മുമ്പിലത്തേതിൽ പകുതിയാക്കാനിടവരുന്നു. ഈ പരിതാപകരമായ നിലയിൽനിന്നും അവരെ രക്ഷിക്കുന്നതിനു പല മാർഗ്ഗങ്ങളും പലരും ആലോചിച്ചിട്ടും നാളതുവരെ യാതൊരു നിവൃത്തിമാർഗ്ഗങ്ങളും ഉണ്ടായിട്ടില്ല. ഐക്യം പല സങ്കടങ്ങളേയും പരിഹരിക്കുന്നതിനാൽ മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ പെൻഷന് ശേഷമുള്ള ജീവിതം ഒരുവിധം ഭംഗിയായി കഴിഞ്ഞുകൂടുന്നതിന് അവരും ഐക്യം സമ്പാദിക്കേണ്ടതും തദ്വാരാ സങ്കടപരിഹാരം വരുത്തേണ്ടതുമാകുന്നു. അതിലേയ്ക്ക് താഴെ കുറിക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു നന്നായിരിക്കുമെന്ന് എനിക്കു തോന്നുന്നു. ഈ മാർഗ്ഗമൊ ഈ മാർഗ്ഗത്തിന്റെ മൗലികതത്വത്തെ ആസ്പദമാക്കിയുള്ള ഇതരമാർഗ്ഗമൊ സ്വീകരിക്കുന്നതിലും വിരോധമില്ല. അതിനാൽ ഇതിനെ സംബന്ധിച്ച് എല്ലാ അദ്ധ്യാപകന്മാരുടേയും അവരുടെ നന്മയെ പ്രതീക്ഷിക്കുന്ന മഹാജനങ്ങളുടേയും അഭിപ്രായമറിയാൻവേണ്ടി എന്റെ അഭിപ്രായങ്ങളെ അടിയിൽ പ്രസ്താവിച്ചുകൊള്ളുന്നു.

(൧) തിരുവിതാംകൂർ ഗവമ്മെൻറ് വർണ്ണാക്കുലർസ്കൂൾ അദ്ധ്യാപക ഐക്യസംഘം എന്ന നാമധേയത്തിൽ ഒരു സംഘം സ്ഥാപിക്കുക.

(൨) ഇതിന്റെ അദ്ധ്യക്ഷനായി ചീഫ് ഇൻസ്പെക്ടരവർകളോടൊ, ശ്രീമാന്മാർ എം. രാമവർമ്മതമ്പാൻ അവർകൾ ബി. എ., എൽ. ടി. ആർ. ഈശ്വരപിള്ള അവർകൾ ബി. എ. തുടങ്ങിയ മാന്യഗുരുനാഥന്മാരിൽ ആരോടെങ്കിലുമൊ അപേക്ഷിച്ച് ആയതു സാധിക്കുക.

(൩) സംഘാധ്യക്ഷന്റെ മേൽനോട്ടത്തിൽ ഗവമ്മെൻറനുവാദത്തോടുകൂടി ടി. സംഘാംഗങ്ങളിൽനിന്നും ഒരു ഫണ്ട് ഉണ്ടാക്കുക.

(൪) എല്ലാ ഗവമ്മെൻറു മലയാളംസ്കൂൾ അദ്ധ്യാപകന്മാരും ടി. സംഘത്തിൽ അംഗങ്ങളായിരിക്കണമെന്ന് നിർബന്ധമുണ്ടാക്കുക.

(൫) ഓരോ അംഗങ്ങളിൽനിന്നും മാസമൊന്നിന് ഒരു രൂപാ വീതം പതിനഞ്ചുമാസം തുടർച്ചയായി പിരിവുനടത്തി ലക്ഷംരൂപാ മൂലധനമുണ്ടാക്കുക.

(൬) ഈ മൂലധനം അതാതു മാസത്തെ ശമ്പളത്തിൽ പിടിച്ചെടുക്കുന്നതിന് ഡിപ്പാർട്ടുമെൻറുമായി വേണ്ട ഏർപ്പാടുകൾ ചെയ്തു ശരിപ്പെടുത്തുക.

(൭) ഈ മൂലധനത്തെ ഗവമ്മെൻറു മേൽനോട്ടത്തിൽ ശരിയായ

പലിശക്കു കൊടുത്തു് മുതൽ വദ്ധിപ്പിക്കുക

(വ്വ) ഇതിലെ ആദായത്തിൽനിന്നും മാസമൊന്നിനു നൂറുരൂപയിൽ കവിയാത്ത ഒരു തുക എടുത്തു് ഈ ഫണ്ടിന്റെ കണക്കു ശരിപ്പെടുത്താനും ആയതു സംഭരിക്കാനും കൊടുക്കൽ വാങ്ങൽ ചെയ്യാനും ആയി ഒരു അക്കൌണ്ടന്റിനേയും ഒന്നോരണ്ടോ ക്ലാക്കന്മാരേയും നിയമിക്കാനുള്ള അധികാരം പ്രസിഡണ്ടിനുണ്ടായിരിക്കുക.

(ൻ) ഈ സ്റ്റാഫിന്റെ ആഫീസ് ചീഫിൻസ്പെക്ടരവർകളുടെ ആഫീസിൽ ഒരു വകുപ്പായിരിക്കാൻ വേണ്ട ഏപ്പാടു ചെയ്യുക.

(൧൦) പ്രസിഡണ്ടു പുറമെനിന്നുമുള്ള ആളാണെങ്കിൽ അഞ്ചു രൂപയിൽ കവിയാത്ത ഒരു പടി മാസംതോറും നല്കേണ്ടതാണ്.

(൧൧) ടി ഫണ്ടിന്റെ പലിശവകയിൻ കിട്ടുന്ന ആദായത്തിൽ ചിലവുകഴിച്ചു ബാക്കി ആണ്ടവസാനത്തിൽ മുതലിനോടു ചേക്കുക.

(൧൨) ഈ ഫണ്ടു പിരിക്കാൻ തുടങ്ങുന്ന ദിവസംമുതൽ പെൻഷൻ പററി പിരിയുന്ന അധ്യാപകന്മാക്കു് ഒരു വഷക്കാലംവരെ അഞ്ഞൂറു രൂപയും മേൽ ഓരോ കൊല്ലത്തിനും ൫൦, രൂപാവീതം കൂട്ടി ൩൦-ാംകൊല്ലം കഴിയുമ്പോഠംമുതൽ ൧൦൦൦, രൂപ വീതം പാരിതോഷികമായി ഗവർമ്മെൻറിൽനിന്നും കൊടുക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യുക.

(൧൩) ഇപ്രകാരം പെൻഷൻ പററി പിരിയുന്ന ഓരോ അധ്യാപകനും ൧൦൦൦.രൂപവീതം കൊടുക്കുന്നതിനുള്ള ധനമായി മൂലധനമായ ലക്ഷം രൂപയിൽ കവിഞ്ഞു് ഇരിപ്പുള്ള ധനം ഉപയോഗിക്കുകയും പോരാതെ വരുന്ന തുക ആകെയുള്ള അംഗങ്ങഠംക്കായി വീതിച്ചു ഈടാക്കുകയും ചെയ്യുക.

(൧൪) ഈവിധം സംഭാവനയായികൊടുക്കുന്ന തുക പെൻഷൻ പററുന്ന ആളിന്റെ പെൻഷൻവാങ്ങുന്ന താലൂക്കുകച്ചേരിയിൽനിന്നും സ്ഥലം ആസിസ്റ്റൻറ് ഇൻസ്പെക്ടരവർകഠം കെട്ടിവാങ്ങി കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടായിരിക്കുക.

(൧൫) പെൻഷൻപററാൻ ഇടയാകാതെ മരണം സംഭവിച്ചുപോകുന്നവരേയും പെൻഷൻപററിയവരെപ്പോലെ കരുതി മരിച്ചുപോയ ആളിന്റെ വിധവക്കോ, വിധവയില്ലാത്തപക്ഷം സന്താനങ്ങഠംക്കോ, രണ്ടുമില്ലാത്തപക്ഷം മാതാവിനൊ മുൻവിവരിച്ച തുക കൊടുക്കാനുള്ള വ്യവസ്ഥയുണ്ടായിരിക്കുക.

(൧൬) പതിനഞ്ചാംവകുപ്പിൽ പറഞ്ഞ അവകാശികഠം ആരും ഇല്ലാത്തവരുടെ മററുബന്ധുക്കഠംക്കു് ഈവക സംഭാവനയ്ക്കു അവകാശം ഇ

ല്ലാത്തതും സംഘത്തിൻെറ സ്പെഷ്യൽവരവായി ആയതു മൂലധനത്തോട്ട് ചേക്കേണ്ടതും ആകുന്നു.

(൧൦) ഓരോ മാസത്തിലും പെൻഷൻപററുക, മരിക്കുക, മുതലായ വരുടെ കണക്ക് പതിനഞ്ചു ദിവസത്തിനകം ഐക്യസംഘം പ്രസിഡ ൻറിന് അറിവുകൊടുക്കത്തക്കവണ്ണം വേണ്ട ഏൎപ്പാടുകൾ ഗവമ്മെൻറുമാ യി നടത്തി ശരിയാക്കുക.

(൧൧) പെൻഷൻ, മരണം ഇവയ്ക്കു പുറമെ രാജികൊടുക്കുക, വീ ഴ്ചകൾക്കായി നീക്കംചെയ്യുക ഇവയാൽ ഡിപ്പാർട്ടുമെൻറ് വിടുന്ന കൂട്ടരും ഉണ്ടാകാവുന്നതാണ്. അവൎക്കു പത്തൊമ്പതാം വകുപ്പനുസരിച്ചുള്ള സം ഭാവന ലഭിക്കുന്നതാണ്.

(൧൨) A. രാജികൊടുക്കുന്ന ആൾ ഒരു അംഗം അടക്കേണ്ട മൂലധന മായ പതിനഞ്ചു രൂപ അടച്ചിരിക്കയും, രാജികൊടുക്കുന്നതു രോഗത്താ ലൊ, അശക്തതയാലൊ, ആയിരിക്കയും ചെയ്യുമ്പോൾ പെൻഷൻകാരെ പ്പോലെ കരുതേണ്ടതില്ലാത്തതും എന്നാൽ അയാൾ അടച്ച തുകകളും അ തിൻെറ നാളതുവരെയുള്ള പലിശയും ഉൾപ്പെടുത്തിയാലുള്ള ആകത്തുക യുടെ ഇരട്ടി സംഭാവനകൊടുക്കേണ്ടതാണ്. രോഗവും അശക്തതയും ഒ രു ഗവമ്മെൻറു മെഡിക്കൽ ബോർഡിനാൽ നിശ്ചയിക്കപ്പെട്ടതായിരി ക്കണം.

B കുററംനിമിത്തം മാററപ്പെടുന്ന ആളാണെങ്കിൽ അയാൾ അട ച്ചിട്ടുള്ള ഓഹരിത്തുകയും, മററുകാലങ്ങളിൽ സംഭാവനകൾക്കായി കൊടു ത്തിട്ടുള്ള തുകയും കൂടിച്ചേൎന്നാൽ വരുന്ന തുകയുടെ നാളതുവരെയുള്ള പ ലിശസഹിതം കൊടുക്കേണ്ടതുമാകുന്നു.

(൨൦) പത്തൊമ്പതാംവകുപ്പിലെ പലിശ കണക്കാക്കുന്നതു് ആണ്ട വസാനം വരെയുള്ള പലിശ മുതലോടു ചേൎത്തു് ആ മുതലിനു പലിശ നോ ക്കുന്ന തോതിലായിരിക്കേണ്ടതാണ്.

(൨൧) ഈ കാൎയ്യനടപ്പിനായി അത്യാവശ്യമെന്നു തോന്നുന്ന കൂടു തൽചട്ടങ്ങളും ഭേദഗതികളും ആഡിററാഫീസരും സംഘാദ്ധ്യക്ഷനും, ചീ ഫ് ഇൻസ്പെക്ടരും, ഡയറക്ടരും കൂടി ആലോചിച്ചു നിൎമ്മിക്കാവുന്നതാണ്.

അദ്ധ്യാപകന്മാൎക്കായി എനിക്കുതോന്നിയ ഒരു മാൎഗ്ഗത്തെ ഇതിൽ സ്ഥൂലമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനെപ്പററിയുള്ള മററഭിപ്രായങ്ങ ളും കാൎയ്യനടപ്പിനുള്ള മാൎഗ്ഗങ്ങളും ഗുരുനാഥൻമാസിക മുഖേന വെളിപ്പെ ടുത്താനപേക്ഷ.

ഇനി ഇതിനെപ്പററി ഒരു ചെറിയ കണക്കുകൂടി പറഞ്ഞു് ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| മൂലധനം ലക്ഷം രൂപാ. | | |
| ഒരുമാസത്തെ പലിശ ½ വീതം | ൫൦൦ | രൂപ |
| വർഷത്തിൽ | ൬൦൦൦ | രൂപ |
| സ്റ്റാഫിനുള്ള ചിലവു് | ൧൨൦൦ | രൂപ |
| ബാക്കി | ൪൮൦൦ | രൂപ |
| വർഷത്തിൽ പെൻഷൻ വക ചിലവു | ൨൦ × ൧൦൦൦=൨൦൦൦൦ | |
| അധികച്ചിലവു് | ൧൫൨൦൦൦ | |
| ഒരാളിന്നു് ഏകദേശം വർഷത്തിൽ | ൭¼ | രൂപ |
| പെൻഷൻ വരെ | ൭¼ × ൩൦=൨൧൭½ | |
| കിട്ടുന്ന തുക | | |
| ലാഭം | | |

ഈ പദ്ധതി അദ്ധ്യാപകന്മാരുടെഗാഢമായ ശ്രദ്ധക്കു വിഷയീഭവിക്കയും അതിനെക്കുറിച്ചുള്ള അവരുടെഅഭിപ്രായം പുറപ്പെടുവിക്കയും ചെയ്യണമെന്നപേക്ഷ. 'ഗുരുനാഥൻ'പ്രവർത്തകന്മാർ.

## ഒരു മിടുക്കൻവാദ്ധ്യാർ കുടുക്കിൽപെട്ടതു്.

(ഒരു അദ്ധ്യാപനവിദഗ്ദ്ധൻ)

ഒരു അദ്ധ്യാപകന്നു് താൻ സമർത്ഥനാണെന്നും പാഠം മുൻകൂട്ടി തയ്യാറാക്കേണ്ട ആവശ്യം ഇല്ലെന്നും ഒരു അഹങ്കാരമുണ്ടായിരുന്നു. ആ മിടുക്കനെ പററിയ അബദ്ധം നോക്കുക.

പാഠം ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ രണ്ടു ശ്ലോകങ്ങളായിരുന്നു.

ആദ്യത്തെ ശ്ലോകം ഇതാണു്.

"പ്രാണങ്ങളാകും പശുവൃന്ദമൊന്നും
കാണാഞ്ഞുഴന്നങ്ങിനെനിന്നു ഞാനും,
കാണായിതന്നേരമുടൻവരുന്നു,
കാർവർണ്ണനാമുണ്ണിയുമിമ്പമോടെ."

അദ്ധ്യാപകൻ ഇതു മുൻകൂട്ടി ഒന്നു നോക്കുകപോലും ചെയ്തിട്ടില്ല ഉച്ചയ്ക്കു് ഊണുകഴിഞ്ഞു മയങ്ങിത്തുടങ്ങിയപ്പോഴാണു മണി അടിച്ചതു് ഉടൻ അലക്ഷ്യമായി ക്ലാസ്സിൽ കയറിച്ചെന്നു് ഒരു കുട്ടിയോടു് ആദ്യത്തെ വരി വായിക്കാനാജ്ഞാപിച്ചു. കുട്ടി അതു വായിച്ചു നിറുത്തി. അദ്ധ്യാപകൻ 'പ്രാണൻ' എന്ന പദത്തിനേയും 'പ്രാണങ്ങളാകും പശുവൃന്ദ'മെന്ന

തിനേയും പററി വിസ്തരിച്ചു പഠിപ്പിച്ചു. പിന്നീട് അടുത്ത വരി വായിപ്പിച്ചു പശുക്കൂട്ടത്തെ കാണാഞ്ഞുള്ള പരിഭ്രമത്തെ സ്പഷ്ടമാക്കി. അനന്തരം മൂന്നാമത്തെ വരി വായിക്കാൻ പറഞ്ഞു. ഒരു കുട്ടി അതു വൃത്തിയായി വായിച്ചു. 'ഉടൻവരുന്നു' എന്നതിനെ അല്പം ഉറപ്പിച്ചാണു വായിച്ചതു്. ഇതുകഴിഞ്ഞുള്ള വ്യാഖ്യാനം രസംപിടിച്ചു. പശുക്കൂട്ടത്തെ കാണാഞ്ഞു പരിഭ്രമത്തോടുകൂടി നോക്കിനില്ക്കുമ്പോൾ ബഹുദൂരത്തിൽനിന്നു അവ(പശുക്കൂട്ടം)യുടെ വരവു കാണുകയുണ്ടായി എന്നു നല്ലവണ്ണം തെളിച്ചു പറഞ്ഞുകൊടുത്തു. പിൻവരുന്ന കാര്യം ഇന്നതാണെന്നു നോക്കാതിരുന്നാൽ ഈ അർത്ഥം ഒരുമാതിരി ചേർച്ചയുള്ളതായി തോന്നുകയും ചെയ്യും. എന്നാൽ ഒടുവിലത്തെ വരി വായിച്ചപ്പോൾ വാദ്ധ്യാർക്കു മുൻപിലത്തെ വ്യാഖ്യാനം അബദ്ധമായി എന്നു തോന്നുകയും ചില്ലറ പരിഭ്രമമുണ്ടാകയും ചെയ്തു. കണ്ടതു പശുക്കളുടെ വരവല്ലെന്നും കൃഷ്ണന്റെ വരവാണെന്നും അറിഞ്ഞപ്പോൾ ഇതി കർത്തവ്യതാമൂഢനായി അല്പം നിന്നുപോയി. ഗ്രഹപ്പിഴക്കു മൂന്നാമത്തെ വരിയുടെ അർത്ഥം പറഞ്ഞുകൊണ്ടിരുന്നപ്പോൾ യാദൃച്ഛികമായി പ്രഥമാദ്ധ്യാപകനും അവിടെ ചെല്ലുകയുണ്ടായി. അബദ്ധത്തിൽ ചാടിയതു ഹെഡ്മാസ്റ്റർ ക്ലാസുമുറിയിൽ പ്രവേശിച്ചതോടുകൂടിയായിരുന്നതിനാൽ ബുദ്ധി പതറിപ്പോയി എങ്കിലും അതിനെ വെളിയിൽ കാണിക്കാതെ ധൈര്യം അവലംബിച്ചു് അദ്ധ്യാപകൻ ഒരു വിദ്യ പ്രയോഗിച്ചു. മുൻകഴിഞ്ഞതു ഹെഡ്മാസ്റ്റർ ഗ്രഹിച്ചിരിക്കയില്ലെന്നു വിശ്വസിച്ചും കുട്ടികൾ തന്റെ അബദ്ധത്തെപ്പററി ശങ്കിയ്ക്കരുതെന്നു കരുതിയും ഇങ്ങിനെ പറഞ്ഞുകൊടുത്തു 'പശുക്കളോടുകൂടി അപ്പോൾ അവിടെ ശ്രീകൃഷ്ണനും വന്നുചേർന്നു'- പിന്നീടു ശ്ലോകത്തിലെ കാര്യത്തെപ്പററി ചോദ്യംചെയ്തു, 'പശുക്കളെ കണ്ടില്ലെന്നും, ഗോപി പരിഭ്രമിച്ചുവെന്നും, അങ്ങിനെ നോക്കിനില്ക്കുമ്പോൾ പശുക്കളും കൃഷ്ണനും വന്നുചേർന്നുവെന്നും' എല്ലാം ആവർത്തിച്ചുറപ്പിച്ചു. ഇതിനിടയ്ക്കു ചില കുട്ടികൾ പശുക്കൾ വന്നില്ല, സാർ എന്നു പറഞ്ഞതിനെ കേൾക്കാത്ത ഭാവത്തിൽ അടുത്ത ശ്ലോകത്തിലേക്കു കടന്നു. 'പശുക്കൾ വന്നില്ലെന്നു' കുട്ടികൾ പറഞ്ഞതിനെ വകവച്ചിരുന്നുവെങ്കിൽ കൂടുതൽ പരിഭ്രമിക്കാതെ കഴിക്കാമായിരുന്നു.

രണ്ടാമത്തെ ശ്ലോകം ഇതാണ്.

"പാടത്തുനില്ക്കുന്നപശുക്കളെല്ലാം
കൂടെക്കളിക്കുന്ന പശുക്കിടാങ്ങൾ,
മൂടെകറന്നീടുകനിയുമിത്ഥം
പ്രൌഢംപറഞ്ഞാശ്രുഗമിച്ചുബാലൻ"

'പാടത്തുനില്ക്കുന്ന പശുക്കളെല്ലാം' എന്ന ആദ്യവരി കേട്ടപ്പോൾ

തന്നെ അദ്ധ്യാപകന്റെ സർവ്വനാഡികളും തളർന്നുപോയി. ഇനി അവിടെ നില്ക്കുന്നതു ശരിയല്ലെന്നുകരുതി ഹെഡ്മാസ്റ്റർ ഉടൻ ക്ലാസുവിട്ടു് ഇറങ്ങിപ്പോയി.

പാഠം ഒന്നു നോക്കാതെ ക്ലാസിൽചെന്നു പഠിപ്പിക്കാൻ തുടങ്ങിയ അദ്ധ്യാപകന് എന്തെല്ലാം പററി.

കുട്ടികളുടെ ദൃഷ്ടിയിൽ അദ്ധ്യാപകൻ മോശക്കാരനായി. അവരുടെ ഭക്തിബഹുമാനങ്ങൾ കുറഞ്ഞു. ഹെഡ്മാസ്റ്ററുടെ ദൃഷ്ടിയിൽ, അദ്ധ്യാപകൻ സാമാന്യബുദ്ധിയും ഭാഷാജ്ഞാനവുമുള്ളയാളാണെങ്കിലും ജോലിയിൽ താല്പര്യമില്ലാത്തവനും കുട്ടികളുടെ മുമ്പിൽ ഇരുട്ടുകൊണ്ടു് ഓട്ടയടക്കാൻ ശ്രമിക്കുന്നവനുമാണെന്നു് തീർച്ചപ്പെട്ടുവല്ലോ. ഈവക അപകടങ്ങളിൽ ചാടാതെ രക്ഷിക്കാനായിട്ടു മാത്രമെങ്കിലും എല്ലാ അദ്ധ്യാപകന്മാരും മുൻകൂട്ടി പാഠം തയ്യാറാക്കി കുറിപ്പുകൾ എഴുതിയാൽ കൊള്ളാം.

## ഉദാഹരണങ്ങൾ

### വിദ്യാഭ്യാസത്തിൽ മാതാപിതാക്കന്മാരുടെ ചുമതല

കുട്ടികളുടെ വിദ്യാഭ്യാസം മുഴുവനും അദ്ധ്യാപകന്മാരാണു നിർവ്വഹിക്കേണ്ടതെന്നും തങ്ങൾക്കു് ആ വിഷയത്തിൽ ചുമതലയൊന്നുമില്ലെന്നും മാതാപിതാക്കന്മാരുടെ ഇടയിൽ ഒരു ധാരണ ഉള്ളതായി തോന്നുന്നു. കുട്ടികളെ പള്ളിക്കൂടത്തിലാക്കിയാൽ പുസ്തകങ്ങൾ വാങ്ങിച്ചു കൊടുക്കുകയും മാസംതോറും ഫീസുകൊടുക്കുകയും ചെയ്താൽ പിന്നെ അവർ ചെയ്യേണ്ടതായിട്ടൊന്നുമില്ലെന്നു് അവരുടെ പ്രവൃത്തികണ്ടാൽ തോന്നിപ്പോകും. ഇതു് എത്രയും അനാശാസ്യമായ ഒരു ഉത്തരവാദിത്വബോധമില്ലായ്മ എന്നേ പറയേണ്ടു. ഇതിനെപ്പററി "ഇൻഡ്യൻ എഡ്യൂക്കേററർ" എന്ന മാസികയിൽ എഴുതിയിട്ടുള്ളതു നോക്കുക:—

"വിദ്യാർത്ഥികളുടെ പരിശീലനത്തിൽ അദ്ധ്യാപകൻ മാത്രമെ ഇടപെടാവൂ, എന്ന ചോദ്യം സാധാരണ ചോദിക്കാറുണ്ടു്. ഉത്തരം സ്പഷ്ടമാണു്. അയാൾ മാത്രമല്ല, അയാൾക്കു് അപ്രധാനമായ ഒരു സ്ഥാനമെയുള്ളു. പ്രഥമവും പ്രധാനവുമായി മാതാപിതാക്കന്മാരാണു് ആ ജോലി നി

വ്ഹിക്കേണ്ടതു്." "ഞാൻ കുട്ടിയെ പള്ളിക്കൂടത്തിൽ പഠിക്കുവാനയക്കുന്നു. ഞാൻ ആ ജോലിയെപ്പറ്റി ബുദ്ധിമുട്ടണമെന്നു വിചാരിക്കുന്നില്ല. വിദ്യാഭ്യാസത്തിനായി ഞാൻ പ്രതിഫലവും കൊടുക്കുന്നുണ്ട്. ഇതിൽ കൂടുതൽ എന്താണു ചെയ്യുവാനുള്ളതു്.?" ഇങ്ങിനെയുള്ള അഭിപ്രായം നാം ധാരാളം കേൾക്കുന്നുണ്ട്. ഇതു പ്രത്യേകമായ ഒരു അഭിപ്രായമാണെങ്കിലും യുക്തിഹീനമായിട്ടുള്ള ഒന്നാണ്. പ്രകൃതിനിയമമനുസരിച്ചു കുട്ടിയുടെ യഥാർത്ഥവിദ്യാഭാസപ്രവർത്തകന്മാർ അതിന്റെ മാതാപിതാക്കന്മാരാണ്. കുട്ടിയുടെ ജന്മകാരന്മാർ അവരാകകൊണ്ടുതന്നെ ആ കർത്തവ്യവും അവർ നിറവേററണ്ടതാണ്. പ്രതിഫലം കൊടുത്തു് ആ കർത്തവ്യം മററുള്ളവരെക്കൊണ്ടു നിർവ്വഹിപ്പിക്കുന്നതു് ഉത്തരവാദിത്വത്തെ വിലക്കുകൊടുക്കുകയാണ്. മററുള്ളവർ പഠിപ്പിക്കുന്നതു മാതാപിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ സന്നദ്ധതയോടും യഥാർത്ഥതയോടും പൂർണ്ണതയോടുംകൂടി മനസ്സിലാക്കുകയില്ല. ആദ്യത്തേതിൽ കർത്തവ്യം ജോലിയെ പ്രേരിപ്പിക്കുന്നു. രണ്ടാമത്തേതിൽ സ്നേഹമാണ് പ്രവൃത്തിയുടെ പ്രേരകശക്തി. അതിനേക്കാൾ മഹത്തായ ഒരു ശക്തിയും ലോകത്തിലില്ല.

അതുകൊണ്ടു് മാതാപിതാക്കന്മാർ കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കേണ്ട.? ജീവിതാവശ്യങ്ങൾക്കുതകുന്ന എല്ലാക്കാര്യങ്ങളും പഠിപ്പിക്കുവാൻ മാതാപിതാക്കന്മാർ സമർത്ഥരാണെന്നു് നമുക്കു വിചാരിക്കവയ്യ. അതിനാൽ അവയിൽ ചിലതു പഠിപ്പിക്കുന്നതിന് കുട്ടികളെ വിദ്യാലയത്തിൽ അയക്കുന്നു. ഇതിൽനിന്നും മാതാപിതാപിതാക്കന്മാർ കുട്ടികളെ പരിശീലിപ്പിക്കേണ്ട പ്രധാനകർത്തവ്യത്തിൽ നിന്നും ഒഴിവാകുന്നുണ്ടെന്നല്ല അർത്ഥമാക്കേണ്ടതു്. അദ്ധ്യാപകൻ അയാളുടെ ഭാഗം ജോലി നിർവ്വഹിക്കുന്നു. അതു് ജോലിയുടെ അൻപതുശതമാനമെ ആകുന്നുള്ളു. ബാക്കി അൻപതു ശതമാനം മാതാപിതാക്കന്മാരുടെ ജോലിയാണ്. കുട്ടികളിൽ സന്മാർഗ്ഗബോധമുണ്ടാക്കേണ്ടതു് അവരുടെ കർത്തവ്യമാണ്. ഈ ലോകജീവിതത്തിലെ രഹസ്യങ്ങൾ മനസ്സിലാക്കേണ്ടതു് അവരുടെ പാവനകൃത്യമാണ്. കുട്ടികളിൽ ആത്മശക്തിയും സത്യപ്രസക്തിയും നീതിബോധവുമുണ്ടാകേണ്ടതു് അവരുടെ ചുമതലയാണ്. അവർ ഈ ചുമതല നിറവേററിയാലും ഇല്ലെങ്കിലും അതു് അവർ ചെയ്യേണ്ടതുതന്നെയാണ്.

### ബുദ്ധിശൂന്യമായ വാത്സല്യം.

മിയ്ക്ക മാതാപിതാക്കന്മാരും കുട്ടികളോട് സ്ഥാനത്തും അസ്ഥാനത്തും വാത്സല്യം കാണിക്കുന്നവരാണ്. എന്നാൽ ഈ വാത്സല്യത്തിനും ഒരു നിയന്ത്രണം ആവശ്യമാണ്. 'ഇൻഡ്യൻ എഡ്യൂക്കേററർ' ഇങ്ങനെ പറയുന്നു:—

ഞാൻ അനുഭവിച്ചതു് എന്റെ കുട്ടികളെക്കൊണ്ടു് അനുഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതു് മാതാപിതാക്കന്മാരുടെ ഇടയിൽ ഒരു പഴമൊഴിയായിത്തീൎന്നിട്ടുണ്ടു്. ഇതിനെ അടിസ്ഥാനമാക്കി കുട്ടികളുടെ ജീവിതം സുഖകരമാക്കുന്നതിനും ആഡംബരപൂൎണ്ണമാക്കുന്നതിനും, എല്ലാ ആഗ്രഹങ്ങളും സാധിക്കുന്നതിനും, ത്യാഗമൊ സഹനശക്തിയൊ കാണിക്കേണ്ടിടത്തുനിന്നും അകററുന്നതിനുംവേണ്ടി ഉപായങ്ങൾ കണ്ടുപിടിക്കുന്നതിന്നു് മാതാപിതാക്കന്മാർ അവരുടെ തല പുണ്ണാക്കാറുണ്ടു്. ദൈവം കുട്ടികളെ സഹായിക്കുകയും മാതാപിതാക്കന്മാൎക്കു് മാപ്പുകൊടുക്കുകയും ചെയ്യട്ടെ!

ഈ പ്രവൃത്തി ബോധശൂന്യമായിട്ടുള്ളതാണെന്നു സ്പഷ്ടമാണു്. അവർ എല്ലായ്പോഴും കുട്ടികളുമൊന്നിച്ചിരിക്കയാണെങ്കിലും (അതു സാദ്ധ്യമല്ല) ജീവിതം നയിക്കേണ്ടതു ആരാണു്? കുട്ടികളുടെ ദുഃഖങ്ങളെപ്പററി അവർ ആലോചിക്കേണ്ടതാണെന്നു വിചാരിക്കയാണെങ്കിൽ കുട്ടികൾക്കു് ഒരു പരീക്ഷയിൽ ജയിക്കേണ്ടതായിട്ടുണ്ടെന്നുകൂടി അവർ നിശ്ചയമായും ധരിക്കണം. അതു് ജീവിതനിൎവ്വഹണമാണു്. എല്ലാ കുട്ടികൾക്കും ജീവിതനിൎവ്വഹണം അത്യാവശ്യമാണു്. അതുകൊണ്ടു വേണ്ടവിധത്തിൽ നിൎവ്വഹിക്കുവാൻ പരിശീലിപ്പിക്കേണ്ടതാണു്. അവരുടെ കുട്ടികൾക്കു വലിയ മനോദുഃഖവും, കഠിനമായ ത്യാഗവും, ഉഗ്രമായ ആഗ്രഹവും, അഹിതമായ ജോലിയും സഹിക്കേണ്ട കാലത്തെപ്പററി അവർ ആലോചിക്കാത്തതു് ശോചനീയംതന്നെ. വാത്സല്യത്തോടുകൂടി വളൎത്തപ്പെട്ട കുട്ടികൾ ഈ ജീവിതവിഷമങ്ങളെ എങ്ങിനെയാണു നേരിടുന്നതു്? ആദ്യം അവർ അമ്പരന്നു പിന്നോട്ടു പോകും. അവരെ വാത്സല്യത്തോടുകൂടി വളൎത്തിയവരും, ജീവിതസമരം ചെയ്യുന്നതിനു പഠിപ്പിക്കാത്തവരുമായ മാതാപിതാക്കന്മാരെ അവർ ശപിക്കും. വിഷമംനേരിടുമ്പോൾ മാതാപിതാക്കന്മാരുടെ വാത്സല്യത്തേയും, ത്യാഗത്തേയും എല്ലാം അവർ മറക്കും. അവർ എത്ര അയോഗ്യരാണെന്നു മാത്രമെ ചിന്തിക്കയുള്ളു. മാതാപിതാക്കന്മാർ സഹിച്ച ഉപദ്രവങ്ങളുടെ ഫലമിതാണോ? സ്വന്തം കുട്ടികൾ ശപിക്കയും ഉപേക്ഷിക്കയും ചെയ്യുന്നു! വിചിത്രമായ ഫലമാണെങ്കിലും, അവരുടെ ബുദ്ധിശൂന്യമായ പ്രവൃത്തിയുടെ ഫലമാണെന്നുള്ളതിനു സംശയമില്ല.

## ബ്രഹ്മചൎയ്യാദൎശങ്ങളും ആധുനികവിദ്യാൎത്ഥിജീവിതവും

ഡാക്ടർ ടി. പി. ശേഷഗിരിറാവു എം. എ. പി. എച്ച്. ഡി. എഡ്യൂക്കേഷൻ റവ്യൂവിൽ എഴുതിയിട്ടുള്ളതിലൊരു ഭാഗം:—

ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം, വിദ്യാൎത്ഥി അധീനമായി

ട്ടുള്ള ചട്ടങ്ങളും നിയമനവും, അദ്ധ്യാപകന്റെ മനസ്സിനു മുൻപാകെ സമർപ്പിക്കുന്ന ഉൽകൃഷ്ടങ്ങളായ സേവനാദർശങ്ങളും ജ്ഞാനവും സ്നേഹവും എന്നിവയെ സംബന്ധിച്ചിടത്തോളം ധർമ്മശാസ്ത്രങ്ങളിൽ ചിത്രീകരിച്ചു കാണുന്ന ബ്രഹ്മചര്യാശ്രമത്തിലെ ജീവിതം ആധുനികഭാരതത്തിന് ഒരു മാതൃകയാകുവാൻ യോഗ്യത അർഹിക്കുന്നുണ്ട്. സ്വഭാവത്തേയും ആദർശങ്ങളേയും രൂപവൽക്കരിക്കുന്നതിനും ബുദ്ധിജന്യജീവിതത്തെ രൂപപ്പെടുത്തുന്നതിനും വേണ്ടി ഗുരുവിന്റെ സന്നിധിയിൽ വിടുന്ന വിദ്യാർത്ഥിയുടെ സ്വന്തം രക്ഷാകർത്താവായിട്ടുവേണം ഗുരുനാഥൻ തന്നെ വിചാരിക്കുവാൻ. പൊതുജനങ്ങൾ അദ്ധ്യാപകന്റെ ശമ്പളം ഗനോക്കാതെ പ്രവൃത്തിയെ ആസ്പദമാക്കി അനുഗ്രഹത്തിനു വിലകല്പിക്കയുംവേണം.

ഒരിക്കൽ ഗൌതമമുനി സത്യകാന്തനോടു ഇങ്ങനെ ചോദിച്ചു. "എന്റെ കുട്ടി, നീ ഏതു വർഗ്ഗത്തിൽ പെട്ടവനാണ്? ഉൽകൃഷ്ടമായ ജ്ഞാനം സമ്പാദിക്കുന്നതിനു ബ്രാഹ്മണനുമാത്രമെ അർഹതയുള്ളൂ." കുട്ടിഇങ്ങനെ ഉത്തരംപറഞ്ഞു. "സ്വാമിൻ, ഞാൻ ഏതുവർഗ്ഗത്തിൽപെട്ടവനാണെന്നു എനിക്കറിഞ്ഞുകൂടാ. ഞാൻപോയി അമ്മയോടു ചോദിക്കാം," അനന്തരം അയാൾ അമ്മയുടെ കുടിലിൽവന്നു, "പ്രിയപ്പെട്ട അമ്മെ, എന്റെ അച്ഛന്റെ പേരെന്താണ്? ഉൽകൃഷ്ടമായ ജ്ഞാനം സമ്പാദിക്കുന്നതിന് ബ്രാഹ്മണനു മാത്രമെ അർഹതയുള്ളൂ എന്നു ഗൌതമമുനി എന്നോടു പറഞ്ഞിരിക്കുന്നു" എന്നു പറഞ്ഞു. അമ്മയുടെ മറുപടി ഇതായിരുന്നു, "എന്റെ യൌവനകാലത്തു് ഞാൻ ദരിദ്രയായിരുന്നു. എനിക്ക് അനവധി യജമാനന്മാരുമുണ്ടായിരുന്നു. എന്റെ ഓമനേ, ഭർത്താവില്ലാത്ത നിന്റെ അമ്മയായ ജാബാലയുടെ ഹസ്തങ്ങളിൽ നീ വന്നുചേർന്നു." സത്യകാന്തൻ ഗൌതമമുനിയുടെ അടുത്തുചെന്ന്, "സ്വാമിൻ, ഞാൻ ഏതു വർഗ്ഗത്തിൽപെട്ടവനാണെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ അമ്മ പറഞ്ഞതു്, 'എന്റെ യൌവനകാലത്തിൽ ഞാൻ പല യജമാനന്മാരേയും സേവിച്ചു ഭർത്താവില്ലാത്ത നിന്റെ അമ്മയായ ജാബാലയുടെ ഹസ്തങ്ങളിൽ നീ വന്നുചേർന്നു' എന്നാണ്." അവിടെയുണ്ടായിരുന്ന മററുവിദ്യാർത്ഥികൾ ആ ജാതിഭ്രഷ്ടന്റെ ലജ്ജാവിഹീനതയേയും അഹങ്കാരത്തേയും പററി മന്ത്രിച്ചു. എന്നാൽ ഗൌതമൻ തന്റെ ഇരിപ്പടത്തിൽനിന്നും എഴുന്നേററു് കൈകൾ വിടുത്തി കുട്ടിയെ ആലിംഗനംചെയ്തു്, "എന്റെ കുട്ടി, നീ ബ്രാഹ്മണരിൽ വച്ചു് അത്യുത്തമനാണ്. സത്യമാണ് നിന്റെ ഉൽകൃഷ്ടമായ പാരമ്പര്യസമ്പാദ്യം" എന്നു പറഞ്ഞു. ഗൌതമമുനിയുടെ സമത്വം എല്ലാ അദ്ധ്യാപകന്മാരും പ്രദർശിപ്പിക്കേണ്ടതാണ്. സുഖഭോഗങ്ങളോടും, പാശ്ചാത്യരീതിയിലുള്ള വസ്ത്രധാരണം, ഭക്ഷണം എന്നിവയോടും ഉള്ള തല്പരതയെ ഉപേക്ഷിച്ചു്, ലഘുജീവിതം നയിക്കുന്നതി

നം ശരീരത്തിൻെറയും മനസ്സിൻെറയും സ്വഭാവത്തിൻെറയും പോഷണത്തിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്യുന്നതിനും പരിശീലിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥി തൻെറ വിദ്യാഭ്യാസം അവസാനിച്ച് പരാശ്രയം കൂടാതെ ഭാര്യയേയും കുഞ്ഞുങ്ങളേയും പുലർത്തുന്നതിനു പര്യാപ്തമായ ഒരു ഘട്ടത്തിലെത്തിയതിനുശേഷമെ വിവാഹബന്ധത്തിലേർപ്പെടാവൂ. ഇന്നു നിലവിലിരിക്കുന്ന അർത്ഥശൂന്യമായ ഉപനയനകർമ്മത്തിന് അധീനനാകരുത്. യജ്ഞോപവീതവും ധരിക്കരുത്.

ഇപ്രകാരം ബ്രഹ്മചര്യാശ്രമം ഇൻഡ്യക്കാർക്ക് അവരുടെ പൂർവികരിൽനിന്നും ലഭിച്ചിട്ടുള്ള രക്ഷാകരമായ ഒരു അനുഗ്രഹമായിത്തീരുന്നതാണ്. ആധുനികവിദ്യാഭ്യാസലോകത്തിൽ ഗുരുവിൻെറയും ശിഷ്യൻെറയും ജീവിതത്തിൻെറ പുനസ്സംഘടനയ്ക്ക് ഒരു മാതൃകയായിത്തീരുകയും ചെയ്യും.

## ഒരു പരീക്ഷണ പാഠശാല

വിദ്യാലയങ്ങളിൽ പോയി പഠിക്കേണ്ട പ്രായത്തിനുമുമ്പു കുട്ടികളുടെ പരിശീലനത്തിനായി പാശ്ചാത്യരാജ്യങ്ങളിൽ പല പാഠശാലകളും സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. ഇത്തരത്തിലുള്ള പാഠശാലകൾ ഇൻഡ്യയിലുണ്ടോ എന്നുള്ള കാര്യം സംശയമാണ്. എന്നാൽ മൈസൂരിലെ രാജകീയകലാശാലയിലെ തത്വശാസ്ത്രപ്രാസംഗികനായ ഡാക്ടർ ഗോപാലസ്വാമി ബി. എ; പി. എച്ച്. ഡി. ഇത്തരത്തിലുള്ള ഒരു വിദ്യാലയം മൈസൂരിൽ സ്ഥാപിക്കുവാൻ പോകുന്നതായി അറിയുന്നു. അതിനെപ്പററി "ഹിന്ദു"പ്പത്രത്തിൽ കാണുന്ന ഒരു ചെറുലേഖനമാണു താഴെ ചേർക്കുന്നത്.

"ഡാക്ടർ ഗോപാലസ്വാമി മൈസൂർനഗരത്തിൻെറ മദ്ധ്യഭാഗത്തായി ചെറുശിശുക്കളുടെ പരിശീലനാർത്ഥം ഒരു പാഠശാല സ്ഥാപിക്കുവാനാലോചിച്ചുവരുന്നതായി അറിയുന്നു. പ്രയോജനകരമായ ഈ സ്ഥാപനത്തിനുവേണ്ടി മൈസൂർ വിദ്യാഭ്യാസഡയറക്ടർ പ്രതിമാസം ൧൦൦ രൂപ സഹായധനം നൽകാമെന്നു സമ്മതിച്ചിട്ടുണ്ട്. അവിടത്തെ നഗരസഭയുടെ സഹായത്തെ സ്വീകരിക്കാമെന്നും ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പാഠശാല സ്ഥാപിക്കേണ്ടതു നഗരസഭയുടെ ചുമതലയാണ്.

ജീവിതത്തിൻെറ പ്രാരംഭകാലത്തു് നൽകുന്ന പരിശീലനം അനന്തരകാലത്തേതിനേക്കാൾ പ്രധാനമായിട്ടുള്ളതാണെന്നാണ് ഡാക്ടർ ഗോപാലസ്വാമിയുടെ അഭിപ്രായം. ജീവിതത്തിൻെറ ആദ്യകാലത്താണ് സ്വഭാവരൂപവൽക്കരണവും ചിന്താശീലവും ദൃഢമായിത്തീരുന്നതെന്നും പള്ളിക്കൂടത്തിലെ അദ്ധ്യയനത്തെക്കാൾ ചെറുപ്പത്തിലെ പരിശീലനമാ

ണ് വിദ്യാഭ്യാസത്തിലെ പ്രധാനഭാഗമെന്നും ആധുനികമനശ്ശാസ്ത്രപരീക്ഷണങ്ങൾ തെളിയിക്കുന്നുണ്ട്. ഇന്നത്തെ പാഠശാലകൾ സാഹിത്യത്തിലും കണക്കിലും അല്പം അറിവു നൽകുന്നതേയുള്ളു. കുട്ടികളുടെ സ്വഭാവത്തിലും ബുദ്ധിശക്തിയിലും അവ ശ്രദ്ധിക്കുന്നില്ല.

ഈ വിദ്യാലയത്തിന്റെ വിശേഷതകൾ താഴെ പറയുന്നവയാണ്. പഠിത്തത്തിൽ രസമുണ്ടാക്കുകയും, സൌന്ദര്യബോധമുണ്ടാക്കുകയും, ഉൽകൃഷ്ടമായ വിധത്തിൽ സ്വഭാവത്തെ രൂപവൽക്കരിക്കുകയും, കൈത്തൊഴിലുകൾ ചെയ്യിപ്പിച്ച് ശരീരദാർഢ്യം ഉണ്ടാക്കുകയും, നല്ല കളിസ്ഥലങ്ങൾ ഉണ്ടാക്കുകയും, തോട്ടങ്ങൾ നിർമ്മിക്കുകയും, സന്ദർശനങ്ങൾ നടത്തുകയും, മാനസികപരിശോധന നടത്തുകയും, കണക്കിലും സാഹിത്യത്തിലും വ്യക്തിപരമായി ശ്രദ്ധിക്കുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ വളർത്തുന്ന കുട്ടികൾ പഴയ രീതിയിൽ അഭ്യസനം സിദ്ധിക്കുന്നവരേക്കാൾ വേഗത്തിൽ അഭിവൃദ്ധി കാണിക്കുന്നതാണ്. ഹാളൻറിലേയും ഇംഗ്ലണ്ടിലേയും കുട്ടികൾ കാണിച്ച മഹനീയമായ അഭിവൃദ്ധി താൻ കണ്ടു എന്നാണ് ഡാക്ടർ ഗോപാലസ്വാമി പറയുന്നത്.

തല്ക്കാലം ഈ സ്ഥാപനം തന്റെ സ്വന്തം ഗൃഹത്തിൽ തുടങ്ങണമെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. ധർമ്മമായി വേലചെയ്യുന്ന കുറെ അധ്യാപകന്മാർ അദ്ദേഹത്തെ സഹായിക്കുന്നതാണ്. കാലത്തും വൈകുന്നേരവും ഇക്കാര്യത്തിനുപയോഗിക്കാവുന്ന പല കെട്ടിടങ്ങളും നഗരത്തിലുണ്ട്. ഈ പരീക്ഷണപാഠശാലയുടെ സാമാന്യോദ്ദേശ്യങ്ങൾ തഴെ പറയുന്നവയാണ്. (൧) പള്ളിക്കൂടത്തിൽ പോകാൻ പ്രായമാകാത്ത കുട്ടികൾക്കു മാനസികവും കായികവുമായ ശക്തികളെ വികസിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു അന്തരീക്ഷത്തെ സൃഷ്ടിക്കുക. (൨) ചെറുപ്പത്തിലെ കുട്ടികളിൽ ശരിയായ ചിന്താശീലവും പ്രവൃത്തിശീലവും ഉണ്ടാക്കുക. (൩) കുട്ടികളിൽ അനാശാസ്യങ്ങളായ ശീലങ്ങളുണ്ടാകാതിരിക്കാൻ മാതാപിതാക്കന്മാരെ കുട്ടികളുടെ വളർച്ചസംബന്ധിച്ച് പുതിയ രീതികൾ മനസ്സിലാക്കുക. (൪) സ്വാതന്ത്ര്യത്തിനും സ്വയംപ്രകടനത്തിനും പൂർണ്ണസൌകര്യം നൽകി നമ്മുടെ സ്ഥിതിഗതികൾക്കു യോജിച്ച ഒരു ബാലപരിശീലനപദ്ധതി രൂപവൽക്കരിക്കുക.

ഈ സ്ഥാപനത്തിന്റെ പ്രത്യേകോദ്ദേശ്യങ്ങൾ താഴെ രേഖപ്പെടുത്തുന്നവയാണ്. (൧) കുട്ടികളെ ധീരന്മാരും സത്യവാന്മാരുമാക്കുകയും ഭീരുത്വത്തേയും ഭയത്തേയും സഭാകമ്പത്തേയും മററും അകററുകയും ചെയ്യുക. (൨) അവർക്ക് ആത്മവിശ്വാസവും കർമ്മനിഷ്ഠയും ഉണ്ടാക്കി ദാസ്യമനോഭാവത്തെ അകററുക. (൩) ആ പ്രായത്തിലുള്ള മററുകുട്ടികളുമായി സഹകരിക്കുന്നതിന് സന്ദർഭം നൽകി നിസ്വാർത്ഥരും ഉദാരശീലന്മാരും ആ

ക്കുക (ര) കുട്ടികളിൽ സഞ്ചാരം നിരീക്ഷണം പരീക്ഷണം മുതലായവ യിൽ ആസക്തിയുണ്ടാക്കുക. (ല) സംഗീതം, കണക്ക് മുതലായവയിൽ പ്രത്യേകവാസനയുള്ളവരെ കണ്ടുപിടിച്ചു വളർത്തുക. (ന്ന) കളി, വിനോദം മുതലായവയിൽ കൂടി എഴുത്തും വായനയും കണക്കും പഠിപ്പിക്കുക.

# ഉത്തരാസ്വയംവരം ആട്ടക്കഥ.

(ആർ. ഈശ്വരപിള്ള ബി. എ.)

ഉത്തരാസ്വയംവരം ആട്ടക്കഥ ഇരയിമ്മൻതമ്പി അഥവാ രവിവമ്മൻതമ്പി അവർകൾ രചിച്ചിട്ടുള്ള ഒരു കൃതിയാണ്. ഇദ്ദേഹം ഇതു കൂടാതെ ദക്ഷയാഗം കീചകവധം ഇങ്ങിനെ രണ്ടു ആട്ടകഥകൾ കൂടി ഉണ്ടാക്കീട്ടുണ്ട്. ആട്ടകഥ എഴുത്തുകാരിൽ ഇദ്ദേഹം ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഗം വഹിക്കുന്നുണ്ട്. ഇരയിമ്മൻതമ്പിയുടെ കൃതികൾ പല വിദ്വാന്മാരുടേയും പ്രശംസക്കു പാത്രീഭവിച്ചിട്ടുള്ളതാണ്. ഇദ്ദേഹം ൯൫൨-ാമാണ്ടു തിരുവനന്തപുരത്തു ജനിച്ചു. ചെറുപ്പത്തിൽതന്നെ പഴയ രീതിയിലുള്ള വിദ്യാഭ്യാസം വേണ്ടതുപോലെ ഇദ്ദേഹം സമ്പാദിച്ചു. പതിനാറു വയസ്സിൽതന്നെ ഇദ്ദേഹം സംസ്കൃതത്തിൽ നല്ല വ്യുല്പന്നനായിത്തീൎന്നു എന്ന് പറയപ്പെട്ടിരിക്കുന്നു. പതിനാലു വയസ്സിൽ ഇദ്ദേഹം ചില കവിതകൾ എഴുതി കാൎത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്ക് സമൎപ്പിച്ചു. തമ്പി അവർകൾ തിരുമനസ്സിലെ ഒരു ഭാഗിനേയന്റെ പൌത്രനുമായിരുന്നു. തിരുമനസ്സിലേക്ക് അതുനോക്കി ഉള്ളിൽ സന്തോഷം തോന്നിയെങ്കിലും അതിനെ പ്രകാശിപ്പിക്കാതെ കുറച്ചുകൂടി പഠിച്ചിട്ടുമതി ഇങ്ങനെയുള്ള ഉദ്യമം എന്നു കല്പിച്ചു. എങ്കിലും ഇദ്ദേഹത്തിനു കൊട്ടാരത്തിൽനിന്നും പ്രതിമാസം ഒരു അടുത്തൂൺ പതിച്ചുകൊടുത്തു. പിന്നീട് തിരുമനസ്സിലെ അനന്തരഗാമികൾ ഇതിനെ തുടരുകയും വൎദ്ധിപ്പിക്കുകയും ചെയ്തു. ആദ്യം, ഇദ്ദേഹത്തിന്റെ വാസന ഇന്നും രസപ്രദങ്ങളായിരിക്കുന്ന ശ്ലോകങ്ങളും പാട്ടുകളും നിൎമ്മിക്കുന്ന വിഷയത്തിലാണ് പ്രകാശിച്ചുതുടങ്ങിയതു്. ആട്ടകഥ നിൎമ്മിക്കുന്നതിന് ആരംഭിച്ചതു് അല്പം പ്രായം ചെന്നതിനു ശേഷം മാത്രമാണ്. ഇദ്ദേഹം ൧൦൨൫-ാമാണ്ടു തന്റെ എഴുപത്തിമൂന്നാമത്തെ വയസ്സിൽ ചരമഗതി പ്രാപിച്ചു. തമ്പി അവർ

കളുടെ കൃതികൾ സശ്രദ്ധം വായിക്കുന്നതായാൽ അദ്ദേഹം ഒരു നല്ല വിദ്വാനും സരസനും ഒരു വാസനാകവിയും ആയിരുന്നുവെന്ന് നമുക്കു മനസ്സിലാക്കാം. തമ്പി അവർകളുടെ ഭാഷ അല്പം ഗൌരവവും അധികം മാധുര്യവും കൂടി കലർന്നിട്ടുള്ള ഒന്നാണെന്നുവേണം പറയാൻ. ശൃംഗാരരസത്തിലാണ് ഇദ്ദേഹത്തിന്ന് അധികം അഭിരുചി കാണുന്നതു്. വർണ്ണനാവിഷയത്തിലും ഇദ്ദേഹത്തിനു പ്രത്യേകവാസന ഉണ്ട്. സംസ്കൃതപദപ്രയോഗം ഒട്ടും കുറവില്ല. എങ്കിലും കോട്ടയത്തുതമ്പുരാൻെറ കൃതികളിലേപ്പോലെ തമ്പിയുടെ കൃതികളിൽ ശബ്ദകാഠിന്യം ഇല്ല. എന്നാൽ വയ്യരെപ്പോലെ ആശയവൈശിഷ്ട്യവും ഉണ്ടെന്നു പറവാൻ തരമില്ല.

ഇദ്ദേഹത്തിൻെറ കൃതിയായ ഉത്തരാസ്വയംവരം ആട്ടകഥയെ പററിയാണ് ഒന്നുരണ്ടുവാക്ക് ഇവിടെ പറവാൻ ഉദ്ദേശിക്കുന്നതു്.

ഉത്തരാസ്വയംവരം എന്ന പേരുകേൾക്കുമ്പോൾ ഇതിൽ ഉത്തര ഒരു പ്രധാനഭാഗം വഹിക്കുന്നുണ്ടെന്നൊ ഉത്തരകഥാനായികയാണെന്നൊ പലക്കും തോന്നിയേക്കാം. എന്നാൽ കഥ വായിക്കുംതോറും ഈ വിചാരം അടിസ്ഥാനമില്ലാത്തതാണെന്നു ബോദ്ധ്യപ്പെടും. ഉത്തര ഇതിൽ പറയത്തക്ക യാതൊരു ഭാഗവും വഹിക്കുന്നില്ല. അവസാനരംഗത്തിൽ മാത്രമെ ഉത്തരയുടെ സാന്നിദ്ധ്യം ഉള്ളു. ഇതു വിവാഹാത്ഥം മാത്രവുമാണ്. അതിനുമുമ്പു സോദരനായ ഉത്തരന് യുദ്ധത്തിനു പുറപ്പെടുന്ന സമയം വിജയം ആശംസിക്കയും ചെയ്യുന്നുണ്ടെന്നു തോന്നുന്നു. കഥയുടെ മററുഭാഗങ്ങൾ ഒന്നുംതന്നെ ഉത്തരയെ സംബന്ധിക്കുന്നവയല്ല. ഉത്തരാസ്വയംവരം കാണ്മാമെന്നു വിചാരിക്കുന്ന സദസ്യക്ക് ഉത്തരയുമായിട്ടു ബന്ധമില്ലാത്ത മററു സംഗതികളാണ് ദൃഷ്ടിഗോചരങ്ങളായി ഭവിക്കുന്നതു്. ഒടുവിൽ ഉത്തരയുടെ വിവാഹവും നടക്കുന്നുണ്ടെന്നു മാത്രമെ ഉള്ളു. അതു സ്വയംവരമാണെന്നും പറവാൻ തരമില്ല. ഇതു പക്ഷെ ഉത്തരാസ്വയംവരത്തിനു മാത്രമുള്ള ഒരു ദോഷമല്ല. മിക്ക ആട്ടകഥകളുടേയും സ്ഥിതി ഇതാണ്. മുമ്പിൽ സംഭവിച്ചു എന്നൊരു വാസ്തവം മാത്രമുള്ള പല സംഗതികളേയും കൂട്ടിച്ചേർത്തു് ഒരു കഥയാക്കി അതിന് ഒടുവിൽ സംഭവിക്കുന്ന ഒരു സംഗതിയുടെ പേരു നൽകുകയെന്നുള്ളതു സാധാരണയാണ്. കിമ്മീരവധംതന്നെ ഇതിനു ദൃഷ്ടാന്തമാണ്. തമ്പി അവർകൾ ഈ നടപ്പിനെ അനുകരിച്ചുവെന്നെയുള്ളു. എങ്കിലും ഉത്തരക്കു കുറച്ചുകൂടി പ്രാധാന്യം നൾകേണ്ടതായിരുന്നുവെന്നും തോന്നുന്നു. ഇനി കഥയിലേക്കു പ്രവേശിക്കാം.

ആദ്യത്തെ രണ്ടു രംഗങ്ങൾ കഥയോടു യാതൊരു ബന്ധവുമില്ലാത്ത ഉദ്യാനവർണ്ണനയും ദമ്പതിമാരുടെ ശൃംഗാരരസാകലിതമായ സല്ലാപവും ചേഷ്ടാപ്രകടനവുമാണ്. ഇവ കഥകളിക്ക് ഒഴിച്ചുകൂടാത്ത ചടങ്ങുകളാണെന്ന് പറയപ്പെട്ടിരിക്കുന്നു. ഇതിലേക്കു വല്ല ശാസ്ത്രീയനിയമമൊ മററൊ

ഉണ്ടോ എന്നറിഞ്ഞുകൂട. കൂടിയെ തീരുവെന്നുണ്ടെങ്കിൽ അതു സദസ്യരുടെ സന്മാർഗ്ഗബോധത്തിനു ക്ഷതംപറ്റാത്ത വിധത്തിൽ ആയിരുന്നാൽ തരക്കേടില്ലായിരുന്നു. എന്നാൽ ഇപ്രകാരമല്ല ഇവിടെ കാണുന്നതു്. ഔചിത്യമായ ആവരണം തീരെ നീക്കി തുറന്ന വിധത്തിലുള്ള ശൃംഗാരമാണു ദമ്പതിമാരുടെ സല്ലാപം വെളിവാക്കുന്നതു്. ദാമ്പത്യബന്ധത്തിന് ഉൽകൃഷ്ടവും ആത്മീയവുമായ ഒരു മുഖവും അപ്രകാരമല്ലാത്ത ദൈഹികമൊ ഭൌതികമൊ ആയ ഒരു മുഖവും ഉണ്ടു്. ഈ രണ്ടാമത്തെ അവസ്ഥ സാധാരണമായി സദസ്സിൽ പ്രകാശിപ്പിക്കുന്നതു് അയുക്തമാണെന്നാണു വച്ചിരിക്കുന്നതു്. അതുകൊണ്ടു വിനോദാർത്ഥം ജനങ്ങൾകൂടുന്ന തുറന്ന സദസ്സുകളിൽ ഈ വിധമുള്ള സല്ലാപങ്ങളും അവയ്ക്കനുരൂപങ്ങളായ അഭിനയങ്ങളും വർജ്ജിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇപ്രകാരമല്ലാതെയിരുന്നാൽ കഥകളിക്കും മററുമുള്ള വിദ്യാഭ്യാസപരമായ വിലയും ഫലവും കുറഞ്ഞുപോകുന്നതാണല്ലൊ. ഇതിനുംപുറമെ ഒന്നു പറവാനുള്ളതു ഭാര്യാഭർത്താക്കന്മാരുടെ അന്യോന്യമുള്ള സൌന്ദര്യപ്രശംസയാണ്, ഇതും അനുചിതമായിട്ടുള്ള ഒരു ഏർപ്പാടാണെന്നു വേണം പറവാൻ. ദാമ്പത്യബന്ധത്തിനു സൌന്ദര്യത്തെക്കാൾ ശ്രേഷ്ഠമായ ദൃഢാനുരാഗമെന്ന അടിസ്ഥാനമാണു പ്രശംസാർഹമായിട്ടുള്ളതു്. എന്നാൽ ഇതു ശ്രീമാൻ തമ്പിയുടെയൊ ഉത്തരാസ്വയംവരത്തിലേയൊ മാത്രമുള്ള ഒരു ദോഷമല്ല. എങ്കിലും ഇദ്ദേഹം ബുദ്ധിമാനായിരുന്നതുകൊണ്ടു് ഈ വിഷയത്തിൽ അല്പമായെങ്കിലും ആശാസ്യമായ ഒരു വ്യതിയാനം ചെയ്യാമായിരുന്നു. ഉദ്യാനവർണ്ണനയിലും ഇദ്ദേഹം ഇതരന്മാരെ അനുകരിക്കയാണു ചെയ്യുന്നതു്. മിക്ക കഥകളിയിലും ഇതു് ഒരു കരുവിൽതന്നെ വാർത്തിട്ടുള്ളതുപോലെയാണിരിക്കുന്നതു്. ഇവയിൽ കാണുന്ന അലങ്കാരങ്ങളും വർണ്ണനകളും മററും നിരന്തരമായ ആവർത്തനം കൊണ്ടു ശുഷ്കങ്ങളും രസശൂന്യങ്ങളുമായിത്തീർന്നിട്ടുണ്ടു്. വണ്ടുകളും താമരയും-ചന്ദ്രനും ആമ്പലും-കുയിലും മററും കൂടാതെ കഴിപ്പാൻ നിവൃത്തിയില്ലെന്നാണു തോന്നുന്നതു്. ഇതു വിവേകപൂർവ്വമല്ലാത്ത അനുകരണഭ്രമത്തിൻെറ ഫലംതന്നെയാണ്. ഇത്രയും പറഞ്ഞതുകൊണ്ടു തമ്പി അവർകളുടെ കൃതിക്കുള്ള പ്രത്യേകദോഷങ്ങളെ എടുത്തുകാണിക്കുന്നതായി വിചാരിപ്പാൻ കാര്യമില്ല. അദ്ദേഹവുംകൂടി സ്വീകരിച്ചിട്ടുള്ള നടപ്പിനെ മാത്രമെ ഇവിടെ കുററപ്പെടുത്തുന്നുള്ളു. ഇനിയൊന്നു പറവാനുള്ളതു് ഇതിലും, സാധാരണ മററുകൃതികളിലും കാണുന്ന പോർവിളിയെപ്പററിയാണ്. ഭൂപകീടക-പാടച്ചരകീട-മൂഢാ-ജള എന്നുള്ള ശകാരവചനങ്ങളും സാധാരണജനങ്ങൾകൂടി ഉപയോഗിക്കാൻ മടിക്കുന്ന പാടാ-പോടാ-എന്നുള്ള ഗ്രാമ്യപദപ്രയോഗങ്ങളും മററും യോദ്ധാക്കളുടെ ഗൌരവത്തിനും സ്ഥിതിക്കും ഒട്ടും യോജിക്കുന്നതായി വിചാരിക്കാൻ തരമില്ല. അർജ്ജുന

നെപ്പോലെയുള്ള ധീരന്മാർ യുദ്ധക്കളത്തിലും ശത്രുക്കളോടും സ്വഗൌരവത്തിനു ഹാനി ഭവിക്കാതെയും ഉപചാരപൂർവ്വമായും പെരുമാറേണ്ടതാണല്ലൊ യുക്തമായിട്ടുള്ളതു്. ഇതു വല്ല നിയമവും അനുസരിച്ചു മാത്രമായിരിക്കാം. എന്നാൽ ജനങ്ങളുടെ ഇന്നത്തെ മനസ്ഥിതിക്കു് ഇതു യോജിക്കുന്നതല്ലെന്നു മാത്രമെ പറയുന്നുള്ളു. തമ്പിയവർകൾ ശൃംഗാരരസപ്രിയനായിരുന്നതുകൊണ്ടായിരിക്കാം മൂന്നാമതൊരു ശൃംഗാരരംഗംകൂടി കഥയിൽ ഘടിപ്പിച്ചിട്ടുള്ളതു്. ഇതു് ഉത്തരനും അന്തഃപുരസ്ത്രീകളും കൂടിയുള്ള സമ്മേളനമാണ്. ഇവിടേയും സല്ലാപം മുൻപറഞ്ഞ വിധത്തിലുള്ളതാകകൊണ്ടു വിശേഷിച്ചൊന്നും പറയേണ്ടതില്ല. ഇതു് ഉത്തരൻെറ ചപലതയേയും അഹംഭാവത്തെയും പ്രകടിപ്പിക്കുന്നതിനായി മാത്രം സൃഷ്ടിച്ച ഒരു രംഗമാണെന്നു തോന്നുന്നു. പാത്രങ്ങളെകുറിച്ചു ചിന്തിക്കുന്നതായാൽ ഇവിടെ തമ്പിയവർകൾ വേണ്ട ഔചിത്യം ഉപയോഗിച്ചിട്ടുണ്ടെന്നു തന്നെ പ പറയാം. ഓരോ പാത്രത്തിൻെറയും പ്രത്യേകസ്വഭാവത്തെ ഇദ്ദേഹം സ്പഷ്ടമായ ബാഹ്യരേഖയിൽ വരച്ചിട്ടുണ്ടു്. ദുര്യോധനൻെറ സ്വാഭാവികമായ കുടിലതയും, കർണ്ണൻെറ സഹജമായ അഹംഭാവവും ആത്മപ്രശംസയും, ഭീമസേനൻെറ സാഹസവും സഹോദരസ്നേഹവും, ധർമ്മപുത്രരുടെ ക്ഷമയും ശാന്തസ്വഭാവവും, അർജ്ജുനൻെറ ധീരതയും യുദ്ധവൈദഗ്ദ്ധ്യവും, വിരാടരാജാവിൻെറ അവിവേകവും, ഉത്തരൻെറ ഭീരുത്വവും മററും കഥയിൽ സംഭാഷണംവഴിക്കും ചേഷ്ടകൾവഴിക്കും കവി ചിത്രീകരിച്ചിട്ടുണ്ടു്. ഉത്തരനെ അല്പം വഷളാക്കിയിട്ടില്ലയൊ എന്നും സംശയം ഉണ്ടു്. യുദ്ധത്തിനായി ശത്രുക്കളെ അഭിമുഖീകരിച്ച സമയം

"പരിചിനൊടുപുരവരെഗമിക്കനാം" എന്നും

"നന്മയൊടെൻെറഅമ്മയെകാണ്മതിനപാരംമനമുഴറിടുന്നു" എന്നും മററും സ്തനന്ധയനായ ശിശുവിനെപ്പോല ഉത്തരനെക്കൊണ്ടു പറയിപ്പിച്ചിട്ടുള്ളതു കുറച്ചു കവിഞ്ഞുപോയി എന്നാണു തോന്നുന്നതു്. നേരെ മറിച്ചു് ഹനുമാൻെറ ആവിർഭാവവും വിജയൻെറ വിനീതഭാവവും, മാരുതിയുടെ—

"ലംകാധിപനാംരാക്ഷസവരനെ
ശങ്കവെടിഞ്ഞു വധിച്ചൊരുരഘുപതി
തൻകഴലോത്തുരണായഗമിക്കനീ"

എന്നുള്ള അനുഗ്രഹവചനവും ഏററവും സന്ദർഭോചിതമായിട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മററു രംഗങ്ങളേപ്പോലെ ഇതു് ഏററവും രമ്യവും കഥയിലെ ശുഭവുമായ ഒരു രംഗംതന്നെയാണ്. യുദ്ധരംഗങ്ങളെക്കുറിച്ചും മററും പ്രത്യേകം ഒന്നും വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇനിയൊരുരംഗം കങ്കനും(ധർമ്മജനും) വിരാടനും തമ്മിലുള്ള ചൂതുകളിയാണ്. ചൂതുകളിയുടെ ദോഷം അന്നും അനുഭവിച്ചുകൊണ്ടിരിക്കു

ന്ന യുധിഷ്ഠിരൻ, അല്പം മടിയോടുകൂടിയാണു കളിക്കാൻസമ്മതിച്ചതു്. ഇവിടെയും അതിന്റെ ദോഷാനുഭവം തീരെ ഉണ്ടായില്ലെന്നു പറവാൻ തരമില്ലാ. ആദ്യം രാജത്വത്തിനും ഇപ്പോൾ നെററിക്കും ക്ഷതംപററി. ഒടുവിലത്തെ രംഗം വിവാഹരംഗമാണു്. ഇതാണു് കഥാനാമം വഹിക്കുന്നതുകൊണ്ടു് പ്രധാനരംഗമായിരിക്കേണ്ടിയിരുന്നതു് .എന്നാൽ അപ്രതീക്ഷിതമായി കവി ഈ രംഗം വളരെ ചുരുക്കുകയാണു ചെയ്തിരിക്കുന്നതു്. കഥയിലെ നായിക എന്നു വിചാരിക്കാവുന്ന ഉത്തരയുടെ രൂപഗുണങ്ങളെ വർണ്ണിക്കുകയും ചെയ്തിട്ടില്ല. "ശുഭഗുണോത്തരാമുത്തരാം" എന്നുമാത്രംപറഞ്ഞു കഴിച്ചുകൂട്ടിയിരിക്കയാണു്. വീരനായ അഭിമന്യുവിനു് അത്രയും ഒരു വിശേഷണംപോലും നൽകീട്ടില്ല. ചുരുക്കത്തിൽ പറയുന്നതായാൽ ഉത്തരാസ്വയംവരത്തിൽ വിസ്തരിക്കേണ്ട ഭാഗം ചുരുക്കിക്കളഞ്ഞുവെന്നാണുവിചാരിക്കേണ്ടതു്. കവിയുടെ ഭാഷാരീതിയെപററി ആദ്യം അല്പം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതു സരസവും മധുരവും തന്നെയാണു്. കഥയിലെ ശ്ലോകങ്ങൾ എല്ലാംതന്നെ സംസ്കൃതത്തിലാണു്. അവയൊക്കയും ശബ്ദാലംകാരം അർത്ഥാലംകാരം മുതലായവകൊണ്ടു സരസങ്ങളും ഹൃദ്യങ്ങളുമാണെന്നുള്ളതിനു തർക്കമില്ല. "ഉന്മീലൽപത്രവല്ലീ" എന്നാരംഭിക്കുന്ന ശ്ലോകം ഇതിനുത്തമോദാഹരണമാണു്. ഇതിൽ ദുര്യോധനന്റെ ആരാമത്തെയും പത്നിയേയും സമാനവിശേഷണങ്ങൾകൊണ്ടു വർണ്ണിച്ചിരിക്കുകയാണു്. ഒരു മണിപ്രവാളശ്ലോകം ഇതിൽ എങ്ങിനേയൊ കടന്നുകൂടി. അതു് അതിന്റെ കൊഴുപ്പും ഒഴുക്കുംകൊണ്ടു വളരെ ഭംഗിയായിട്ടും ഉണ്ടു്.

"അക്ഷംകൊണ്ടൊന്നെറിഞ്ഞാൻ നൃപതികുപിതനായ്
തൽക്ഷണെ ധർമ്മസൂനും
കഷ്ടം സന്യാസിരക്തംവിഴകിലശുഭമെന്നാശു
ചൊല്ലിത്തദാനിം
നെററീന്നിററിററുവീഴും രുധിരമതു
ജവാലുത്തരീയത്തിലേററാൾ
കററക്കാർക്കൂന്തലാൾചൂടിനമകുടമഹാ
രത്നമാംയാജ്ഞസേനി".

പദ്യങ്ങൾമിക്കവയുംഭാഷയിൽതന്നെയാണു്. എന്നാൽ അവയിൽ ചിലതിൽ ആശയദൗർല്ലഭ്യം ഇല്ലെന്നു തീർത്തു പറവാൻ പാടില്ല. അർജ്ജുനനും ഹനുമാനും തമ്മിലുള്ള സംവാദവും— ഒടുവിൽ ധർമ്മപുത്രരും ശ്രീകൃഷ്ണനും തമ്മിലുള്ള സംഭാഷണവും ഇവയ്ക്കു ശ്രേഷ്ഠങ്ങളായ വ്യത്യസ്തങ്ങളാണു്.

ഇതിൽ നീതിവാക്യങ്ങൾ വളരെ കുറവാണു് എങ്കിലും ഇല്ലെന്നു പറവാൻപാടില്ല.

൧. "മദിച്ചുവെട്ടുവാൻവന്നമഹിഷത്തിനോടുസാമം
വദിച്ചാലതുകൊണ്ടെന്തുംഫലിച്ചീടുമോ."

൨. വിവശലോകമവനമാശ്രുചെയ്തിട്ടു
മവനുസുകൃതനിവഹമുണ്ടുവിരവൊട്."

൩. "ഉന്നതന്മാരാംജനങ്ങടെനല്ല
സന്നിധാനംകൊണ്ടുകേവലം
വന്നുകൂട്ടുംജയമെവന്നു
മെന്നുപാരിലതിസമ്മതം."

൪. "ക്ഷത്രിയവംശവരന്മാൎക്കിഹനിജ
മിത്രജനാവനമല്ലോധൎമ്മം."

൫. പഞ്ചാനനൻതൻെറസഞ്ചയമിതിലൊരു
വഞ്ചുകംവരികിലഞ്ചുമൊപറക."

൬. "മത്തവാരണേന്ദ്രകുംഭകൃത്തനംനിനയ്ക്കിലിന്നു
ശക്തനായഹരിവരനൊഴിഞ്ഞുകൂടുമൊ."

൭. "ശ്വാക്കളൊളിച്ചുകടന്നുഹവിസ്സിനെ
അക്കമെടിന്നുകവൎന്നതുപോലെ."

൮. ധരണീകുലജാതപൂരുഷനിഹബതഭീതി
പരിഹാസകാരണംപരമെന്നതറികനീ."

ഉത്തരാസ്വയംവരത്തിൽനിന്നും വല്ല സന്മാൎഗ്ഗപാഠവും ലഭിക്കുന്നുണ്ടോ എന്നു നോക്കാം. അതിൽനിന്നും ഒരു നല്ല പാഠം നമുക്കു ഗ്രഹിക്കാനുണ്ടു്. സത്തുക്കൾക്കു് എവിടേയും സഹായം ലഭിക്കുമെന്നും, ആദ്യം പരാജയം ഉണ്ടായാലും ഒടുവിൽ വിജയം സിദ്ധിക്കുമെന്നും ദുൎമ്മതികളുടെ കുസൃതികൾ അപജയത്തിൽ കലാശിക്കുമെന്നും, സത്യം നിശ്ചയമായും ജയിക്കുമെന്നും ഉള്ള പരമാൎത്ഥം ഈ കഥ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്. കവി ഇതു തുറന്നു പറയാതെ കഥാഘടനയുടെ രീതികൊണ്ടു മാത്രം നമുക്കുപദേശിക്കുന്നു. ആട്ടകഥകൾക്കു് രണ്ടു വശങ്ങൾ ഉണ്ടു്. ഒന്നു സാഹിത്യപരവും മററതു അഭിനയപരവുമായിട്ടുള്ളതാണു്. ഈ രണ്ടു് മുഖങ്ങളും പൂൎണ്ണമായി പ്രശോഭിക്കുന്ന കലകൾ ചുരുക്കമാണു്. നളചരിതം മാത്രം ഉണ്ടായിരിക്കാം. ഉത്തരാസ്വയംവരത്തിൽ വിദ്വാന്മാൎക്കു വായിച്ചുരസിക്കത്തക്ക സാഹിത്യവൈശിഷ്ട്യം ഉണ്ടെന്നുതന്നെ പറയാം. അഭിനയവിഷയത്തിൽ അത്രയും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ശൃംഗാരരംഗങ്ങൾ ഒഴിച്ചാൽ പ്രധാനമായി യുദ്ധരംഗങ്ങളായതുകൊണ്ടു് അവിടെ വിജ്ഞാനോ

ത്തേജകമായ അഭിനയത്തിനുമാറ്റും ഇല്ല. ഉൽകൃഷ്ടമായ കരുണരസോദ്ദീപനത്തിനു സന്ദർഭവും കഥയിൽ ഇല്ലെന്നുതന്നെ പറയാം, ഈ വിഷയത്തിൽ ഈ കഥകളിക്ക് അല്പം ന്യൂനതയുണ്ട്. എന്നാൽ ആ കാലത്തെ സാമാന്യസദസ്യൎക്ക് ഇത്രയൊന്നും ആവശ്യമില്ലാതിരുന്നിരിക്കാം. അവരിൽ ഭൂരിഭാഗവും ആട്ടക്കാരുടെ വേഷവിശേഷങ്ങളും ചാട്ടവും കുത്തുകാൽ മുറുക്കം യുദ്ധസംരംഭങ്ങളും ശൃംഗാരചേഷ്ടകളും മററും കണ്ടു രസിക്കുന്നവർ മാത്രമായിരുന്നിരിക്കാം. ശ്ലോകങ്ങളുടേയൊ പദങ്ങളുടേയൊ രസികത്വവും മററും ആസ്വദിച്ചു സന്തോഷിക്കുന്നവർ വളരെ ചുരുക്കമെ ഉണ്ടായിരുന്നുള്ളു.

ആട്ടകഥകൾക്കു മുൻപറഞ്ഞതു കൂടാതെ സംഗീതപരമായ ഒരു വശംകൂടിയുണ്ട്. അതുകൊണ്ടു സാഹിത്യരസികന്മാൎക്കു മാത്രമല്ല സംഗീതജ്ഞന്മാൎക്കും ഇവയിൽ രസിക്കാൻ വേണ്ട വകയുണ്ട്. ഉത്തരാസ്വയംവരത്തിലെ പദപദ്യങ്ങളും അവയിലെ രീതി എങ്ങിനെ ഇരുന്നാലും പാടിയും കേട്ടും രസിക്കുന്നതിന് ധാരാളം സംഗീതഗുണമുണ്ടെന്നു പറയാതെ കഴികയില്ല. "പ്രണയവാരിധെ" എന്നും "സുന്ദരശൃണുകാന്താ" എന്നും ആരംഭിക്കുന്ന ശൃംഗാരപദങ്ങൾ ഇവയ്ക്കു ദൃഷ്ടാന്തങ്ങളാണ്. ഇതെല്ലാംകൊണ്ടും "ഉത്തരാസ്വയംവരം" ഒരു നല്ല ആട്ടകഥയാണെന്നു പറയാതെ കഴികയില്ല. "കവിതയെക്കാൾ കവിക്കു മാഹാത്മ്യം കൂടും" എന്നൊരു മഹദ്വാക്യം ഉണ്ട്. ഭാഷ അപൂൎണ്ണമായ ഒരുപകരണമായതുകൊണ്ടു കവിഹൃദയം മുഴുവനും അതേരീതിയിൽ ഭാഷയിൽ പ്രകാശിപ്പിക്കാൻ സാധിക്കയില്ല. ഭാഷയിൽ ഉള്ളിടത്തോളം തന്നെ ശ്രോതാക്കൾക്കു ഗ്രഹിക്കാനും സാധിക്കയില്ല. അതുകൊണ്ടു കവിയുടെ യോഗ്യതയിൽ അല്ലെങ്കിൽ ചിന്താവൈശിഷ്ട്യത്തിൽ എത്രയോ കുറഞ്ഞ ഒരു ഭാഗം മാത്രമെ നാം ഗ്രഹിക്കുന്നുള്ളു. ഒരു കവിതയെപററി ശരിയായ ഒരു ഗുണദോഷനിരൂപണം ചെയ്യുന്നതു വളരെ ആലോചിച്ചു വേണ്ട ഒരു കാൎയ്യമാണ്. ഈ ലേഖനം അങ്ങിനെ ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നും കൂടി പറഞ്ഞുകൊള്ളുന്നു. ചില കാടാപിൽക്കചിന്തകൾ മാത്രമെ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളു. അവ അനവദ്യകളാണെന്നു പറയാൻ തുനിയുന്നില്ല. ഉത്തരാസ്വയംവരത്തിന്റെ അവസാനത്തിലെ ഗുണോത്തരമായ മംഗളശ്ലോകംകൊണ്ട് ഈ ലേഖനവും അവസാനിപ്പിക്കാം.

ശേഷേശയാനം വിഹഗേശയാനം
ധൂതാരിജാതം ശ്രുതപാരിജാതം
ശേഷാലയേശം കമലാലയേശം
ശ്രീപത്മനാഭം ഭജതാബ്ജനാഭം.

# പുസ്തകാഭിപ്രായം.

## പാഞ്ചാലീസ്വയംവരം ചമ്പൂപ്രബന്ധം.

പരിഭാഷകൻ; ചുനക്കര ഉണ്ണിക്കൃഷ്ണവാര്യർ

പ്രസാധകൻ; മാനേജർ, ലക്ഷ്മീസഹായം അച്ചുക്കൂടം, കോട്ടയ്ക്കൽ.

വില 8 അണ

ഇന്നത്തെ മലയാളികൾക്ക് സംസ്കൃതഭാഷാസാഹിത്യത്തോടു തോന്നിയിട്ടുള്ള അനാസ്ഥ എത്രതന്നെ അനഭിലഷണീയമായിരുന്നാലും ആ സാഹിത്യസമ്പർക്കംകൊണ്ടും ഭാഷാസാഹിത്യത്തിന്നുണ്ടായിട്ടുള്ള ഉൽക്കർഷത്തെ വിസ്മരിക്കാമെന്നു തോന്നുന്നില്ല. ആ സാഹിത്യത്തിലെ ഉത്തമഗ്രന്ഥങ്ങളുടെ ഭാഷാന്തരങ്ങൾ കൈരളീദേവിയുടെ അനർഘരത്നാഭരണങ്ങളായി ശോഭിക്കുന്നുണ്ട്. അവയിൽ ഒരു പ്രധാന ഭാഗം വഹിക്കുന്നതു് ചമ്പൂപ്രബന്ധങ്ങളാണ്.

പാഞ്ചാലീസ്വയംവരം പ്രബന്ധം മേപ്പത്തൂർ നാരായണഭട്ടതിരിയുടെ ഒരു പ്രസിദ്ധകൃതിയാണ്. അതു മലയാളഭാഷയിലേക്കു വിവർത്തനം ചെയ്തിട്ടുള്ള ശ്രീമാൻ ചുനക്കര ഉണ്ണിക്കൃഷ്ണവാര്യർ സംസ്കൃതസാഹിത്യത്തിൽ നല്ല വ്യുൽപത്തിയും ഭാഷാന്തരീകരണവിഷയത്തിൽ സാമാന്യം സാമർത്ഥ്യവും സിദ്ധിച്ചിട്ടുള്ള ഒരു സാഹിത്യകാരനാകുന്നു. മേപ്പത്തൂരിൻെറ മിക്ക പ്രബന്ധങ്ങളും അദ്ദേഹം ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇതു ഭാഷാന്തരവും നന്നായിട്ടുണ്ടെന്നാണു ഞങ്ങളുടെ അഭിപ്രായം. ആശയങ്ങൾക്കു കോട്ടംവരാതെ മനസ്സിലാകത്തക്ക ഭാഷയിൽ ചെയ്തിട്ടുള്ള ഭാഷാന്തരം കാണുക:—

മൂ. ഗാഢന്യൂഛിന്നമോദം സകലനൃപതയ-
സ്തത്രവൃദ്ധാ യുവാനോ
ബാലാ വാ കിംബഹൂക്ത്യാ ദ്രുപദപുരമന-
പ്രസ്ഥിതാ യേഹി സർവേ
നാനാഭേദേഷ്ടുദൃശ്യേഷ്വഥപുനരശനേ
ഹേമരത്നാദികേ വാ
കന്യായാ ദർശനേ വാ യദിതുകുതുകിന-
സ്താവദായാത യൂയം.

ഭാ. ധാരാളം തോഷമുൾക്കൊണ്ടര ചരഖിലരും
പിന്നെ യാബാലവൃദ്ധം

പാരാളും യൌവനക്കാർ ദ്രുപദപുരിയിലേ
ക്കേവരും യാത്രയായാർ;
പൂരിക്കും കാഴ്ചകൾക്കോ, വയർ നിറവതിനോ,
ഹേമരത്നാദികൾക്കോ,
സ്ത്രീരത്നം കാണ്മവാനോ കുതുകമിയലുകിൽ
പ്പോരുവിൻ നിങ്ങൾ വേഗം.

ശ്രീമാൻ ഉണ്ണിക്കൃഷ്ണവാര്യർ ഇനിയും പല പ്രബന്ധങ്ങളും നമ്മുടെ ഭാഷയിലേക്കു വിവർത്തനംചെയ്തുകാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## പുഷ്പമാല.

ഗ്രന്ഥകർത്താ:— കണ്ണമ്പുഴ കൃഷ്ണവാര്യർ.

ശുഭോദയം അച്ചുക്കൂടം, തിരുവനന്തപുരം.

വില 6 അണ

ശ്രീമാൻ കണ്ണമ്പുഴ കൃഷ്ണവാര്യർ പലപ്പോഴായി രചിച്ചിട്ടുള്ള വവ-ചെറിയ കവിതകൾ കൂട്ടിച്ചേർത്ത് അച്ചടിച്ചിട്ടുള്ളതാകുന്നു 'പുഷ്പമാല' എന്ന പുസ്തകം. ദ്രാവിഡവൃത്തങ്ങളിലും സംസ്കൃതവൃത്തങ്ങളിലും കവിതയെഴുതുവാൻ അദ്ദേഹത്തിനു വാസനയുണ്ടെന്ന് ഈ ചെറുകവിതകൾ സാക്ഷ്യംവഹിക്കുന്നുണ്ട്. കവിത മിക്കവാറും കാവ്യഗുണമുള്ളവയാണ്. പദഭംഗിയിൽ മി: വാര്യർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

മദീയാന്തരംഗാന്തരീക്ഷത്തിലേറെ
പ്രദീപിച്ചിടും പുഞ്ചിരിപ്പൂനിലാവേ,
സുദീർഘാനുഭൂതിപ്രഭൂതിപ്രഭാവാ-
ലദീനത്വമേകിക്കളിപ്പിക്കയെന്നെ.

ഇവിടത്തെ പദപ്രയോഗം നോക്കുക.

തന്റെ വാത്സല്യഭാജനമായ ശിശുവിന്റെ മരണത്തിൽ മാതാവിനുള്ള ദുഃഖത്തെ കവി ഇങ്ങിനെ വർണ്ണിക്കുന്നു:—

സാരമായ് കിട്ടിയോരീമണിമാല്യം
മാറിൽച്ചേർത്തുസമാശ്വസിച്ചീടാനും
പൊന്നുകൊണ്ടുശരിക്കുപൊതിയാനും
മന്നിലേയ്ക്കേകഭൂഷണമാക്കാനും
മററുമെത്രയോചിന്തകളാലിവൾ
മുററുമാനന്ദമാർന്നിരുന്നുമുന്നെ;
ഒക്കെയുമൊരുശപാതത്താൽ പാറിപ്പോയ്,

ശുഷ്കമായമരുഭൂമിയായ് മാനസം;
പോർമുലചുരക്കാംപൊഴിസ്സങ്കടം
പ്രേമവിഹ്വലരെല്ലാംസഹിക്കുമോ.?

ഇതു് ഒരു മാതാവിൻെറ ഹൃദയത്തിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന വിചാരങ്ങളാണല്ലോ. വാസനക്കാരനും പരിശ്രമശാലിയുമായ ഈ യുവകവിക്ക് ഞങ്ങൾ മംഗളമാശംസിക്കുന്നു.

# കുറിപ്പുകൾ

സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. ടി.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഏറെക്കാലം ജോലിചെയ്തു ഇപ്പോൾ പെൻഷൻ പററി വിശ്രമിക്കുന്ന സി. ആർ. കൃഷ്ണപിള്ള അവർകളുടെ ഒരു ഛായ ഞങ്ങൾ അദ്യം ചേർത്തിരിക്കുന്നു.

ഇദ്ദേഹം നെയ്യാററുംകര താലൂക്കിലുള്ള ഒരു പുരാതന കുടുംബത്തിൽ ഥർന്ന-ൽ ജനിച്ചു. സാമാന്യവിദ്യാഭ്യാസത്തിനു ശേഷം, തിരുവനന്തപുരം രാജകീയ ഹൈസ്കൂളിലും കാളേജിലുമാണു വിദ്യാഭ്യാസം ചെയ്തതു്.

ഇദ്ദേഹം ആദ്യമായി ഉദ്യോഗത്തിൽ പ്രവേശിച്ചതു തിരുവനന്തപുരത്തു തെക്കെത്തെരുവു ഗറൽസു ഹൈസ്കൂളിലാണ്. പിന്നീട് ഇദ്ദേഹംതിരുവട്ടാർ ഇംഗ്ലീഷു മിഡിൽസ്കൂൾ ഹെഡ് മാസ്റ്ററായിട്ടും, കൊല്ലം ഹൈസ്കൂൾ അസിസ്റ്റൻറായിട്ടും, തിരുവനന്തപുരം രാജകീയഹൈസ്കൂൾ അസിസ്റ്റൻറായിട്ടും, ഗറൽസുകാളേജിനോടു ചേർന്നു സ്ഥാപിച്ച ട്രെയിനിങ്ങുസ്കൂളിലെ പ്രധാനാദ്ധ്യാപകനായിട്ടും, ചെങ്ങന്നൂർ അസി: ഇൻസ്പെക്ടരായിട്ടും, വൈക്കം ഹൈസ്കൂൾ ഒന്നാം ഗ്രേഡ് അസിസ്റ്റൻറായിട്ടും, ചേർത്തല ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിട്ടും, കോട്ടാർ ഇംഗ്ലീഷുഹൈസ്കൂൾ ഹെഡ് മാസ്റ്ററായിട്ടും മററും ജോലി നോക്കിയിട്ടുണ്ടു്. ഒടുവിൽ ചെങ്ങന്നൂർ ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരിക്കുമ്പോഴാണ് പെൻഷൻ പററി പിരിഞ്ഞതു്. ഈ സ്കൂളിൽ ഇദ്ദേഹത്തിൻെറ ഓർമ്മക്കായി, പൊതുജനങ്ങളുടേയും, സ്കൂൾഭാരവാഹികളുടേയും വകയായി ഇദ്ദേഹത്തിൻെറ രണ്ടു പടങ്ങൾ വച്ചിട്ടുണ്ടു്.

ഇദ്ദേഹം ചില നല്ല പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. പ്രാഥമിക ക്ലാസുകളിൽ ഭൂമിശാസ്ത്രം ഇല്ലാത്ത ന്യൂനതയെ പരിഹരിപ്പാനായി സി. കൃഷ്ണപിള്ള അവർകളുടെ ഉപദേശപ്രകാരം തിരുവിതാംകൂർ ഭൂമിശാസ്ത്രം പല ഭാഗങ്ങളായി എഴുതിയിട്ടുള്ളതു പലരും കണ്ടിരിക്കും. ഇന്നു വേറെയും പല ഭൂമിശാസ്ത്രങ്ങൾ ഉണ്ടെങ്കിലും ഈ ക്ലാസുകളിലെ ഉപയോഗത്തിനായി ഇതിലും നല്ല പുസ്തകങ്ങൾ ഞങ്ങൾ കണ്ടിട്ടില്ല. ഇദ്ദേഹം ഒരു നല്ല തിരുവിതാംകൂറ് അററ്ലസും നിർമ്മിച്ചിരിക്കുന്നതായും, അതിൽ താലൂക്ക പടങ്ങളും സംസ്ഥാനപടങ്ങളും മററും വിശദമായി കാണിച്ചിട്ടുള്ളതായും അറിയുന്നു. മലയാളത്തിൽ ആദ്യമായി ഒരു മനശ്ശാസ്ത്രപുസ്തകം നിർമ്മിച്ചതു ഇദ്ദേഹമാണ്. അധ്യാപനരീതികൾക്ക് ആസ്പദമായിരിക്കുന്ന പ്രധാനതത്വങ്ങളെ ലളിതമായി വിശദീകരിക്കുന്ന ഈ 'മാനസശാസ്ത്രം' തന്നെയാണ് ഇന്നുവരെ മലയാളത്തിൽ ഉണ്ടായിട്ടുള്ള മനശ്ശാസ്ത്രങ്ങളിൽ വച്ചു മെച്ചമേറിയത്. ഇതുകൂടാതെ മുൻപെതന്നെ ഒരു 'കളഞ്ഞുകിട്ടിയ തങ്കവും' ഈയിടെ ഒരു ഭൂലോകഭൂമിശാസ്ത്രവും കൂടി ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഇദ്ദേഹം അധ്യാപകനായിരുന്നപ്പോഴും, ഇപ്പോഴത്തെ വിശ്രമവേളയിലും ഈ നാട്ടിൻെറ നന്മയെ ഉദ്ദേശിച്ചു പലതും പ്രവർത്തിച്ചിട്ടുണ്ട്. ഹന്നു-കന്നിമാസത്തിലായിരുന്നു ഇദ്ദേഹത്തിൻെറ ഷഷ്ട്യബ്ദപൂർത്തി. ആ അവസരത്തിൽ ഇദ്ദേഹത്തിൻെറ ശിഷ്യന്മാരായും, സ്നേഹിതന്മാരായും, ബന്ധുക്കളായും ഉള്ള ഒട്ടനേകം മാന്യന്മാർ അദ്ദേഹത്തിന് മംഗളം ആശംസിക്ക ഉണ്ടായി. വിദ്യാഭ്യാസസംബന്ധമായി ഇദ്ദേഹം പല പരിഷ്കാരങ്ങളും നിർദ്ദേശിച്ച് ഈയിടെ എഴുതിയിട്ടുള്ളത് വായനക്കാർ ഓർക്കുന്നുണ്ടല്ലോ. വിദ്യാഭ്യാസപ്രവർത്തകനായിരുന്ന ഇദ്ദേഹം എഴുതുന്ന വിദ്യാഭ്യാസപരമായ ലേഖനങ്ങൾക്ക് ഒരു പ്രത്യേക രസികത്വം കാണുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസപരിഷ്കാരം നിർദ്ദേശിക്കുന്നതിന് ഇദ്ദേഹത്തിൻെറ അഭിപ്രായം വിലയേറിയവയാണെന്നുള്ളതു് തർക്കമില്ല. ചില അടുത്തൂൺ ഉദ്യോഗസ്ഥന്മാരെപ്പോലെ തനിക്കുള്ള പരിചയവും അറിവും യാതൊരുതരത്തിലും പുറത്താകാതെയും മൃതപ്രായമായും ജീവിക്കാതെ, നാട്ടിൽ ക്ഷേമം വരത്തക്കവണ്ണം പരിശ്രമം ചെയ്യുന്ന ഇദ്ദേഹം ദീർഘായുഷ്മാനായി ഭവിക്കട്ടെ.

## കൊച്ചി അധ്യാപകയോഗം.

കൊച്ചി അധ്യാപകയോഗത്തിൻെറ ഇക്കൊല്ലത്തെ വാർഷികസമ്മേളനം എറണാകുളം കാളേജു കെട്ടിടത്തിൽവച്ച് ഈയിടെ ഭംഗിയായി കഴിഞ്ഞുകൂടി. ഈ യോഗത്തിൽ അധ്യാപകന്മാരുടെ ആവശ്യങ്ങളെയും അ

വകാശങ്ങളേയും അവസ്ഥകളേയും കുറിച്ച് പല വാദപ്രതിവാദങ്ങളും നടന്നിട്ടുണ്ട്. അധ്യാപകന്മാർക്കു പൊതുവെ ഉപയോഗപ്രദമായ ഒട്ടനേകം പ്രമേയങ്ങൾ അവിടെ പാസാക്കുകയും ചെയ്തു.

അവയിൽ ഒന്നുരണ്ടു പ്രമേയങ്ങൾ വളരെ ശ്രദ്ധാർഹമാണ്. പ്രസിദ്ധ പ്രസാധകനായ മി. തോമസ് പാളിന്റെ പുസ്തകങ്ങൾ അബദ്ധസങ്കലിതങ്ങളാകയാൽ അടുത്തകൊല്ലംമുതൽ വിദ്യാലയങ്ങളിൽ സ്വീകരിക്കുവാൻ പാടില്ല എന്നാണ് ഒരു പ്രമേയത്തിലെ സാരം. ഇങ്ങിനെ ഒരു പ്രമേയം വരുന്നുണ്ടെന്ന് അറിഞ്ഞ മി. പാൾ യോഗഭാരവാഹികൾക്ക് ഒരു കത്തയച്ചു. അത് ഏതാണ്ടു ഇപ്രകാരമാണ്.

“ഞങ്ങളുടെ പുസ്തകങ്ങൾ മികച്ച സാഹിത്യകാരന്മാർ തയ്യാറാക്കിയതാണ്. കുട്ടികൾക്കു പ്രത്യേകം യോജ്യങ്ങളുമാണ്. കൊച്ചിമഹാരാജാവു തിരുമനസ്സിലെ ഗവർമ്മെന്റ് അവയെ മൂവ്വാണ്ടേക്ക് ഈ രാജ്യത്തിൽ പാഠ്യമാക്കുവാൻ കല്പിച്ചിട്ടുണ്ട്. ബ്രിട്ടിഷു മലബാറിലെ താലൂക്കുബോർഡുകളും ഡിസ്ട്രിക്ടുബോർഡും അവ ധാരാളം ഉപയോഗിച്ചുവരുന്നുണ്ട്. അതുകൊണ്ടു അധ്യാപകസംഘം ആ പുസ്തകങ്ങളെ ആക്ഷേപിച്ചുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുന്നപക്ഷം അതു മററാരുടേയോ ആവശ്യത്തിനായി അവർ ചെയ്തതായെ കരുതപ്പെടുകയുള്ളു. അത്തരത്തിലുള്ള റസല്യൂഷനം യോഗത്തിൽ പാസാക്കപ്പെടുന്നപക്ഷം ഞങ്ങൾക്കു വലുതായ നഷ്ടം നേരിടുവാനിടയുള്ളതും ആ നഷ്ടത്തിനു മുഴുവനും അധ്യാപകന്മാർ ചുമതലക്കാരായിരിക്കുന്നതുമാണ്. ആകയാൽ ഈ എഴുത്തു യോഗത്തിൽ വായിക്കേണ്ടതാകുന്നു. വിദ്യാർത്ഥികളുടെ ബാലഹൃദയങ്ങളിൽ രാജഭക്തി കുത്തിവയ്ക്കുന്നവയാണ് ഞങ്ങളുടെ പുസ്തകങ്ങൾ. ഇന്ത്യാചക്രവർത്തി, വൈസറായി, കൊച്ചി മഹാരാജാവു തിരുമനസ്സ് എന്നിവരെപ്പററിയെല്ലാം അതിൽ പാഠങ്ങൾ എഴുതി ചേർത്തിട്ടുണ്ട്. ആ യോഗ്യത കൊണ്ടു മാത്രമാണ് ആ പുസ്തകങ്ങൾ പാഠങ്ങളാക്കപ്പെട്ടിട്ടുള്ളതും. അതുകൊണ്ട് അവയെ കുറിച്ചു പാസാക്കപ്പെടുന്ന പ്രമേയം ഗവമ്മെന്റിന്റെ കല്പനയെ നേരിൽതടന്ന നിരാകരിക്കുന്നതായിത്തീരും.

ആകയാൽ ഈ എഴുത്ത് അധ്യാപകയോഗത്തിൽ വായിച്ചേക്കുക. എന്നിട്ടും ആ പ്രമേയം പാസാക്കുന്നതിൽ അധ്യാപകന്മാർ നിർബന്ധം ഭാവിക്കുന്നപക്ഷം ആ വക അധ്യാപകന്മാരുടെ ഒരു പട്ടിക ഞങ്ങൾക്കയച്ചുതരുമാറാകണം.”

ഈ എഴുത്തു വായിച്ചു കേട്ടപ്പോൾ അധ്യാപകന്മാർക്കു കുറെ കോപവും താപവും ഉണ്ടായി എന്നാണറിയുന്നത്. പാഠ്യപുസ്തകനിർണ്ണയത്തിൽ വന്നുകൂടുന്ന വൈകല്യങ്ങൾ ഏറെക്കുറെ എല്ലാവർക്കും അറിയാവുന്നവയാണ്. അതുകൊണ്ടു ‘മികച്ച സാഹിത്യകാരന്മാർ’ തയ്യാറാക്കിയാലും അല്ലെങ്കിലും, ‘കുട്ടികൾക്കു പ്രത്യേകം യോജ്യങ്ങ’ളായാലും അല്ലെങ്കിലും, പാഠ്യപുസ്തകസാഹിത്യത്തിന് ഉണ്ടായിരിക്കേണ്ട യോഗ്യത ഏറെക്കുറെ എല്ലാവർക്കുമറിയാം. തിരുവിതാംകൂറുകാരൊ, മലബാർകാരൊ പാഠ്യപുസ്തകമാക്കിയിട്ടുണ്ടെങ്കിൽ കൊച്ചിക്കാരും അങ്ങനെ ചെയ്യണമെന്നു പറയുന്നതു് സാഹസം തന്നെ. കൊച്ചിയിലെ അധ്യാപകസമൂഹം ‘മററാരുടെയോ ആവശ്യത്തിനായി’ പ്രമേയം അവതരിപ്പിക്കുന്നതായി പറയുന്നതു് കുറെക്കൂടി സാഹസമാണ്. അത് അവരെ അപമാനിക്കക്കൂടിയാണ്. ‘അത്തരത്തിലുള്ള വല്ല റസല്യൂഷനും പാസാക്കപ്പെടുന്നപക്ഷം ഞങ്ങൾക്ക് വ

ലിയ നഷ്ടം നേരിടുവാനിടയുള്ളതും ആ നഷ്ടത്തിന് മുഴുവനും അദ്ധ്യാപകന്മാർ ചുമതലക്കാരായിരിക്കുന്നതുമാണ്. പാഠ്യപുസ്തകനിർണ്ണയക്കമ്മററിക്കാരുടെ ഉദാസീനത കൊണ്ടോ, പുസ്തകവ്യാപാരികളുടെ സ്വാധീനശക്തികൊണ്ടോ വല്ല 'അബദ്ധപഞ്ചാംഗങ്ങളും' പാഠ്യപുസ്തകമായി തീന്നാൽ അതു് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരും അതനുസരിച്ചുകൊള്ളണമെന്നുണ്ടോ.? തെററു കണ്ടെത്താൻ സൗകര്യം അതു പ്രയോഗിക്കുന്നവക്കാണല്ലോ. എന്നല്ല, ഏതു സാഹിത്യകാരന്റെയും പുസ്തകങ്ങളെക്കുറിച്ചു് നിരൂപണം ചെയ്യാനുള്ള യോഗ്യത അദ്ധ്യാപകന്മാക്കുണ്ടായിരിക്കേണ്ടതാണ്. 'വിദ്യാർത്ഥികളുടെ ബാലഹൃദയങ്ങളിൽ രാജഭക്തി കുത്തിവയ്ക്കുന്നവയാണു് ഞങ്ങളുടെ പുസ്തകങ്ങൾ' എന്നുള്ളതുകൊണ്ടു മാത്രം ഒരു പുസ്തകം യോഗ്യമാവണമെന്നില്ല. അതു പാഠ്യപുസ്തകമാക്കിതീക്കുവാനുള്ള ഒരു 'വിദ്യ'യല്ലെയെന്നും സംശയിക്കാവുന്നതാണ്. അതുകൊണ്ടു് അവയെക്കുറിച്ചു പാസാക്കപ്പെടുന്ന പ്രമേയം ഗവമ്മെൻറിന്റെ കല്പനയെ 'നേരിൽതന്നെ നിരാകരിക്കുന്നതായിതീരും' എന്നു കാണുന്നു. നൈയ്യായികമായിട്ടുള്ള ഞങ്ങളുടെ പാണ്ഡിത്യക്കുറവുകൊണ്ടു് ഇവിടെ വന്നുകൂടിയിരിക്കുന്ന നിയമലംഘനം എന്താണെന്നു അറിയുന്നില്ല. പുസ്തകത്തിൽ എന്തു 'ഹിമാലയൻ അബദ്ധം' ഉണ്ടായിരുന്നാലും ഒരു ചക്രവത്തിയുടേയൊ, രാജാവിന്റെയൊ കഥ പറഞ്ഞിരുന്നാൽ മതിയൊ.? 'എന്നിട്ടും ആ പ്രമേയം പാസ്സാക്കുന്നതിൽ അദ്ധ്യാപകന്മാർ നിർബന്ധം ഭാവിക്കുന്ന പക്ഷം ആ വക അദ്ധ്യാപകന്മാരുടെ ഒരു പട്ടിക ഞങ്ങൾക്കയച്ചുതരുമാറാകണം'. ഈ പട്ടികയുടെ ആവശ്യം ഒരു ഭീഷണിപ്രയോഗത്തിനാണ്. ഈ ഭാഗം ഞങ്ങളെ ഒന്നു ചിരിപ്പിക്കയാണു ചെയ്തതു്.

ബുദ്ധിമാനായ മി: പാൾ ഇപ്രകാരം ഒരെഴുത്തയക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. പുസ്തകങ്ങൾ പഠിപ്പിക്കുന്നവരെക്കാൾ അതു നിരൂപണംചെയ്യാൻ അർഹതയുള്ളവർ മററാരുമില്ല. അബദ്ധസമ്പൂർണ്ണമായതൊ, മനശ്ശാസ്ത്രപ്രകാരം യോജിക്കാത്തതൊ ആയ ഒരു പുസ്തകം കമ്മിററി നിശ്ചയിച്ചാൽ തന്നെയും അദ്ധ്യാപകന്മാർ കുട്ടികളെക്കൊണ്ടു വാങ്ങിപ്പിക്കാതിരുന്നാൽ ഈ വ്യാപാരി എന്തുചെയ്യുമെന്നു് ഞങ്ങൾ അറിയുന്നില്ല.

വേറൊരു രസകരമായ പ്രമേയം 'മത്തായിമാസ്റ്ററുടെ' മംഗളപത്രസമർപ്പണത്തെക്കുറിച്ചായിരുന്നു. ഡയറക്ടർ മിസ്റ്റർ മത്തായി ഈയിടെയാണല്ലോ പെൻഷൻ പററിയതു്. ഏറെനാൾ കൊച്ചിയിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ വേലചെയ്ത ഇദ്ദേഹത്തിന് ഒരു മംഗളപത്രം കൊടുക്കണമെന്നു ചിലരും, അദ്ദേഹം അദ്ധ്യാപകന്മാക്കു് യാതൊരു ഗുണവും ചെയ്തിട്ടില്ലാത്തതിനാൽ അതു് കൊടുക്കേണ്ടതില്ലെന്നു് മററു ചിലരും തമ്മിൽ ഒരു വാദം നടന്നുവത്രെ. വാദം ഇങ്ങിനെ മൂത്തപ്പോൾ പ്രസിദ്ധ

ണ്ടു മിസ്റ്റർ അച്യുതമേനോൻ ശാന്തപ്പെടുത്തിയതായും മംഗളപത്രം കൊടു ക്കാൻ തന്നെ തീർച്ചപ്പെടുത്തിയതായും അറിയുന്നു. മംഗളപത്രം കൊടു ക്കാമെന്നുവച്ചാൽതന്നെ ഇത്രയും അഭിപ്രായവ്യത്യാസമുള്ള സ്ഥിതിക്ക് മി സ്റ്റർ മത്തായി സ്വീകരിക്കുമോ എന്തോ.?

## വണ്ണാക്കലർ സ്കൂളിലെ ആക്ടിംഗുകാർ

വണ്ണാക്കലർ ബായിസ്കൂളിൽ ഇപ്പോൾ രണ്ടുതരം ആക്ടിംഗ്അധ്യാപകന്മാരുണ്ട്. ഒരു കൂട്ടക്ക് മധ്യവേനൽ ഒഴിവുകാലത്ത് ശമ്പളം ലഭിക്കുന്നു. മറെറാരുകൂട്ടർ മധ്യവേനൽ ഒഴിവുകാലത്ത് ശമ്പളംകിട്ടാതെ പട്ടിണികിടക്കുന്നു. ഇരുകൂട്ടരും സ്കൂൾദിവസങ്ങളിൽ ഒരുപോലെ വേലചെയ്യുന്നവരുമാണ്. വെക്കേഷനു ശമ്പളംകിട്ടുന്ന ആക്ടിംഗുകാർക്ക്, വെക്കേഷനു ശമ്പളം കിട്ടാത്ത ആക്ടിംഗുകാരേക്കാൾ പരീക്ഷായോഗ്യതയൊ, സർവീസൊ യാതൊന്നും കൂടുതലില്ല. എന്നാൽ വെക്കേഷൻ ശമ്പളം കിട്ടാത്ത പലരും, വെക്കേഷൻ ശമ്പളം വങ്ങുന്നവരേക്കാൾ കൂടുതൽ സർവീസുള്ളവരുമാണ്.

ഇതിനെപററി പല പരാതികൾ ഉണ്ടായിട്ടും ഇപ്പോഴും ഈ സംഗതി തുലാമാലയായി കിടക്കുന്നതേയുള്ളു. എന്നാൽ ഒരാണ്ടിൽ കുറെ ആക്ടിംഗുകാർക്ക് മദ്ധ്യവേനൽ ഒഴിവിന് ശമ്പളം കൊടുത്തു. പിന്നീട് ആ ഏർപ്പാട് നിറുത്തി. പിന്നീടുവന്ന ഒരു ഭരണാധികാരി തുടങ്ങിയ നയമാണ് ഈ പിരിച്ചുവിടൽ. അദ്ദേഹത്തിന് അന്നു വല്ല പ്രത്യേകഉദ്ദേശവും ഉണ്ടായിരുന്നിരിക്കാം. അതെങ്ങനെയിരുന്നാലും മധ്യവേനൽ ഒഴിവുകാലത്തു ചിലരെ പിരിച്ചുവിടുന്നതു്—സർവീസു കൂടിയവരെ പിരിക്കയും സർവീസു കുറഞ്ഞരെ ചിലരെ വച്ചുകൊണ്ടിരിക്കയും ചെയ്യുന്നതു്—തീരെ ന്യായീകരിക്കാവുന്നതല്ല.

ഇങ്ങനെ ദുരവസ്ഥ വന്നുകൂടിയിരിക്കുന്ന സാധുക്കൾ എഴുന്നൂറോളമുണ്ടെന്നാണ് അറിയുന്നതു്. ഒരൊററദിവസത്തെ മുൻസർവീസുപോലും ഇല്ലാതെ ൧൦൧-നു ശേഷം സർവീസിൽ പ്രവേശിച്ചവർ മധ്യവേനൽ ഒഴിവുകാലത്തു ശമ്പളം വാങ്ങുന്നതും, ൧൦൧-നു മുമ്പു സർവീസിൽ പ്രവേശിച്ചു് വളരെകാലത്തെ ആക്ടിംഗുസർവീസു സമ്പാദിച്ചവർ ആണ്ടുതോറും മധ്യവെനൽ ഒഴിവിനു മുമ്പു് വിട്ടുപോകുന്നതും ആയ ദയനീയസ്ഥിതി വ൧-ാം ഡിസ്ട്രിക്റ്റിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഇപ്പോൾ ൧൦൦ ചിങ്ങത്തിനും ൧൦൨ ഇടവത്തിനും മദ്ധ്യേ ആക്ടിംഗായി ജോലിചെയ്തിട്ടുള്ള അധ്യാപകന്മാരുടെ സർവീസുചരിത്രം അധികൃതസ്ഥാനത്തുനിന്നും ആവശ്യപ്പെട്ടിട്ടുള്ളതായി അറിയുന്നു. ൧൦൦-നും ൧൦൨-

നം ഇടക്കു മാത്രം സർവീസു ലഭിക്കാൻ ഭാഗ്യം ലഭിച്ചവരെ സംബന്ധിച്ച് എന്തോ ചില പ്രത്യേക അവകാശങ്ങൾ നൾകാൻ അധികാരികൾ ഉദ്ദേശിക്കുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ അതും കഷ്ടമാണ്. സർവീസിലിരിക്കുന്നവരായ സകല ആക്ടിംഗുകാരുടേയും സർവീസുലിസ്റ്റ് പരിശോധിച്ച് മേലാൽ പരാതി ഉണ്ടാകാത്തവണ്ണം യോഗ്യതയും സർവീസും അനുസരിച്ച് ഒരു നിയമനമാണ് ഉണ്ടാകേണ്ടത്. അതിന് ഊർജ്ജസ്വലനാണെന്നു കേട്ടിട്ടുള്ള ചീഫ് ഇൻസ്പെക്ടരും പുതിയ ഡയറക്ടരും ശ്രദ്ധിക്കേണ്ടതാണ്.

---

സർ, സി. വി. രാമൻ കെ. ടി; എം. എ; ഡി. എസ്സ്. സി; എഫ്. ആർ. എസ്സ്.

---

സുപ്രസിദ്ധശാസ്ത്രജ്ഞനും കൽക്കത്താസർവകലാശാലാപ്രാസംഗികനുമായ സർ ചന്ദ്രശേഖരവെങ്കിട്ടരാമന് ഫിസിക്സിൽ ഇത്തവണത്തെ നോബൽസമ്മാനം ലഭിച്ചതിൽ ഞങ്ങൾ അദ്ദേഹത്തെ ഹൃദയാംഗമമായി അനുമോദിച്ചുകൊള്ളുന്നു. ഇൻഡ്യയിലെ ഒരു ശാസ്ത്രജ്ഞന് ഈ ബഹുമാനം സിദ്ധിച്ചതിൽ രാജ്യവാസികൾക്ക് ഒട്ടാകെ സന്തോഷമുണ്ടാകുമെന്നുള്ളതിന് സംശയമില്ല.

സർ സി. വി. രാമൻ ൧൮൮൮ നവമ്പർ ൭-ാംനു- ദക്ഷിണേന്ത്യയിൽ ചരിത്രപ്രാധാന്യമുള്ള തൃശ്ശിനാപ്പള്ളിയിൽ ജനിച്ചു. ബാല്യകാലം മുതല്ക്കുതന്നെ അസാമാന്യബുദ്ധിസാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നു. മദ്രാസ് സർവ്വകലാശാലയിൽനിന്നും എം. എ. പരീക്ഷ ജയിച്ചതിനുശേഷം അദ്ദേഹം ബ്രിട്ടീഷുഗവമ്മെൻറിൻെറ ധനകാര്യവകുപ്പിൽ ഒരുദ്യോഗം സ്വീകരിച്ചു. കുറെക്കൊല്ലത്തിനുശേഷം, എത്രയും ആദായകരവും മേലിൽ ഔന്നത്യത്തിനു വകയുണ്ടായിരുന്നതുമായ ഈ ഉദ്യോഗം ഉപേക്ഷിച്ച് കല്ക്കത്ത സർവ്വകലാശാലയിലെ "ഫിസിക്സ് പ്രൊഫസർ"സ്ഥാനം സ്വീകരിച്ചു. ഫിസിക്സ് സംബന്ധമായി ഇദ്ദേഹം പല ലേഖനങ്ങളും എഴുതി ഇൻഡ്യയിലേയും യൂറോപ്പിലേയും മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ കീഴിൽ ഇപ്പോൾ കൽക്കത്ത സർവകലാശാലാബിരുദധാരികളായ ഒരു ശിഷ്യസമൂഹം പര്യവേക്ഷണജോലി ചെയ്യുന്നുണ്ട്. "രാമൻ ഇഫെക്റ്റ്" എന്ന പേരിൽ അറിയപ്പെടുന്ന കണ്ടുപിടുത്തം ശാസ്ത്രീയലോകത്തെ വിസ്മയിപ്പിച്ചിരിക്കുന്നു. "എക്സ്റെ' സംബന്ധമായും പല പരിശോധനകൾ നടത്തി ഇദ്ദേഹം പലതും നൂതനമായി കണ്ടുപിടിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ 'റായൽസൊസൈററി'യിലെ ഒരു 'ഫെല്ലൊ' ആയി സ്വീകരിച്ചിരിക്കുന്നു. ആ സമാജത്തിൻെറ ഒരു മെഡലും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ഭാരതീയരിൽ മഹാകവി ടാഗ്ഗുറിനു മാത്രം സാഹിത്യത്തിന് 'നോബൽസമ്മാനം' ലഭിച്ചിട്ടുണ്ടല്ലോ. എന്നാലും ഏഷ്യാഖണ്ഡത്തിൽ മററാൎക്കും തന്നെ ഈ വിഷയത്തിനുള്ള നോബൽസമ്മാനം കിട്ടിയിട്ടില്ല. സർ, സി. വി. രാമൻ ദീൎഘായുഷ്മാനായിരിക്കട്ടെ എന്ന് ഞങ്ങൾ പ്രാൎത്ഥിക്കുന്നു.


## സ്വരാജ്യഗ്രന്ഥാവലി.

വിവിധരാജ്യങ്ങളിലെ പരിഷ്കാരങ്ങൾ, ഏററവും നവീനമായ ആദൎശങ്ങൾ, മഹാപുരുഷന്മാരുടെ ജീവചരിത്രനിരൂപണങ്ങൾ മുതലായ വിഷയങ്ങളെപ്പററി കേരളത്തിലെ ചിന്തകന്മാരുടെ പുസ്തകങ്ങൾ വായിക്കണമെന്നുള്ളവർ ഉടൻ എഴുതുക.

ഏകാന്തതയിൽ.

ഗ്രന്ഥകാരൻ, ജീവിതത്തിനു കൊടുക്കുന്ന പുതിയ വ്യാഖ്യാനങ്ങൾ യുവജനങ്ങൾ ആവശ്യം വായിച്ചിരിക്കേണ്ടതാണ്. ദുഃഖദൎശകന്മാരായി ജീവിതഭാരം വഹിക്കുന്ന യുവാക്കന്മാൎക്ക്, ഗ്രന്ഥകാരൻ ജീവിതത്തിന്റെ സൗന്ദൎയ്യത്തേയും കവിതയേയും കാണിച്ചുകൊടുക്കുന്നു.

അഗ്നിയും സ്ഫുലിംഗവും

(ലെനിനും ഡാട്സ്കിയും)

സുപ്രസിദ്ധമായ റഷ്യൻവിപ്ലവത്തിന്റെ ജനയിതാക്കളായ ലെനിന്റെയും ഡാട്സ്കിയുടേയും ജീവിതനിരൂപണം. റഷ്യൻവിപ്ലവത്തിന്റെ ഒരു സാമാന്യരൂപവും ഇതിൽ അടങ്ങിയിരിക്കുന്നു.

പി. കേശവദേവ്

"സ്വരജ്യഗ്രന്ഥാവലി" പറവൂർ.

## വീരമാൎത്താണ്ഡൻ

(ഒരു നവ്യ ചരിത്രാഖ്യായിക)

തിരുവിതാംകൂർ ചരിത്രസംബന്ധമായ ഒരു നല്ല ആഖ്യായിക. "ഇരുട്ടറയിലെ വധം" പോലെ തിരുവിതാംകൂർ ചരിത്രത്തിലെ പല സംഭവങ്ങളും ഇതിൽ മാററി മറിച്ചിരിക്കുന്നു. ആകൎഷണീയമായ ഈ നോവലിന് വില രൂപ ൧. അണ ൮.

മാനേജർ,

'ഈശ്വരവിലാസം' പുസ്തകശാല, പറവൂർ.